/samakalikajanapadham/ /prd.kerala.gov.in/publications
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് | കേരള സർക്കാർ
₹12

# സമകാലിക ജനപഥം

2026 ഏപ്രിൽ പുസ്തകം 12 ലക്കം 9



## കലയും കാലവും

കേരളീയ കലാരൂപങ്ങളിലെ സ്ത്രീസാന്നിധ്യം

ആദരവ്

വിലക്കുകൾ തകർത്തവരോട്

മല്ലികാ സാരാഭായ്

ഹോ! എന്തൊരു ചൂട്

SAMAKALIKA JANAPADAM MONTHLY

# അറിവിന്റെ ആധികാരികത




ഇൻഫർമേഷൻ
പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

## ഇപ്പോൾ കൂടുതൽ മിഴിവോടെ

## സമകാലിക ജനപഥം

വാർഷിക വരിസംഖ്യ
**120 രൂപ**
ഒറ്റപ്രതി
**12 രൂപ**

### വരിക്കാരാകാൻ

ജില്ലാ ഇൻഫർമേഷൻ ഓഫീസുകളിലോ തിരുവനന്തപുരം പ്രസ് ക്ലബിന് സമീപത്തെ ഇൻഫർമേഷൻ സെന്ററിലോ ബന്ധപ്പെടാം. താഴെ കാണുന്ന വിലാസത്തിലേക്ക് മണിഓർഡർ അയക്കാം.

ഡയറക്ടർ
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
എഡിറ്റോറിയൽ വിഭാഗം
ഒന്നാം നില, സെക്രട്ടറിയേറ്റ് അനക്സ്
തിരുവനന്തപുരം-1

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

**സമകാലിക**
**ജനപഥം**

2026 ഏപ്രിൽ 1 • പുസ്തകം 12 • ലക്കം 9

**എഡിറ്റർ** ടി വി സുഭാഷ് ഐ എ എസ്
**അഡീഷണൽ എഡിറ്റർ** കെ ജി സന്തോഷ് **ഡപ്യൂട്ടി എഡിറ്റർ** നാഫിഹ്.എം
**എഡിറ്റർ-ഇൻ-ചാർജ്** കെ എസ് ഇന്ദുശേഖർ
**അസിസ്റ്റന്റ് എഡിറ്റർ** ഡെസ്നി സുൽഫ് **ട്രാൻസ്‌ലേറ്റർ** ടി കെ ഹരീഷ് **സർക്കുലേഷൻ ഓഫീസർ** മെർലിൻ ജെ എൻ
**കവർ & ലേഔട്ട്** രതീഷ് കുമാർ (ഡിജിക്രോ) **ടൈപ്പ് സെറ്റിങ്** വിനിത വി എസ്

എഡിറ്റോറിയൽ »

# കലയും കാലവും



സ്ത്രീയുടെ സർഗാത്മകതയും അതിന്റെ സ്വതന്ത്രമായ ആവിഷ്കാരവും ചരിത്രത്തിന്റെ ഏതു കാലഘട്ടത്തിലും പലവിധത്തിലുള്ള വെല്ലുവിളികൾ നേരിട്ടിരുന്നു. ലോകസാഹിത്യത്തിലെ ആദ്യ കവയിത്രിയായി കരുതപ്പെടുന്ന സാഫോ മുതൽ തുടങ്ങുന്ന ആ ചരിത്രം. ക്രിസ്തുവിനു മുമ്പ് ജീവിച്ചിരുന്ന സാഫോ അന്നത്തെ യാഥാസ്ഥിതിക സമൂഹത്തിന്റെ ഇഷ്ടക്കേട് നേടിയിരുന്നതായും അവരുടെ രചനകൾ മിക്കവയും നശിപ്പിക്കപ്പെട്ടതായും ഒടുവിൽ അവർ ജീവനൊടുക്കുകയായിരുന്നുവെന്നും കരുതപ്പെടുന്നു. എഴുത്തിൽ മാത്രമല്ല കലാചരിത്രത്തിലും ആദ്യപഥികരായ പല സ്ത്രീകളും, പുരുഷാധിപത്യത്തോടും യാഥാസ്ഥിതിക നിലപാടുകളോടും പൊരുതിയും ചിലപ്പോൾ ഇടറിവീണും അവിടെനിന്നും ഉയിർത്തെഴുന്നേറ്റുമാണ് മുന്നേറിയതും തങ്ങളുടെ ഇടം സ്ഥാപിച്ചതെന്നും ചരിത്രം ചൂണ്ടിക്കാട്ടുന്നു. ആദ്യമലയാള സിനിമയിലെ നായികയായ റോസിക്ക് നാടുവിട്ടുപോകേണ്ടിവന്ന ഉദാഹരണം നമുക്കും പറയാനുണ്ട്. റോസിയെപ്പോലെ രൂക്ഷമായ എതിർപ്പുകളൊന്നും എല്ലാവർക്കും നേരിടേണ്ടി വന്നിട്ടുണ്ടാകില്ല. എങ്കിലും കലയിലെ പരിവർത്തനത്തിന്റെ ഒരു കാലഘട്ടത്തിൽ നിലപാടുകളിൽ ഉറച്ചുനിന്നു കരുത്ത് തെളിയിക്കാനും സർഗവൈഭവത്താൽ കേരളീയ കലാചരിത്രത്തിൽ അടയാളപ്പെടുത്താനും കഴിഞ്ഞ മികവുറ്റ കലാകാരികൾ എത്രയോപേരുണ്ട്.

അവരുടെ ഒളിമങ്ങാത്ത സംഭാവനകളെ പിൽക്കാലത്തുയർന്നുവന്ന കലാകാരികളും തങ്ങൾക്കു വഴികാട്ടിയായി ആദരവോടെ കാണുന്നു. ഇത്തരത്തിൽ കേരളീയകലയിലെ ഏതാനും കരുത്തുറ്റ സ്ത്രീവ്യക്തിത്വങ്ങളെ അനുസ്മരിക്കുകയാണ് ഈ ലക്കത്തിൽ. വായനക്കാർ സ്വീകരിക്കുമെന്നു പ്രതീക്ഷിക്കുന്നു.

**ടി വി സുഭാഷ് ഐ എ എസ്**
എഡിറ്റർ

2026 APRIL 1 VOLUME 12 ISSUE 9 E-MAIL : prdmalayalam@gmail.com WEBSITE : www.prd.kerala.gov.in

**പ്രതികരണങ്ങൾ അയക്കേണ്ട വിലാസം**
എഡിറ്റർ, സമകാലിക ജനപഥം,
സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാംനില,
തിരുവനന്തപുരം-695001
ഇമെയിൽ prdmalayalam@gmail.com
ഫോൺ 0471 2518171

**വരിക്കാരാകാൻ 120 രൂപയുടെ മണി ഓർഡർ**
ഡയറക്ടർ, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്, എഡിറ്റോറിയൽ വിഭാഗം, ഒന്നാം നില,
സെക്രട്ടേറിയറ്റ് അനക്സ്-1, തിരുവനന്തപുരം-1
ഫോൺ 0471 2517036
ഇമെയിൽ iocirculation@gmail.com

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും

/samakalikajanapadham/ /prd.kerala.gov.in/publications/ https://janapadham.kerala.gov.in/




5 ആദരവ്
വിലക്കുകൾ തകർത്തവരോട്
**മല്ലികാ സാരാഭായ് /
ടി. കെ. ഹരീഷ്**

8 സാഫോയുടെ
പിൻഗാമികൾ
**മ്യൂസ് മേരി ജോർജ്**

13 സിനിമയുടെ
മധുരനൊമ്പരപ്പൊട്ട്
**അനുമോൾ**

16 കാലത്തോട്
കലഹിച്ച ചിത്രകാരി
**ദുർഗ മാലതി**

19 മോഹനം
ഈ ജീവിതം
**പ്രിയ മനോജ്**

22 നങ്ങ്യാർക്കൂത്തിന്റെ
മാർഗ്ഗദീപം
**കലാമണ്ഡലം
അമൃത എം എ**

25 കളിയരങ്ങിലെ
പെൺതിരനോട്ടം
**അഞ്ജന വിനോദ്**

28 അനശ്വരതയുടെ
ഇശൽ റാണി
**ഫാരിഷ ഹുസൈൻ**

30 അരങ്ങുണർത്തിയ
സുമാവലി
**ജിഷ അഭിനയ**

33 പാട്ടിൽ നിന്ന്
കഥപറച്ചിലിലേക്ക്
**സീന പള്ളിക്കര**

36 നാട്ടുപാട്ടുകളുടെ
മാണിക്യംപെണ്ണ്
**രാജി വി ബി**

38 പാട്ടിന്റെ പൊന്നരങ്ങിലെ
വിശുദ്ധസാന്നിധ്യം
**ജയന്തി കൃഷ്ണ**

40 ഫോട്ടോഫീച്ചർ

44 അച്ചടിയും പത്രങ്ങളും
കേരളത്തിൽ
**അജിത് വെണ്ണിയൂർ**

46 കാടകങ്ങളിൽ
വിഷു പൂക്കുന്നു
**രമേഷ്കുമാർ വെള്ളമുണ്ട**

50 ഹോ! എന്തൊരു ചൂട്
ചൂടാം മുൻകരുതലിന്റെ കുട


കവർചിത്രം: കേരള കലാമണ്ഡലത്തിലെ കഥകളി വിദ്യാർഥിനി ചുട്ടികുത്തുന്നു
കടപ്പാട്: കേരള കലാമണ്ഡലം

വിഖ്യാതനർത്തകിയും അഭിനേത്രിയും സാമൂഹിക - സന്നദ്ധ പ്രവർത്തകയുമായ മല്ലികാ സാരാഭായ് സമകാലിക വിഷയങ്ങളിൽ സ്വന്തമായ നിലപാടുകൾ സ്വീകരിക്കുകയും അത് ഉറക്കെപ്പറയുകയും ചെയ്യുന്നയാളാണ്. ജനനവും കലാപ്രവർത്തനവും ഗുജറാത്ത് കേന്ദ്രീകരിച്ചാണെങ്കിലും കേരളത്തിൽ വേരുകളുള്ളയാളാണ് അവർ. പാലക്കാട് ജില്ലയിലെ ആനക്കര വടക്കത്ത് തറവാട്ടിലെ അംഗവും ആഗോളപ്രശസ്തിയുള്ള കലാകാരിയുമായ മൃണാളിനി സാരാഭായിയുടെയും ബഹിരാകാശ ശാസ്ത്രജ്ഞൻ വിക്രം സാരാഭായിയുടെയും മകളായ മല്ലിക അമ്മയുടെ പാത പിന്തുടർന്നാണ് കലാലോകത്തെത്തിയത്. കേരള കലാമണ്ഡലത്തിന്റെ ചാൻസലറായിരിക്കെത്തന്നെ അമ്മയുടെ ഓർമയിൽ ദർപ്പണ അക്കാദമിയുടെ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോവുന്ന അവർ കേരളത്തിലെ കലകളെയും അവയിലെ സ്ത്രീ പങ്കാളിത്തത്തെയും കുറിച്ച് സംസാരിയ്ക്കുന്നു.

# ആദരവ് വിലക്കുകൾ തകർത്തവരോട്

**കേരളത്തിലെ ക്ലാസ്സിക്കൽ കലാരൂപങ്ങൾ, അവയുടെ ചരിത്രം, പാരമ്പര്യം ഇതിനെയൊക്കെ താങ്കൾ എങ്ങനെയാണ് നോക്കിക്കാണുന്നത്?**

ക്ലാസ്സിക്കൽ, നാടൻ കലാരൂപങ്ങളുടെ കളിത്തൊട്ടിലാണ് കേരളം. നൃത്തം, സംഗീതം, നാടകം, ചിത്രകല എന്നിവയുടെ ഏറ്റവും സമ്പന്നമായ ശേഖരങ്ങൾ ഇവിടെയുണ്ട്. എന്റെ കാഴ്ചപ്പാടിൽ, വടക്കുകിഴക്കൻ സംസ്ഥാനങ്ങളുമായി മാത്രമേ ഇതിനെ താരതമ്യം ചെയ്യാൻ സാധിക്കൂ. കഴിഞ്ഞ രണ്ടരവർഷമായി കേരള കലാമണ്ഡലത്തിന്റെ ചാൻസലർ എന്ന നിലയിൽ പ്രവർത്തി



ക്കാൻ കഴിഞ്ഞതുകൊണ്ട്, ഇവിടുത്തെ കലകളുമായി ചേർന്ന് പ്രവർത്തിക്കുന്നത് ആവേശകരമായ ഒരു അനുഭവമാണ്.

**കേരളത്തിലെ ക്ലാസ്സിക്കൽ കലാരൂപങ്ങൾ താങ്കളുടെ കലാജീവിതത്തിൽ സ്വാധീനം ചെലുത്തിയിട്ടുണ്ടോ?**

കലയുടെ അന്തരീക്ഷത്തിലാണ് ഞാൻ വളർന്നത്. അത് എന്റെ അമ്മയിലൂടെ മാത്രം പകർന്നു കിട്ടിയതല്ല. കഥകളി കലാകാരരും ചെണ്ട-മദ്ദളം കലാകാരരും ഒക്കെ ചുറ്റുമുള്ള ഒരു അന്തരീക്ഷത്തിലാണ് ഞാൻ വളർന്നത്. ചാത്തുണ്ണിപ്പണിക്കർ മുതൽ ആ കാലഘട്ടത്തിലെ മഹാരഥന്മാരായ സകല കലാകാരന്മാരും എനിക്ക് ചുറ്റുമുണ്ടായിരുന്നു. അതുകൊണ്ട് തന്നെ എന്റെ കലയിൽ മാത്രമല്ല, ഞാൻ ചെയ്യുന്ന ഓരോ കാര്യത്തിലും കേരളത്തിന്റെ സ്വാധീനമുണ്ട്. ഞാൻ കഥകളിയോ മോഹിനിയാട്ടമോ ശാസ്ത്രീയമായി അഭ്യസിച്ചിട്ടില്ല. ചില വേഷങ്ങൾക്കായി മാത്രം അല്പം പഠിച്ചിട്ടുണ്ട്. എങ്കിലും കേരളത്തിന്റെ തനിമ എന്റെ ഉള്ളിലുണ്ട്. എനിക്കിഷ്ടപ്പെട്ട നിറങ്ങളിലും വാസ്തുവിദ്യയിലും ഭക്ഷണത്തിലും, തീർച്ചയായും കലയിലും സാഹിത്യത്തിലും ആ കേരളീയത ഒഴുകുന്നുണ്ട്.

**'ദർപ്പണ'യിൽ കഥകളി ഒരു പഠനവിഷയമായി ഉൾപ്പെടുത്തിയിട്ടുണ്ടല്ലോ. കോട്ടയ്ക്കൽ ശശിധരനെപ്പോലെയുള്ള കലാകാരന്മാർ അവിടെ**





ഫോട്ടോ: ദർപ്പണ ആർക്കൈവ്സ്

**അധ്യാപകരായിരുന്നു. ഒരു പഠനവിഷയമായി തിരഞ്ഞെടുക്കാൻ മാത്രം കഥകളിക്കുള്ള പ്രത്യേകതകൾ എന്തൊക്കെയാണ്?**

യഥാർഥത്തിൽ 1949 മുതൽ തന്നെ അമ്മ (മൃണാളിനി സാരാഭായ്) കഥകളിയെ ഒരു കലാരൂപമെന്ന നിലയിൽ ദർപ്പണയിൽ ഉൾപ്പെടുത്തിയിരുന്നു. അന്ന് ഡൽഹിയിലെ കാണികൾ കഥകളിയുടെ വേഷവിധാനങ്ങളെയും ചമയങ്ങളെയും പരിഹസിച്ചത് അമ്മയ്ക്ക് വലിയ അപമാനമായി തോന്നി. ഇതിനെത്തുടർന്ന് ചാത്തുണ്ണിപ്പണിക്കരുടെ സഹായത്തോടെ കഥകളിയിലെ വേഷഭൂഷാദികൾ ഒഴിവാക്കി അമ്മ പരീക്ഷണാർഥം 'മനുഷ്യ' എന്നൊരു കലാരൂപം തയ്യാറാക്കി. അത് കുറച്ചുകാലം അവിടെ പഠിപ്പിച്ചിരുന്നു. എന്നാൽ ഗുജറാത്തി പുരുഷന്മാർക്ക് ഒന്നുകിൽ അതിനോട് വലിയ താൽപര്യം തോന്നിയില്ല, അല്ലെങ്കിൽ അത് ചെയ്യാൻ ആവശ്യമായ ശാരീരികക്ഷമത അവർക്കില്ലായിരുന്നു. അതുകൊണ്ട് നൃത്തനാടകങ്ങൾക്കും മറ്റും ആവശ്യമായ രീതിയിൽ മാത്രമാണ് ഞങ്ങൾ ഞങ്ങളുടെ നർത്തകരെ അത് പഠിപ്പിച്ചത്; ഒരു കലാരൂപമെന്ന നിലയിൽ ഗൗരവകരമായി അത് അവിടെ പഠിപ്പിച്ചിരുന്നില്ല. എങ്കിലും താളവാദ്യങ്ങളോടുള്ള താൽപര്യം കാരണം മൂന്നുവർഷം മുമ്പ് ഞങ്ങൾ ഒരു വർഷത്തോളം ചെണ്ട പഠിച്ചിരുന്നു. 2018-ൽ ഞങ്ങളുടെ ആർട്ടിസ്റ്റിക് ഡയറക്ടർ യാദവൻ ചന്ദ്രൻ സംവിധാനം ചെയ്ത 'മദർ റിവർ' എന്ന നൃത്തശില്പത്തിൽ ഞാൻ ചെണ്ട ഉപയോഗിച്ചിട്ടുണ്ട്. 2018-ൽ ദർപ്പണയിലെ 'നടരാണി' തിയേറ്റർ വീണ്ടും തുറന്നത് ഈ പ്രകടനത്തോടെയായിരുന്നു.

**ലോകപ്രശസ്തയായ ഒരു കലാകാരിയുടെ മകൾ എന്ന നിലയിൽ മൃണാളിനി സാരാഭായ് എന്ന വ്യക്തിയെ താങ്കൾ എങ്ങനെയാണ് ഓർമ്മിക്കുന്നത്? വ്യക്തിപരമായും കലാപരമായും അവർ താങ്കളുടെ ജീവിതത്തിൽ ചെലുത്തിയ സ്വാധീനം എന്തൊക്കെയാണ്?**

എന്റെ ജീവിതത്തിൽ എല്ലാ മേഖലകളിലും പടർന്നുനിൽക്കുന്ന ഏറ്റവും വലിയ സ്വാധീനം അമ്മ തന്നെയാണ്. അമ്മ എന്ന നിലയിൽ ഞങ്ങളെ വളർത്തിയ രീതി, നർത്തകി എന്ന നിലയിലുള്ള കാഴ്ചപ്പാടുകൾ, കലയോടും സൗന്ദര്യബോധത്തോടുമുള്ള അവരുടെ നിലപാടുകൾ അമ്മയ്ക്ക് എല്ലാം ഒരു 'സൗന്ദര്യാത്മക അനുഭവം' (aesthetic experience) ആകണമായിരുന്നു. എല്ലാത്തിനും അതിന്റേതായ ഭംഗിയുണ്ടാകണമെന്നും, ഓരോന്നും പ്രകൃതിയുടെയും ഈ പ്രപഞ്ചത്തിന്റെയും ഭാഗമായിരിക്കണമെന്നും അമ്മയ്ക്ക് നിർബന്ധമുണ്ടായിരുന്നു.

ഇന്ന് എന്റെ വസ്ത്രധാരണ രീതി മുതൽ, യന്ത്രനിർമ്മിതമായ വസ്തുക്കളേക്കാൾ കൈവേലകളോടുള്ള എന്റെ താല്പര്യം വരെ അത് വസ്ത്രമായാലും തറയിലെ ടൈലുകളായാലും അതിലൊക്കെ അമ്മയുടെ സ്വാധീനം പ്രകടമാണ്.

അമ്മ വിട്ടുപിരിഞ്ഞ ശേഷം കഴിഞ്ഞ കുറച്ചു വർഷങ്ങളായി എനിക്ക് വളരെ വിചിത്രമായ ഒരു അനുഭവം ഉണ്ടാകാറുണ്ട്. ഞാൻ സ്റ്റേജിൽ നിൽക്കുമ്പോൾ പെട്ടെന്ന് എന്റെ മനസ്സ് പറയും, 'എന്റെ ഈ വലതുകൈ എന്റേതല്ല, ഇത് അമ്മയുടെ കൈയാണ്" എന്ന്. അത് വിചിത്രമെങ്കിലും എനിക്ക് വലിയ ആശ്വാസം നൽകുന്ന ഒന്നാണ്. ദർപ്പണയിലെ ഓരോ ഇഷ്ടികയിലും, ഞങ്ങളിലോരോരുത്തരിലും അമ്മ ജീവിക്കുന്നു.

ഇപ്പോൾ ഞങ്ങൾ കുട്ടികളെ വാർഷിക പരിപാടിക്കായി തയ്യാറെടുപ്പിക്കുകയാണ്. അമ്മയുടെ അവസാന നൃത്തശില്പമായ 'ഡാൻസ് ഓഫ് ലൈഫ്' അവർ പഠിക്കുകയും അവതരിപ്പിക്കുകയും ചെയ്യുന്നു. വൈരുധ്യമെന്നു പറയട്ടെ, കഴിഞ്ഞ 4500 വർഷത്തെ ഇന്ത്യൻ ശാസ്ത്രചരിത്രത്തെക്കുറിച്ചാണ് ആ നൃത്തശില്പം പറയുന്നത്. ഏപ്രിൽ 19ന് കുട്ടികൾ അത് അവതരിപ്പിക്കുമ്പോൾ, അവരിലൂടെയും ആ പൈതൃകം മുൻപോട്ട് പോവുകയാണ്. അമ്മയുടെ ചിന്തകളും സൗന്ദര്യബോധവും

എവിടെ നിന്ന് ഉത്ഭവിച്ചു എന്ന് അവരെ പഠിപ്പിക്കുന്നുണ്ട്. ചുരുക്കത്തിൽ, അമ്മയുടെ സ്വാധീനം എവിടെയും നിറഞ്ഞുനിൽക്കുന്നു.

**താങ്കളുടെ നിരീക്ഷണത്തിൽ, കേരളത്തിന്റെ സ്വന്തം നൃത്തരൂപമായ മോഹിനിയാട്ടത്തിന്റെ സവിശേഷതകൾ എന്തൊക്കെയാണ്?**

മോഹിനിയാട്ടം വളരെ ശാന്തവും ഹൃദ്യവുമായ ഒരു കലാരൂപമായാണ് എനിക്ക് തോന്നിയിട്ടുള്ളത്. അത് അങ്ങേയറ്റം കാവ്യാത്മകവും മനോഹരമായ ലാളിത്യമുള്ളതുമാണ്. വ്യക്തിപരമായി പറഞ്ഞാൽ, ഞാൻ മോഹിനിയാട്ടം ഗൗരവപൂർവം അഭ്യസിച്ചിട്ടില്ല; കാരണം എന്റെ സ്വഭാവരീതികളുമായി അത് അത്രത്തോളം ഒത്തു പോകുന്ന ഒന്നല്ല.



> എല്ലായിടത്തും വനിതാ കലാകാരികൾ തടസ്സങ്ങൾ ഭേദിക്കാനും മുൻഗാമികളായി മാറാനും ഒരുപാട് കഷ്ടപ്പെട്ടിട്ടുണ്ട്.



വിക്രം സാരാഭായിയും മൃണാളിനി സാരാഭായിയും

**കേരള കലാമണ്ഡലം കഥകളി കോഴ്സുകളിൽ പെൺകുട്ടികൾക്ക് പ്രവേശനം നൽകിത്തുടങ്ങി. കഥകളി എന്ന കലാരംഗത്ത് ഇത് എന്ത് മാറ്റമാണ് ഉണ്ടാക്കുക? വർഷങ്ങളായി പുരുഷാധിപത്യമുള്ള ഈ കലാരൂപത്തിൽ, പരമ്പരാഗത ആസ്വാദകർ ഈ മാറ്റത്തെ എളുപ്പത്തിൽ സ്വീകരിക്കുമെന്ന് കരുതുന്നുണ്ടോ?**

പ്രകടനകലകളുടെ ലോകത്തോ ഏതെങ്കിലും തൊഴിൽമേഖലയ്ക്കോ ചേരാത്ത നിരവധി ജാതി-സമുദായ നിയമങ്ങൾ നിലവിലുണ്ട്. ഞാൻ കലാമണ്ഡലത്തിൽ ചാൻസലറായി ചുമതലയേറ്റപ്പോൾ ചെയ്ത ആദ്യത്തെ കാര്യങ്ങളിലൊന്ന്, പഠനകാര്യത്തിൽ ലിംഗഭേദമോ ജാതിയോ മതമോ ഒരു തടസ്സമാകരുത് എന്ന് ഉറപ്പുവരുത്തുകയായിരുന്നു. കലാപാരമ്പര്യം അഭ്യസിക്കുന്നതിന്റെ പവിത്രതയിൽ ഞാൻ വിശ്വസിക്കുന്നു; എന്നാൽ പല കലാരൂപങ്ങളും അവയുടെ മുന്നോട്ടുള്ള പ്രയാണത്തിൽ ശാസ്ത്രീയമായ അടിത്തറയോ കാലികപ്രസക്തിയോ ഇല്ലാത്ത പല കാര്യങ്ങളും കൂടെക്കൂട്ടിയിട്ടുണ്ട്. നിയമാവലിയിൽ അടിയുറച്ചു നിന്നുകൊണ്ടുതന്നെ, ആധുനികതയെ ഉൾക്കൊള്ളാനും ഈ വലിയ ലോകത്തിന്റെ ഭാഗമാകാനും നമുക്ക് കഴിയണം. ലിംഗപരമായ വിവേചനങ്ങൾ എല്ലായിടത്തും തകർന്നുകൊണ്ടിരിക്കുകയാണ്. ഇതിലൂടെ പുരുഷാധിപത്യം അല്ലാതെ മറ്റൊന്നും തകരില്ലെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ജാതിവ്യവസ്ഥയെപ്പോലെ തന്നെ പുരുഷാധിപത്യവും തകർക്കപ്പെടേണ്ടതാണ്.

**തങ്ങളുടെ കലാമേഖലയിൽ വിപ്ലവകരമായ മാറ്റങ്ങൾ കൊണ്ടുവന്ന കേരളത്തിലെ സ്ത്രീകളായ മുൻഗാമികളെ എങ്ങനെ വിലയിരുത്തുന്നു? സിനിമ മുതൽ നൃത്തം വരെ തങ്ങളുടേതായ ഇടം കണ്ടെത്താൻ അവർക്ക് കഠിനമായി പോരാടേണ്ടി വന്നു. ഇന്നത്തെ സാഹചര്യവുമായി താരതമ്യം ചെയ്യുമ്പോൾ എന്ത് മാറ്റമാണ് കാണാനാകുന്നത്? ഇന്നത്തെ കാലത്ത് വനിതാ കലാകാരികൾ നേരിടുന്ന വെല്ലുവിളികൾ എന്തൊക്കെയാണ്?**

എല്ലായിടത്തും വനിതാ കലാകാരികൾ തടസ്സങ്ങൾ ഭേദിക്കാനും മുൻഗാമികളായി മാറാനും ഒരുപാട് കഷ്ടപ്പെട്ടിട്ടുണ്ട്. നിർഭാഗ്യവശാൽ, ഞാൻ നേരത്തെ സൂചിപ്പിച്ച ആ പുരുഷാധിപത്യ വ്യവസ്ഥയെ തകർക്കാൻ ഇന്നും നമുക്ക് പോരാടേണ്ടി വരുന്നുണ്ട്. കേരളത്തിൽ സിനിമാരംഗത്തെ സ്ത്രീകൾ അടുത്ത കാലത്തായി വലിയ പോരാട്ടങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. അതിൽ ചില യുദ്ധങ്ങൾ അവർ ജയിച്ചു, ചിലത് തോറ്റു. ലൈംഗിക പീഡന പരാതിയുമായി മുന്നോട്ടുവരാൻ ധൈര്യം കാണിച്ച സ്ത്രീക്ക് അർഹമായ നീതി ലഭിച്ചില്ല. ഇത് നമ്മുടെ കാലഘട്ടത്തിൽ എത്രമാത്രം മാറ്റം വന്നു എന്നതിന്റെയും എത്ര കുറച്ചു മാറ്റമേ സംഭവിച്ചിട്ടുള്ളൂ എന്നതിന്റെയും പ്രതിഫലനമാണ്. തങ്ങൾ സ്നേഹിച്ച കലയെ ചേർത്തുപിടിക്കാനും പുതുതലമുറയ്ക്ക് വേണ്ടി വഴിതുറന്നു കൊടുക്കാനും സകല വിലക്കുകളെയും ലംഘിച്ച ലോകത്തെ എല്ലാ വനിതാ കലാകാരികളെയും ഞാൻ ആദരവോടെ സ്മരിക്കുന്നു. ■

മ്യൂസ് മേരി ജോർജ്
എഴുത്തുകാരി, അധ്യാപിക



# സ്ത്രീയുടെ സർഗാത്മക കർതൃത്വത്തെക്കുറിച്ച്

പെയിന്റിങ്ങ് : ഇൻ ദി ഡെയ്സ് ഓഫ് സാഫോ,
ജോൺ വില്യം ഗോഡ്‌വാർദ്, 1904



# സാഫോയുടെ പിൻഗാമികൾ

'ഞാൻ മരിച്ചാൽ
എന്റെ മാംസവും എല്ലുകളും
എറിഞ്ഞുകളയരുത്
അവ അടുക്കി വയ്ക്കുക
അവയുടെ ഗന്ധത്തിലൂടെ
ലോകമറിയട്ടെ
ഭൂമിയിലെ ജീവിതത്തിന്റെ
വിലയെന്തായിരുന്നുവെന്ന്
എല്ലാം കഴിയുമ്പോൾ
സ്നേഹത്തിന്റെ
വിലയെന്തായിരുന്നുവെന്ന്'

**-മാധവിക്കുട്ടി**


ഈ വരികളിൽ സർഗ്ഗാത്മകതയുടെ സ്വാതന്ത്ര്യവും സ്വാതന്ത്യത്തിന്റെ കനലുകളും ജ്വലിക്കുന്നു.

സ്ത്രീയുടെ സർഗ്ഗാത്മകതയും അതിന്റെ ആവിഷ്കാരവും സ്വാതന്ത്ര്യത്തോടെ പൊതുമണ്ഡലത്തിന്റെ വ്യവഹാരമാകുന്നതിൽ പല പ്രതിബന്ധങ്ങളും നിലനിന്നിരുന്നു. സ്ത്രൈണകാമനകൾ പലപ്പോഴും പാരതന്ത്ര്യത്തിന്റെ ചങ്ങലകളെ തകർത്തുകൊണ്ടാണ് വിനിമയം സാധ്യമാക്കിയത്. ലോകസാഹിത്യത്തിന്റെയും ദൃശ്യാവിഷ്കാരങ്ങളുടെയും ചരിത്രത്തിൽ ഇരുപതാം നൂറ്റാണ്ടിനു മുമ്പ് ചുരുക്കം ചില പേരുകളേ ഉണ്ടായിരുന്നുള്ളൂ. ബി.സി. 630-570 കാലത്ത് ഗ്രീസിൽ ജീവിച്ചിരുന്നു എന്ന് വിശ്വസിക്കപ്പെടുന്ന സാഫോ എന്ന കവയിത്രിയെ



മേരി ആൻ ഇവാൻസ്

രുന്നത് ജോർജ് എലിയറ്റ് എന്ന തൂലി കാനാമത്തിലാണ്. ഈ പുരുഷനാമധാരണം പത്തൊൻപതാം നൂറ്റാണ്ടിന്റെ മധ്യദശകത്തിലാണ് എഴുത്തിടത്തിൽ അവർ സ്വീകരിച്ചത്. നമ്മുടെ സുഗതകുമാരി പോലും ആദ്യകാലത്ത് ശ്രീകുമാർ എന്ന പേരിലാണ് എഴുതിയിരുന്നത്. സ്വന്തം പേരിൽ എഴുതാൻ എൻ.വി.കൃഷ്ണവാര്യർ സുഗതകുമാരിയോട് സ്നേഹപൂർവം നിർദേശിച്ച കാര്യവും നമുക്കറിയാവുന്നതാണ്. സ്വർഗാത്മകതയുടെ ആവിഷ്ക്കാരം എന്നത് സ്വതന്ത്രമായ ഒരു പ്രക്രിയയാണ്. കാമനകളും സ്വപ്നങ്ങളും ഉന്മാദങ്ങളും പ്രതിഷേധങ്ങളും പ്രതിരോ




**സ്വന്തം പേരിനുപകരം പുരുഷനാമം സ്വീകരിച്ചുകൊണ്ട് സ്ത്രീകൾ എഴുതിയിരുന്ന കാലവും നമ്മൾ കടന്നു പോന്നിരിക്കുന്നു**

ക്കുറിച്ചുള്ള ചരിത്രപാഠങ്ങളിൽ അവർ ആത്മഹത്യചെയ്യതാണ് ലോകം വെടിഞ്ഞത് എന്ന പാഠം പ്രസിദ്ധമാണ്. പ്ലേറ്റോ ആ കവയിത്രിയെ പത്താമത്തെ മ്യൂസ് എന്നു വിശേഷിപ്പിച്ചിരുന്നു. ഗ്രീക്ക് പുരാണപ്രകാരം കാവ്യ - കലാദേവതമാരായി ഒൻപതു മ്യൂസുകൾ ഉണ്ട്. ആ ശ്രേണിയിലാണ് സാഫോയെ അദ്ദേഹം ഉൾപ്പെടുത്തിയത്. പതിനായിരത്തോളം ഭാവഗീതങ്ങൾ അവർ രചിച്ചു എന്നു വിശ്വസിക്കപ്പെടുന്നു. ഒട്ടുമിക്കവാറും രചനകൾ നശിപ്പിക്കപ്പെടുകയാണുണ്ടായത്. ആ കവിതകളിലെ പ്രണയത്തിന്റെ സ്വതന്ത്രാവിഷ്കാരങ്ങൾ യാഥാസ്ഥിതിക സമൂഹത്തിന് അഹിതമായി മാറിയതായി ചരിത്രത്തിൽ നിന്ന് മനസ്സിലാക്കാം.

ഇത് ഒരു സാഫോയുടെ മാത്രം പ്രത്യേകതയല്ല. കവിതയെഴുതുന്ന-നാടകം എഴുതുന്ന പാടുന്ന-അഭിനയിക്കുന്ന സ്ത്രീകളേക്കാൾ കുലാംഗനകളായും ഗൃഹദേവതമാരായും ജീവിക്കുന്ന സ്ത്രീകൾക്കായിരുന്നു പ്രാധാന്യം ലഭിച്ചത്. എങ്കിലും സാഹിത്യചരിത്രത്തിൽ സ്ത്രീകളുടെ സാന്നിധ്യം നിലനിൽക്കുന്നുണ്ട്. ജീവിതത്തെ ഒരു സാഹസികകൃത്യമായി കൊണ്ടുപോയവരായിരുന്നു അന്നത്തെ എഴുത്തുകാരികൾ.

സ്വന്തം പേരിനുപകരം പുരുഷനാമം സ്വീകരിച്ചുകൊണ്ട് സ്ത്രീകൾ എഴുതിയിരുന്ന കാലവും നമ്മൾ കടന്നു പോന്നിരിക്കുന്നു 'മിൽ ഓൺ ദി ഫ്ളോസ്' പോലെയുള്ള പ്രസിദ്ധമായ നോവൽ എഴുതിയ മേരി ആൻ ഇവാൻസ് നോവൽ എഴുതിയി

ധങ്ങളുമൊക്കെ സ്വതന്ത്രമായി ആവിഷ്ക്കരിക്കപ്പെടുമ്പോൾ അതതുകാലത്തെ സാമൂഹ്യപാഠങ്ങളോടും സ്ഥാപനനിർമ്മിതികളോടുമുള്ള പുനർവായനകളും നിഷേധങ്ങളുമൊക്കെയും കൂടിച്ചേർന്നുവരും. സ്ത്രീകളെ രണ്ടാംതരം പൗരന്മാരായോ വാർപ്പു രൂപ നിർമ്മിതികളായോ മാത്രം പരിഗണിക്കുന്ന സാമൂഹ്യഘടനകളിൽ ഇത്തരം സ്വതന്ത്രാവിഷ്കാരങ്ങളെ അംഗീകരിക്കാൻ പ്രയാസമാണ്. അപ്പോൾ ആവിഷ്കാരകർതൃത്വത്തിന് നിരോധനങ്ങളും (വിലക്കുകളും) വക്രീകരണങ്ങളും പുറത്താക്കലുകളുമൊക്കെ നേരിടേണ്ടിവരുന്നു. എഴുത്ത്, അഭിനയം തുടങ്ങിയ ഏതുവിധം ആവിഷ്ക്കാരങ്ങളിലും ഇത് സംഭവിക്കുന്നു. അഭിനയം പോലുള്ള കാര്യങ്ങളിൽ വീട്ടു വിട്ടിറങ്ങി

യുള്ള ജീവിതവും രാത്രിയാത്രകളും ഒക്കെ ആവശ്യമായി വരുന്നു. കുലീനമായ സ്ത്രീ സങ്കൽപനങ്ങളുടെ നിരാകരണം സംഭവിക്കേണ്ടിവരുന്നതിനാൽ നടിമാർക്ക് വലിയ എതിർപ്പുകളെയും ഭ്രഷ്ടുകളെയും നേരിടേണ്ടി വന്നിട്ടുണ്ട്. ഫ്യൂഡൽ മൂല്യങ്ങളും സ്വാതന്ത്ര്യത്തെ നിരന്തരം പരിമിതപ്പെടുത്തുന്ന സദാചാര പരികൽപനകളും യാഥാസ്ഥിതിക മതമൂല്യങ്ങളും ജാതിവിവേചനങ്ങളുമൊക്കെ കലാവിഷ്കാരത്തിനിറങ്ങിയ സ്ത്രീകൾക്ക് നേരിടേണ്ടി വന്നിട്ടുണ്ട്. മലയാളത്തിലെ ആദ്യസിനിമയിലെ നായികയ്ക്ക് നാടുവിട്ടുപോകേണ്ടി വന്നു എന്നത് ഈ സന്ദർഭത്തിൽ ഓർക്കുകയാണ്. ജാതീയത, ലിംഗവിവേചനം, ഫ്യൂഡൽ മൂല്യങ്ങൾ എന്നിവയൊക്കെ ഇതിനു പിന്നിലുണ്ട്.


മാധവിക്കുട്ടി


സുഗതകുമാരി

സ്ത്രീകൾ എഴുതിത്തുടങ്ങുമ്പോൾ എഴുത്തിൽ ചോദ്യങ്ങൾ ഉയർന്നുവരും. ബൗദ്ധികത, ലൈംഗിക പാഠങ്ങൾ, മതപരമായ ഹൈറാർക്കി, ജാതീയത, വംശീയത എന്നിവയുടെയൊക്കെ പ്രതിപാഠങ്ങൾ എഴുത്തിടത്തിന്റെ രാഷ്ട്രീയത്തെ നിർണ്ണയിക്കുന്നു. ആയതിനാൽ സ്വാഭാവികമായും ഒരു സ്ത്രീ എഴുതുക എന്നുവച്ചാൽ നിഷേധിയാവുക എന്നതിലേയ്ക്ക് പലപ്പോഴും ചെന്നെത്തുന്നു.

മലയാള ചെറുകഥാചരിത്രത്തിൽ സ്ത്രീകർതൃത്വം കൊണ്ട് ശ്രദ്ധേയമാണ് 'തലച്ചോറില്ലാത്ത സ്ത്രീകൾ' എന്ന കഥ. ഏതാണ്ട് 110 വർഷം മുമ്പ് എം.സരസ്വതിഭായി എഴുതിയ ഈ ആദ്യകാല കഥ പ്രശ്നവൽക്കരിക്കുന്നത് സ്ത്രീകളുടെ ബൗദ്ധികതയെയും സർഗാത്മകതയെയും കുറിച്ചുള്ള സ്ഥാപനവൽക്കരിക്കപ്പെട്ട അറിവിനെയാണ്. സ്ത്രീകൾക്ക് പുരുഷന്മാരെക്കാൾ ബുദ്ധി കുറവാണ് എന്ന പഠിപ്പിക്കലിന് പഴഞ്ചൊല്ല് മുതൽ ഉദാഹരണങ്ങളുണ്ട്. അത്തരം സ്ഥാപന സ്വഭാവിയായ അറിവിനെയാണ് സരസ്വതിഭായ് ചോദ്യം ചെയ്തത്. പിന്നീട് ഈ ചോദ്യം ചെയ്യൽ കെ.സരസ്വതിയമ്മയുടെ 'പെൺബുദ്ധി' എന്ന കഥയിലുണ്ട്. ബൗദ്ധികത, പ്രണയം, സർഗാത്മകത, സദാചാരനിർമ്മിതികൾ, സ്റ്റീരിയോടൈപ്പ്, ആത്മീയത തുടങ്ങി എന്തും സ്ത്രീ എഴുതുമ്പോൾ/സർഗാത്മക ഇടപെടലുകൾ നടത്തുമ്പോൾ പൊളിച്ചെഴുതപ്പെടുന്നു എന്നു മാത്രമല്ല, ലൈംഗികമായ ജനാധിപത്യ പാഠങ്ങളുടെയും പാരിസ്ഥിതികമായ പുതുബോധ്യങ്ങളുടെയും മതപരവും മതേതരവുമായ വിശാല ആത്മീയതയുടെയും ശ്രേണീബദ്ധമല്ലാത്ത അധികാരഘടനകളുടെയും വ്യാജകാൽപനിക പാഠങ്ങളോടുള്ള വിയോജിപ്പുകളുടെയും പുത്തൻ ആവിഷ്കാരങ്ങളുടേയും പുതുനിർമ്മിതികൾക്കായുള്ള തീവ്രവാഞ്ഛ സ്ത്രീകളുടെ സർഗ്ഗാത്മക കർതൃത്വം മുന്നോട്ടുവയ്ക്കുന്നു.

എഴുത്തിൽ മാത്രമല്ല, എല്ലാ സർഗാത്മക ആവിഷ്കാരങ്ങളിലും സ്ത്രീകൾ ഇത്തരത്തിൽ സമൂഹത്തോട് കലഹിക്കേണ്ടി വന്നിട്ടുണ്ട്. ആദ്യകാലങ്ങളിൽ നാടകങ്ങളിൽ സ്ത്രീവേഷം ചെയ്തിരുന്നത് പുരുഷന്മാരായിരുന്നു. കരുണയിലെ വാസവദത്തയായും മറ്റും അഭിനയിച്ചത് പ്രസിദ്ധ നടനായ ഓച്ചിറ വേലുക്കുട്ടിയായിരുന്നല്ലോ. പിന്നീടാണ് സ്ത്രീകൾ തന്നെ സ്ത്രീവേഷം ചെയ്തു തുടങ്ങിയത്. എന്നാലത് സമൂഹത്തിന് അനഭിമതവും കേരളത്തിന്റെ കുലീന നാട്യങ്ങൾക്ക് ചേരാത്തതുമായിരുന്നു. അതുകൊണ്ടാണ് ആദ്യകാല നടിമാരെ ഏറ്റവും ധീരരായ കലാകാരരായി കരുതുന്നത്. കെ.പി.എ.സി.യുടെ ആദ്യകാല നടിമാർ, ഗായികമാർ, നിലമ്പൂർ ആയിഷയെ പോലുള്ള അഭിനേത്രിമാർ, ഒക്കെ യാഥാസ്ഥിക സമൂഹത്തിന്റെ വെല്ലുവിളികൾ നേരിട്ടവരാണ്. എല്ലാവിധ കല്ലേറുകളെയും നേരിടാൻ സന്നദ്ധമായി നാടകരംഗത്തേക്ക് വന്നവരാണവർ.

## ശരീരം സദാചാരം

ഇന്ത്യൻ സിനിമയിലും ആദ്യകാലത്ത് അഭിനേതാക്കളായുണ്ടായിരുന്നത് നൃത്തശാലകളിലും മറ്റും ഉണ്ടായിരുന്ന നർത്തകികളായിരുന്നു എന്ന് കേട്ടിട്ടുണ്ട്. അവിടെ നിന്നാണ് അഭിനയം ജോലിയായി തിരഞ്ഞെടുക്കുന്ന ചെറുപ്പക്കാരിലേക്ക് നാം എത്തിച്ചേർന്നത്. ഇപ്പോഴും നടിയുടെ ശരീരത്തെക്കുറിച്ച് ഒരുപാട് സദാചാര സങ്കൽപങ്ങൾ നിലനിൽക്കുന്നുണ്ട്. എഴുത്തുകാരികളെ പലപ്പോഴും അഭിസാരികകൾ എന്നു വിളിച്ചിട്ടുണ്ട്. എഴുത്തിനകത്ത് അവർ ആവിഷ്കരിക്കുന്ന ലോകം യാഥാസ്ഥിതികമായ കുടുംബ-മത-രാഷ്ട്രീയ ബോധ്യങ്ങളെ ചോദ്യം ചെയ്യുന്നത് കൊണ്ടും പലപ്പോഴും വിവാഹ ബാഹ്യമായിട്ടുള്ള ഒരു ലോകത്തെ ചിത്രീകരിക്കുന്നത് കൊണ്ടുമാണ് അവരെ അഭിസാരികകൾ എന്ന് അഭിസംബോധന ചെയ്തത്. അതിനേക്കാൾ വലിയ ആക്രമണമായിരുന്നു സ്ത്രീകളായ അഭിനേതാക്കൾ നേരിടേണ്ടി വന്നത്. അതുകൊണ്ടുതന്നെ അതിനെയെല്ലാം അഭിമുഖീകരിക്കുക എന്ന കഠിനയാഥാർഥ്യം എഴുത്തുകാരികളേക്കാളധികം നേരിടേണ്ടിവന്നത് അഭിനേത്രികളായിരുന്നു. പഴയ ഗ്രീൻ റൂമുകളുടെ സുരക്ഷിതത്വമില്ലായ്മ, അവിടേക്കുള്ള തുറിച്ചുനോക്കുന്ന പ്രേക്ഷകരുടെ കണ്ണുകൾ, ആരാധകരുടേയും വിടന്മാരുമായവരുടെയും തുറിച്ചുനോട്ടങ്ങൾ എന്നിവയെല്ലാം അവർ നേരിടേണ്ടിവന്നു.

നിരവധിപേരുടെ നോട്ടങ്ങളിൽ കീറിമുറിക്കപ്പെടുന്ന ശരീരത്തിന്റെ ലോകം ഇവരെല്ലാം അഭിമുഖീകരിച്ചിരുന്നു. ഇതൊന്നും ഒരു പുരുഷൻ തന്റെ ജീവിതത്തിൽ അഭിമുഖീകരിക്കേണ്ടി വരില്ല. റിഹേഴ്സലുകൾ പലപ്പോഴും രാത്രികളിലായിരിക്കും. വീട്ടിൽനിന്ന് മാറിനിൽക്കേണ്ടിവരും. കൃത്യമായ ഒരു ജോലി സമയം ഇവർക്ക് പറയാനാകില്ല. സ്ത്രീകൾക്ക് യാഥാസ്ഥിതിക ലോകം അനുവദിച്ചു കൊടുത്ത ജോലിസമയമല്ല ഇവരുടേത്. സന്ധ്യയ്ക്ക് വീട്ടിൽ നിന്ന് പോവുകയും പുലർച്ചെ മടങ്ങി വരികയും ചെയ്യുന്നു. വേശ്യാവൃത്തിക്ക് പോയി വന്നവർ എന്ന



തരത്തിൽ അവർ മുദ്രകുത്തപ്പെട്ട അക്കാലത്ത് നമ്മൾ വിചാരിക്കുന്നതിലുമപ്പുറമുള്ള കഷ്ടത അവർ നേരിടേണ്ടി വന്നിട്ടുണ്ട്. പലരും രക്തസാക്ഷികളെപ്പോലെയാണ് കലാലോകത്ത് മുന്നോട്ടുവന്നത്. അവർ ഒരു യോദ്ധാക്കളുടെ സമൂഹമായിരുന്നു. ഒരു നടിക്ക്, ഒരു കലാകാരിക്ക്, അന്തസ്സ് എന്ന ഒന്നുണ്ടെന്ന് സ്ഥാപിക്കാൻ കേരള സമൂഹത്തിനു ഒരുപാട് തയ്യാറെടുപ്പ് വേണ്ടി വന്നു.

രാഷ്ട്രീയമേഖലയിലേക്കിറങ്ങുന്ന സ്ത്രീകൾക്കും അനുകൂലമായിരുന്നില്ല നമ്മുടെ സമൂഹം. ഇരുപതാം നൂറ്റാണ്ടിൽ നാം ആധുനിക കുടുംബഘടനയിലേക്ക് മാറുമ്പോൾ അടച്ചുപൂട്ടിയ ഘടനയിലുള്ള വിക്ടോറിയൻ സ്ത്രീ സദാചാര സങ്കല്പം കൂടി ഉണ്ടായിവന്നു. സ്ത്രീകൾ പുറത്തേക്ക് പോകുന്നത് തന്നെ പ്രശ്നമായ ഘട്ടത്തിലാണ് കലാരംഗത്തേക്ക് അവർ ഇറങ്ങുന്നത്. ഡൽഹിയിലെ നിർഭയ കേസിൽ പോലും എന്തിനാണ് ഒരു സ്ത്രീ രാത്രി സമയത്ത് ഒരു പുരുഷനൊപ്പം പുറത്തുപോയത് എന്നാണ് കേരളത്തിലെ ഒരു വിഭാഗം ആളുകൾ ചോദിച്ചത്. സർഗാത്മക പ്രകടനങ്ങൾക്കായി പുറത്തേക്ക് പോകുന്ന സ്ത്രീകളെല്ലാം ഇത്തരം ചോദ്യങ്ങൾ അഭിമുഖീകരിക്കേണ്ടി വരുന്നുണ്ട്. ഇന്നും അതിനു മാറ്റമില്ല. ഏതാണ്ട് 14 വർഷം കഴിഞ്ഞിട്ടും നിർഭയ കേസിനെ സംബന്ധിച്ച ചർച്ചകളിൽ ഈ സദാചാര ചോദ്യശരങ്ങൾ ഉയരുന്നുണ്ട്.

ആൺ നോട്ടം എന്നതിനോട് ഏറ്റുമുട്ടാതെ സ്ത്രീകൾക്ക് സർഗാത്മക പ്രവർത്തനം സാധ്യമല്ല. യുദ്ധഭൂമി പോലെയായിരുന്നു പലപ്പോഴും അവരുടെ ജീവിതം. കുലീനതയുടെ, അരിസ്റ്റോക്രസിയുടെ, ഫ്യൂഡൽ സദാചാര ബോധത്തിന്റെ, നൂറ്റാണ്ടുകളായി നിലനിൽക്കുന്ന സ്ത്രീയുടെ പരിശുദ്ധിയെ സംബന്ധിച്ച പൊതുബോധത്തിന്റെ, സ്ഥാപനവൽക്കരിക്കപ്പെട്ട മൂല്യബോധ്യങ്ങളോട് പയറ്റിക്കൊണ്ട് മാത്രമേ നമുക്ക് കേരളത്തിന്റെ സാമൂഹ്യ അന്തരീക്ഷത്തിലേക്ക് വരാൻ സാധിക്കുമായിരുന്നുള്ളൂ. അതിൽനിന്ന് കുറെയേറെ മാറ്റങ്ങൾ ഇന്നുണ്ടായിട്ടുണ്ട്. സ്ത്രീ നാടകവേദികൾ ഇന്നുണ്ട്. 90-കളിലുണ്ടായ സാമൂഹ്യ മാറ്റങ്ങൾ, പുരോഗമന രാഷ്ട്രീയത്തിന്റെ ഭാഗമായി രൂപപ്പെട്ട നാടകവേദികൾ, ഇതൊക്കെ സാമൂഹ്യ ബോധ്യങ്ങളെ അഴിച്ചുപണിയുന്നതിൽ വലിയ പങ്കുവഹിച്ചിട്ടുണ്ട്.

ഇതിനു സമാന്തരമായി വീട്ടമ്മ എന്ന സങ്കൽപനം ശക്തിപ്പെടുകയും ചെയ്തു. പണ്ടുണ്ടായിരുന്ന ഒന്നല്ല അത്. വിദ്യാഭ്യാസമുള്ള, വീട് മാത്രം ഉത്തരവാദിത്തമുള്ള, ഉത്തമ സ്ത്രീ എന്നത് മധ്യവർഗത്തിന്റെ ഒരു ആവശ്യമായി വന്നു. അതിൽ നിന്ന് വ്യത്യസ്തമായി പിന്നീട് വനിതാസംരംഭകർ ഉയർന്നുവന്നു. കുടുംബബിസിനസ്സുകൾ ഏറ്റെടുക്കുന്ന സ്ത്രീകൾ വന്നു. അതും സ്വാതന്ത്ര്യത്തിന്റെയും സർഗാത്മകതയുടെയും ആവിഷ്കാരമാണ്. വസ്ത്ര, കയറ്റുമതി ബിസിനസ്സുകൾ യാഥാസ്ഥിതിക ബോധത്തെ പലപ്പോഴും ചോദ്യം ചെയ്തു. മാതൃദായക്രമ സമുദായങ്ങൾ പോലും പിന്നീട് ആണിന്റെ പേരിൽ അറിയപ്പെട്ടു. അമ്മയുടെ പേര് ചേർത്ത് അറിയപ്പെട്ടിരുന്ന സമൂഹങ്ങൾ നമുക്കുണ്ടായിരുന്നു. അത് മാറുകയും അച്ഛന്റെയും ഭർത്താവിന്റെ പേരിനുപിന്നിൽ അറിയപ്പെടുന്നതിൽ അഭിമാനിക്കുന്ന ഒരു തലമുറ ഉണ്ടാവുകയും ചെയ്തു. ആധുനിക ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനോട് ചേർന്ന് നിൽക്കുന്ന തരത്തിൽ സമൂഹം രൂപാന്തരം ചെയ്യപ്പെട്ടു.

ഔദ്യോഗികമേഖലയിലും സർഗാത്മക മേഖലയിലും- അത് അഭിനയമാകാം. സംവിധാനമാകാം- കർതൃത്വ പദവിയിലേക്ക് സ്ത്രീകൾ വരുന്നതിനെ നിരുത്സാഹപ്പെടുത്തുന്ന, അല്ലെങ്കിൽ അതിനെ കുത്സിത പ്രവൃത്തിയായി കണ്ടിരുന്ന ഭൂരിപക്ഷത്തിന്റെ ആൺ നോട്ടത്തിനെ പ്രശ്നവൽക്കരിച്ച് കൊണ്ടാണ് സ്ത്രീയുടെ പൊതുമണ്ഡലം വികസിച്ചു വന്നത്. ■



പി.കെ.റോസി ഒരു ഓർമ്മപ്പെടുത്തൽ ആവണം, ഒരു വിളിച്ചുണർത്തൽ ആവണം, ഒരു പ്രേരണയാവണം



# സിനിമയുടെ മധുര നൊമ്പരപ്പൊട്ട്

യഥാർഥത്തിൽ പി.കെ.റോസി നമുക്ക് ആരാണ്? റോസിയെ അനുസ്മരിക്കുമ്പോൾ ഏറ്റവും പ്രധാനപ്പെട്ട ചോദ്യം അതാണെന്ന് തോന്നുന്നു. മലയാള സിനിമയിലെ ആദ്യ നായികാനടി എന്ന നിലയിൽ നമ്മൾ ഇന്ന് അവരെ ആദരിക്കുന്നു, അനുസ്മരിക്കുന്നു. പക്ഷേ അതിനപ്പുറത്തുള്ളൊരു ഓർമ്മപ്പെടുത്തൽ കൂടിയാണ് പി.കെ. റോസി എന്നാണ് എനിക്ക് തോന്നിയിട്ടുള്ളത്.


ഒരു ചെറുത്തുനിൽപ്പ് പോലും സാധ്യമാവാതെ സ്വദേശത്തു നിന്നും പലായനം ചെയ്യേണ്ടി വന്ന ഒരു സ്ത്രീ. കേരളത്തിൽ നിറഞ്ഞുനിന്നിരുന്ന ജാതീയതയുടെ ഒരു ദുരന്തസാക്ഷി. സത്യത്തിൽ പി.കെ.റോസി എന്നിൽ ഉണർത്തുന്നത് കുറ്റബോധമാണ്.

റോസി എനിക്കൊരു നൊമ്പരമാണ്. ആദ്യ നടിയുടെ ഓർമ്മ എന്നിൽ ഉണർത്തുന്നത് ഒരു അപായസൂചനയാണ്. അവർ ജനിച്ചതിന്റെ നൂറ്റി ഇരുപത്തഞ്ചാം വാർഷികത്തിലേക്ക് അടുത്തുകൊണ്ടിരിക്കുന്ന ഈ സമയത്തു പോലും.

സ്ത്രീകൾ അഭിനയിക്കാനായി പോകുന്നത് വേശ്യാവൃത്തിക്ക് സമാനമായി പറയപ്പെട്ടിരുന്ന ഒരു കാലം. ഒരു കലാപ്രവർത്തനം എന്ന നിലയിലോ ഒരു തൊഴിൽ എന്ന നിലയിലോ അഭിനയത്തെ തിരഞ്ഞെടുക്കാൻ സ്ത്രീകൾക്ക് സ്വാതന്ത്ര്യം ഇല്ലാതിരുന്ന ഒരു കാലത്തിന്റെ ദുഃഖസ്മൃതിയാണ് പി.കെ.റോസി. അവർക്ക് അഭിനയം ഒരു കലാപ്രവർത്തനമായിരുന്നോ അതോ ഉപജീവനമായിരുന്നോ എന്ന് എനിക്ക് അന്വേഷിക്കേണ്ടതില്ല, അറിയേണ്ടതില്ല. അതെന്റെ വിഷയമേയല്ല. രണ്ടായാലും അത് അവരുടെ തിരഞ്ഞെടുപ്പാണ്. അതിനെതിരെയുണ്ടായ ഏതൊരാക്രമണവും സ്വാതന്ത്ര്യത്തിന്റെയും ആത്മാഭിമാനത്തിന്റെയും നേർക്കുള്ള കടന്നുകയറ്റമാണ്.

### ജാതീയതയുടെ ഇര

അഭിനയം റോസിക്ക് കലാപ്രവർത്തനമോ ഉപജീവനമോ എന്നത് ഒറ്റ വീക്ഷണകോണിൽ മാത്രമേ എന്റെ വിഷയമാവുന്നുള്ളൂ. അഭിനയമെന്നത് അവർക്ക് കലാപ്രവർത്തനമായിരുന്നുവെങ്കിൽ, നൈസർഗികമായ അഭിനയശേഷി അവരുടെ ആത്മാവിൽ അലിഞ്ഞു ചേർന്നതായിരുന്നുവെങ്കിൽ അതുവഴി ആത്മപ്രകാശനത്തിനുള്ള അവസരം അവർക്ക് നിഷേധിക്കുകയല്ലേ ഈ സമൂഹം ചെയ്തത്.



**സെല്ലുലോയ്ഡ് സിനിമയിലെ ദൃശ്യം**

> **കലാപ്രവർത്തനം എന്ന നിലയിലോ ഒരു തൊഴിൽ എന്ന നിലയിലോ അഭിനയത്തെ തിരഞ്ഞെടുക്കാൻ സ്ത്രീകൾക്ക് സ്വാതന്ത്ര്യം ഇല്ലാതിരുന്ന ഒരു കാലത്തിന്റെ ദുഃഖസ്മൃതിയാണ് പി.കെ.റോസി**

ജാതിയുടെ പേരിൽ, പെണ്ണായതിന്റെ പേരിൽ സ്വന്തം കഴിവ് ഉള്ളിലടക്കി വെച്ച് ജീവിക്കാൻ നിർബന്ധിക്കുകയായിരുന്നില്ലേ. അക്കാര്യം വിലയിരുത്താൻ വിഗതകുമാരന്റെ ഒരു പകർപ്പ് പോലും നമുക്ക് ലഭ്യമായില്ല. അതുകൊണ്ടു തന്നെ അത്തരം വിലയിരുത്തലുകൾക്കൊന്നും പ്രസക്തിയുമില്ല.

പിന്നാക്ക സമുദായത്തിൽ ജനിച്ച ഒരു സ്ത്രീ വെള്ളിത്തിരയിൽ ഒരു ഉന്നതജാതി സ്ത്രീയായി അഭിനയിച്ചു എന്നത് ജാതീയത കൊടികുത്തി വാണിരുന്ന നാട്ടിലെ പ്രബലർക്ക് പ്രകോപനമായിരുന്നു. ആൾക്കൂട്ടം റോസിയുടെ വീടിന് തീയിട്ടപ്പോൾ മറ്റൊരു കൂട്ടം അവിടെ മൂകസാക്ഷിയായി. ജാതിഭ്രാന്തന്മാർ കത്തിച്ച വീടിനുള്ളിൽ എരിഞ്ഞടങ്ങാതെ രക്ഷപ്പെടുകയല്ലാതെ റോസിക്ക് എന്തായിരുന്നു മാർഗം? ജനിച്ച് വളർന്ന സ്വന്തം നാട്ടിൽ നിന്നും ആട്ടിയിറക്കപ്പെട്ട ഒരു മനുഷ്യജന്മം. ശേഷം കാലം മറ്റൊരു ആൾക്കൂട്ടത്തിനുള്ളിൽ മറഞ്ഞു ജീവിക്കേണ്ടി വന്ന ആ ജന്മത്തിന്. റോസിക്ക് മാത്രമല്ല അവരുടെ വീട്ടുകാർക്കു പോലും സ്വന്തം വീട് വിറ്റ് നാടുവിടേണ്ടി വന്നു. എന്തൊരു ആത്മസംഘർഷമായിരിക്കും നമ്മുടെ ആദ്യ ചലച്ചിത്ര നായിക അനുഭവിച്ചിട്ടുണ്ടാവുകയെന്നോർക്കുമ്പോൾ നടുങ്ങിപ്പോവാതിരിക്കുന്നതെങ്ങനെയാണ്. പ്രത്യേകിച്ച് ചലച്ചിത്രമേഖലയിൽ നിൽക്കുന്നവർ ഇന്ന് അനുഭവിക്കുന്ന താരത്തിളക്കത്തിന്റെ 'ഇന്നലെ' അതാണെന്നു കൂടി ഓർക്കുമ്പോൾ.

പിന്നീട് എപ്പോഴോ ദളിത് രാഷ്ട്രീയം പറയുന്ന ഒരു ശീലവും സാഹചര്യവും വരേണ്ടി വന്നു നമുക്ക് റോസിയെ തിരിച്ചറിയാൻ; ഓർമ്മകൾ പൊടിതട്ടിയെടുത്തു അവരോധിക്കാൻ.

### ചരിത്രത്തിൽ അടയാളപ്പെടുത്തിയ റോസി

സിനിമാ ചരിത്രകാരനായ ചേലങ്ങാട്ട് ഗോപാലകൃഷ്ണന്റെ 'സിനിമയുടെ ചരിത്രം' എന്ന സിനിമാചരിത്ര ഗ്രന്ഥ



ത്തിൽ റോസിയുടെ ജീവിതം പറഞ്ഞിട്ടുണ്ട്. പിന്നീട് റോസിയുടെ ജീവിതത്തെ ഇതിവൃത്തമാക്കി കുരീപ്പുഴ ശ്രീകുമാർ രചിച്ച 'നടിയുടെ രാത്രി' എന്ന കവിതയാണ് റോസിയുടെ ജീവിതത്തിലേക്ക് വെളിച്ചം വീശാൻ കാരണമായത്. അതിനുശേഷം വിനു എബ്രഹാം രചിച്ച കഥയാണ് 'നഷ്ടനായിക'. വിനു എബ്രഹാമിന്റെ 'നഷ്ടനായിക' എന്ന കഥയേയും ചേലങ്ങാട്ട് ഗോപാലകൃഷണന്റെ 'സിനിമയുടെ ചരിത്രം' എന്ന സിനിമാചരിത്രഗ്രന്ഥത്തേയും ആസ്പദമാക്കി കമൽ സംവിധാനം ചെയ്ത് 2013-ൽ പുറത്തിറങ്ങിയ സെല്ലുലോയ്ഡ് എന്ന ചിത്രം റോസിയുടെ ജീവിതത്തെക്കുറിച്ചുള്ള ചർച്ചകൾ വീണ്ടും സജീവ



വിഗതകുമാരൻ ഒരു ദൃശ്യം

മാക്കി. 2016-ൽ റോസിയുടെ ജീവിതം ആസ്പദമാക്കി പാലാകമ്മ്യൂണിക്കേഷൻസ് 'മധുരനൊമ്പരപ്പൊട്ട്' എന്ന നാടകം അരങ്ങിലെത്തിച്ചു. 2016-ലെ പ്രൊഫഷണൽ നാടകമത്സരത്തിൽ മികച്ച രണ്ടാമത്തെ നാടകത്തിനുള്ള പുരസ്കാരം ഈ നാടകത്തിനു ലഭിച്ചു.

റോസിയുടെ ജീവിതത്തെ ആസ്പദമാക്കി ഈ സാഹിത്യ-കലാ ഭാഷ്യങ്ങൾ പുറത്തു വന്ന ഘട്ടങ്ങളിലെല്ലാം അവരുടെ ജീവിതത്തെയും യാതനകളെയും കുറിച്ച് മലയാളി ചർച്ച ചെയ്തു. എന്നാൽ ആ ചർച്ചകൾ അതാതു കാലത്തെ ഒരു 'ട്രെൻഡ്' എന്ന നിലയിൽ ഉപരിപ്ലവമായി മാത്രം ഒതുങ്ങിപ്പോയോ എന്ന് സംശയമുണ്ട്. അവരുടെ നേരനുഭവങ്ങളെ ഇന്നത്തെ കാലവുമായി ചേർത്തു വെച്ച് പരിശോധിക്കുന്നതിൽ നമ്മൾ എത്രമാത്രം ആത്മാർഥത പുലർത്തിയെന്ന് ഒരു സമൂഹമെന്ന നിലയിൽ മലയാളി സ്വയം ചോദിക്കണം.

## കാലം പഠിപ്പിക്കുന്നത്

റോസിയുടെ കാലത്തു നിന്നൊക്കെ നമ്മൾ വല്ലാതെ പുരോഗമിച്ചു എന്നാണ് നമ്മൾ കരുതിയിരിക്കുന്നത്. പലരും അത് എടുത്തു പറയാറുമുണ്ട്. പക്ഷേ പി.കെ. റോസിയുടെ യുഗത്തിലേക്കല്ലേ വാസ്തവത്തിൽ നമ്മൾ നടന്നു കയറിക്കൊണ്ടിരിക്കുന്നത്?

മതത്തിന്റെ മുഖം മൂടിയണിഞ്ഞു ജാതീയത മനുഷ്യനെ വേർതിരിക്കുന്ന വർത്തമാനകാലം. അധികാരം കൈയാളുന്ന രാഷ്ട്രീയ പ്രവർത്തകയായാലും തൊഴിലിടത്തിലെ സാധാരണക്കാരിയായ സ്ത്രീയായാലും ഇന്നും അനുഭവിക്കേണ്ടി വരുന്നത് പ്രാകൃതമായ വാക്കുകളെയും ചിത്രീകരണങ്ങളെയുമാണ്. റോസിയുടെ കാലത്തെപ്പോലെത്തന്നെ ഭൂരിപക്ഷമായ ആൾക്കൂട്ടം ഇപ്പോഴും മൂകസാക്ഷികളാണ്. ചെറുത്തുനിൽപ്പിന് അവസരം ഉണ്ട് എന്നതൊഴിച്ചാൽ ലോകം പ്രാകൃതമാണ്. ജനിച്ച മണ്ണിൽ ഇന്നും മനുഷ്യർ നാടുകടത്തലിന്റെ ഭയപ്പാടിലാണ്.


പി.കെ.റോസി ഒരു ഓർമ്മപ്പെടുത്തൽ ആവണം, ഒരു വിളിച്ചുണർത്തൽ ആവണം, ഒരു പ്രേരണയാവണം. പിന്നീട്ടു വന്ന സ്ത്രീകൾക്ക് അവരവരുടേതായ മണ്ഡലങ്ങളിൽ പ്രതികരിക്കാനും ചോദ്യം ചെയ്യാനും അത്തരം അവസ്ഥ ഉണ്ടാവാതെ നോക്കാനും പി.കെ.റോസിയുടെ ജീവിതവും ദുരന്തവുമൊക്കെ വഴിയൊരുക്കിയെന്നുള്ളത് വസ്തുതയാണ്. അന്നത്തെ കാലത്തേയ്ക്ക് നമ്മൾ ഇനി തിരിച്ച്



പോവുന്നുണ്ടോ എന്നും, ഇന്ന് നമ്മൾ എവിടെയെത്തി നിൽക്കുന്നു എന്നും വിമർശനാത്മകമായി ചിന്തിപ്പിക്കാൻ പി.കെ. റോസിയുടെ ഓർമ്മകൾക്ക് കഴിയണം.

ഏത് മേഖലയിലായാലും ശോഭിച്ചു നിൽക്കുന്ന സ്ത്രീകളുടെ വിജയവും കഴിവും അംഗീകരിക്കാൻ വൈമുഖ്യമുള്ള മനുഷ്യരെ ഇന്നും ചുറ്റും കാണാൻ കഴിയുന്നുണ്ട് എന്നതുകൊണ്ടാണ് ഇത് എടുത്തു പറയുന്നത്. പി.കെ.റോസി മലയാളത്തിന്റെ ആദ്യ നടിയും നമ്മുടെയെല്ലാം അഭിമാനവുമാണ്. അവരുടെ അനുഭവം ഇനി മറ്റാർക്കും ഉണ്ടാവാതെ ഇരിക്കട്ടെ.■

ദുർഗ മാലതി, ചിത്രകാരി



പ്രതിഭാധനയായ ഒരു സ്ത്രീയ്ക്ക് തന്റെ ചിന്തകളെയും അനുഭവങ്ങളെയും ലോകത്തോട് കലയുടെ ഭാഷയിൽ പങ്കുവെക്കാനുള്ള അവകാശം ഉറപ്പിക്കുന്ന ഒരു നിശബ്ദ പ്രഖ്യാപനമായിരുന്നു പത്മിനി നടത്തിയത്



# കാലത്തോട് കലഹിച്ച ചിത്രകാരി

കേരളത്തിന്റെ ആധുനിക ചിത്രകലാ ചരിത്രത്തെ സമ്പന്നമാക്കിയ പല അപൂർവ പ്രതിഭകളുടേയും കലാസൃഷ്ടികൾ ജനമനസ്സുകളിൽ നിറം മങ്ങാതെ നിലനിൽക്കുന്നത് പലപ്പോഴും വിപ്ലവാത്മകമായ തുറന്ന പ്രഖ്യാപനങ്ങളിലൂടെയോ അത്യാഹ്ലാദത്തിന്റെ കാഴ്ചാസുഖം നൽകുന്ന നിറഭേദങ്ങളിലൂടെയോ അല്ല. മറിച്ച് നിശബ്ദതയുടേയും ആത്മസംഘർഷങ്ങളുടേയും ഒരു ആന്തരിക ലോകത്തിന്റെ ആഴവും പരപ്പും നമുക്ക് മുന്നിൽ നിറങ്ങളിലൂടെയും വരകളിലൂടെയും ദൃശ്യവത്കരിച്ചുകൊണ്ടാണ്. കേരളത്തിന്റെ വിഖ്യാത ചിത്രകാരി ടി.കെ.പത്മിനി അത്തരത്തിൽ ആധുനിക ചിത്രകലയിലെ അപൂർവവും കരുത്തുറ്റതുമായ ഒരു സാന്നിധ്യമായിരുന്നു.

വെറും ഇരുപത്തിയൊമ്പത് വർഷങ്ങൾ മാത്രം നീണ്ടുനിന്ന ജീവിത യാത്രയിൽ അവർ സൃഷ്ടിച്ച ദൃശ്യലോകം ഇന്നും പുനർവായനകൾക്ക് വിധേയമാകുന്നു. സിദ്ധാന്തപരമായ പ്രഘോഷണങ്ങൾ നടത്തുകയോ വലിയ കലാപ്രസ്ഥാനങ്ങളുടെ ഭാഗമാകുകയോ ചെയ്തിരുന്നില്ലെങ്കിലും തന്റെ ഓരോ ചിത്രവും സ്ത്രീയുടെ ആന്തരിക സംഘർഷങ്ങളെയും അസ്തിത്വ ബോധത്തേയും ഉൾക്കൊള്ളുന്ന ഒരു നൂതന ദൃശ്യഭാഷയിലൂടെ സ്വയം തിരിച്ചറിയാനുള്ള, നവീകരിക്കാനുള്ള, ലോകത്തെ പുതിയ വീക്ഷണകോണിലൂടെ നോക്കിക്കാണാനുള്ള ശക്തിയും ഉൾക്കാഴ്ചയും നൽകുന്ന നിശബ്ദ രാഷ്ട്രീയമായി അവർ ആവിഷ്കരിച്ചു.

## ആവിഷ്കാരത്തിലെ സ്വാതന്ത്ര്യപ്രഖ്യാപനം

പത്മിനിയെ അനുസ്മരിക്കുന്നത് ആവിഷ്കാര സ്വാതന്ത്ര്യത്തിലെ ലിംഗ അസമത്വവും പുരുഷാധിപത്യ സമൂഹവും ഒരു കാലഘട്ടത്തിന്റെ സർഗാത്മകതയുമായി ബന്ധപ്പെട്ട ആന്തരിക ചോദനകളെ എപ്രകാരം സ്വാധീനിച്ചു എന്ന പുനർവായനയ്ക്ക് സമമാണ്. പത്മിനിയുടെ കലാജീവിതം സ്ത്രീയുടെ അനന്തമായ സാധ്യതകളെ അവൾ തന്നെ തിരിച്ചറിയേണ്ടതുണ്ട് എന്നതിന്റെ ഉത്തമ ഉദാഹരണമാണ്. പ്രതിഭാധനയായ ഒരു സ്ത്രീയ്ക്ക് തന്റെ ചിന്തകളെയും അനുഭവങ്ങളെയും ലോകത്തോട് കലയുടെ ഭാഷയിൽ പങ്കുവെക്കാനുള്ള അവകാശം ഉറപ്പിക്കുന്ന ഒരു നിശബ്ദ പ്രഖ്യാപനമായിരുന്നു പത്മിനി നടത്തിയത് എന്ന യാഥാർഥ്യം ഇന്നത്തെ ചിത്രകാരികൾക്ക് മുന്നോട്ട് ചലിക്കാനും തന്റെ ചിന്തകളെ നിറങ്ങളിലൂടെ പ്രതിഫലിപ്പിക്കാനും ഊർജ്ജം നൽകുന്നു.

1960-കളിൽ കേരളത്തിലെ സാമൂഹിക സാംസ്കാരിക സാഹചര്യങ്ങളിൽ ഒരു പെൺകുട്ടി ചിത്രരചന പഠിക്കാൻ ചെന്നൈയിലേക്ക് പുറപ്പെടുന്നത് വിദ്യാഭ്യാസപരമായ അവകാശമുറപ്പിക്കൽ മാത്രമല്ല സ്ത്രീകളെ നിയന്ത്രണ വലയത്തിൽ ഒതുക്കുന്ന ഒരു സാമൂഹിക വ്യവസ്ഥയെ നിശബ്ദമായി ചോദ്യം ചെയ്യുകയായിരുന്നു. ഇതൊരു പ്രതിഷേധം എന്ന നിലയിൽ എവിടെയും ഉയർത്തിക്കാണിക്കാതെ സർഗാത്മകതയുള്ള ഒരു വ്യക്തിയുടെ സ്വാഭാവികമായ അസ്തിത്വ അവകാശമായി മാത്രം കണക്കിലെടുത്ത് ജീവിച്ചു എന്നുള്ളതിലൂടെ നമ്മൾ അവരുടെ ശക്തിയും മഹത്വവും വായിച്ചെടുക്കേണ്ടതുണ്ട്. ആ നീക്കത്തിലുടനീളം ചിത്രകലയെ കൂടുതൽ അറിയാനുള്ള പത്മിനിയുടെ വ്യക്തിപരമായ താത്പര്യവും അവരുടെ ചുറ്റുമുള്ള പുരോഗമന ബോധമുള്ള മനുഷ്യരുടെ പിന്തുണയും സമൂഹത്തിന്റെ നിയന്ത്രണങ്ങളും എല്ലാം കൂടിച്ചേർന്ന വിചിത്രമായ ഒരു സമവാക്യം നമുക്ക് കാണാം.

## അരുതുകൾ തടയാത്ത ദൃശ്യഭാഷ

ഈ സാഹചര്യങ്ങളെ എല്ലാം അപ്രസക്തമാക്കിക്കൊണ്ട് അവർ തന്റെ കലയിലൂടെ രൂപപ്പെടുത്തിയ ലോകം വ്യത്യസ്തമായ ഒരു അനുഭവത്തിലേക്ക് നമ്മെ നയിക്കുന്നു. ഒരു 'സ്ത്രീയുടെ ലോകം' എന്ന ലളിതമായ വർഗീകരണത്തിൽ ഒതുക്കാൻ സാധിക്കാത്ത വിധം മനുഷ്യനും പ്രകൃതിയും തമ്മിലുള്ള പാരസ്പര്യം തിരയുന്ന ഒരു ദൃശ്യഭാഷയുടെ ശൈലി അവർ നിർമ്മിച്ചു. സ്ത്രീകളെ ഗൃഹാന്തരവാസികൾ ആയി മാത്രം ചിത്രീകരിക്കാതെ ഭൂമിയോടും ജലത്തോടും ഇരുട്ടിനോടും ചേർന്ന് നിലകൊള്ളുന്ന ജീവന്റെ അസംസ്കൃത ശക്തിയായി അവർ അവതരിപ്പിച്ചു.

ഇരുണ്ട നിറങ്ങളും കട്ടികൂടിയ രേഖകളും പത്മിനിയുടെ ചിത്രങ്ങളുടെ പ്രത്യേകതയാ



ടി കെ പത്മിനിയുടെ ഒരു ചിത്രം

> ഒരു 'സ്ത്രീയുടെ ലോകം' എന്ന ലളിതമായ വർഗീകരണത്തിൽ ഒതുക്കാൻ സാധിക്കാത്ത വിധം മനുഷ്യനും പ്രകൃതിയും തമ്മിലുള്ള പാരസ്പര്യം തിരയുന്ന ഒരു ദൃശ്യഭാഷയുടെ ശൈലി അവർ നിർമ്മിച്ചു

ണ്. 'കേരളത്തിന്റെ അമൃത ഷെർഗിൽ' എന്ന് വിശേഷിപ്പിക്കുന്ന പത്മിനിയുടെ ചിത്രങ്ങൾ അബ്സ്ട്രാക്റ്റ്, റൊമാന്റിക്, എക്സ്പ്രഷനിസ്റ്റ് ഗണങ്ങളിൽ പെടുത്താവുന്നതാണ്. 1960 മുതൽ 69 വരെയുള്ള കാലയളവിൽ 30 എണ്ണച്ചായ ചിത്രങ്ങൾ ഉൾപ്പെടെ 230 ചിത്രങ്ങൾ വരച്ചു.

ക്ഷേത്ര രൂപങ്ങളും കൽവിളക്കുകളും സർപ്പക്കാവുകളും കളങ്ങളും ഇഴചേർന്നതായിരുന്നു പത്മിനിയുടെ ആദ്യകാല ചിത്രങ്ങൾ. പിന്നീട് അക്കാലത്തെ സദാചാര പരിമിതികൾ ലംഘിച്ചുകൊണ്ട് അതീവ ധൈര്യത്തോടെ വരച്ച ആൺ -പെൺ നഗ്ന രൂപങ്ങൾ അവരെ ഈ മേഖലയിൽ വേറിട്ട് നിർത്തി. ചിത്രങ്ങളിൽ 'എത്രത്തോളം നഗ്നതയാകാം' എന്ന തരത്തിലുള്ള സദാചാര ആശങ്കകളും സങ്കുചിത മനോഭാവവും പുരുഷ ചിന്തകർ പോലും പുലർത്തിയിരുന്ന ഒരു കാലഘട്ടത്തിൽ സംശയലേശമെന്യേ ഭാവതീവ്രതയുള്ള മനുഷ്യശരീരങ്ങളെ ആവിഷ്കരിച്ചുകൊണ്ട് അവർ ഇന്ത്യൻ ചിത്രകലയെ പുതുയുഗത്തിലേക്ക് നയിക്കുന്ന നവീകരണ പ്രക്രിയയുടെ ഭാഗമായി.

കാലത്തിനോ, ദേശത്തിനോ, കുടുംബവ്യവസ്ഥിതിക്കോ മെരുക്കാൻ കഴിയാത്ത, സ്വന്തം ഭാവനാലോകത്ത് സ്വതന്ത്രമായി വിഹരിച്ചിരുന്ന പത്മിനി പുറം ലോകത്തെ കെട്ടുകാഴ്ചകളുടെയോ ബഹളങ്ങളുടേയോ ഭാഗമാകാൻ ആഗ്രഹിച്ചിരുന്നില്ല. യാഥാർഥ്യങ്ങളെ പുനരാവിഷ്കരിക്കുന്നത് മാത്രമല്ല കലയെന്ന് തന്റെ ക്യാൻവാസിലൂടെ നിരന്തരം വിളിച്ചു പറഞ്ഞ അവർ സൃഷ്ടിപരമായ ശക്തിയെ വെളിപ്പെടുത്തുന്ന ഒരു ആന്തരിക ലോകം നമുക്ക് മുന്നിൽ അനാവൃതമാക്കി.



പത്മിനിയുടെ ചിത്രങ്ങളിലെ നഗ്നത വളരെയേറെ ചർച്ച ചെയ്യപ്പെട്ടിരുന്നു. അവരുടെ ചിത്രങ്ങളിലെ മനുഷ്യരൂപങ്ങൾ, പ്രത്യേകിച്ച് സ്ത്രീരൂപങ്ങൾ പരമ്പരാഗത സൗന്ദര്യ ബോധത്തെ തൃപ്തിപ്പെടുത്തുന്നവയോ ശരീരഭംഗി പ്രദർശിപ്പിക്കുന്നവയോ ആയിരുന്നില്ല. മറിച്ച് ശരീരത്തിന്റെ സ്വാഭാവിക സാന്നിധ്യത്തെ അതിന്റെ ജീവലാവണ്യവും ഭൗതികതയും ഉൾക്കൊണ്ട് പ്രകൃതിയുടെ ഭാഗമായി അവതരിപ്പിച്ചു. ഒരു കുഞ്ഞ് അമ്മയുടെ ശരീരത്തെ കാണുന്ന നിർവ്യാജതയിൽ ശരീരത്തെ അവതരിപ്പിച്ചുകൊണ്ട് സ്ത്രീശരീരത്തെ വസ്തുവൽക്കരിക്കുന്നതിനെ ശക്തമായും നിശബ്ദമായും ചോദ്യം ചെയ്യുന്നു.

## കലാചരിത്രത്തിന്റെ അവിഭാജ്യഘടകം

പല പഠനങ്ങളും അവരുടെ അന്തർമുഖ സ്വഭാവത്തെക്കുറിച്ച് സൂചിപ്പിക്കുന്നുണ്ട്. വ്യക്തിപരമായ സ്വഭാവ സവിശേഷതയോ പരിമിതിയോ എന്നതിനപ്പുറം വാക്കുകൾക്കതീതമായ അനുഭവങ്ങളെ രേഖപ്പെടുത്താനുള്ള ഒരു ദാർശനിക നിലപാടായി ആ മൗനത്തെ പുനർവായിക്കാൻ നമ്മൾ ശ്രദ്ധിക്കേണ്ടതുണ്ട്. ചിത്രങ്ങളിൽ കാണുന്ന ഏകാന്തതയുടേയും ദുഃഖത്തിന്റെയും സൂചനകൾ വ്യക്തിജീവിതവുമായി ബന്ധപ്പെടുത്തി വായിക്കപ്പെട്ടിട്ടുണ്ട്. അതിനുമപ്പുറം സ്ത്രീയുടെ അസ്തിത്വവും സർഗാത്മകതയും സ്വാതന്ത്ര്യവും ആഗ്രഹങ്ങളും ഒരു പുരുഷാധിപത്യ സമൂഹത്തിൽ എപ്രകാരം പ്രതിഫലിക്കപ്പെടുന്നു എന്നതിന്റെ ദൃശ്യാവിഷ്കാരങ്ങളാണ് ഈ ചിത്രങ്ങളുടെ അടിത്തറയെന്ന ബൃഹത്തായ അർത്ഥതലം കൂടി നമ്മൾ വായിച്ചെടുക്കേണ്ടതുണ്ട്.

പത്മിനി ജീവിച്ച കാലഘട്ടം കേരളത്തിൽ സാമൂഹിക പരിഷ്കരണങ്ങളും വിദ്യാഭ്യാസ വിപുലീകരണവും നടന്നുകൊണ്ടിരുന്ന കാലമായിരുന്നു. എങ്കിലും ആ പുരോഗതിയുടെ പുറന്തോടിനടിയിൽ ജാതിയും ലിംഗവിവേചനവും ശക്തമായി നിലനിന്നിരുന്നു. ഇത്തരം വിരുദ്ധതകൾക്കിടയിലൂടെയാണ് സ്ത്രീയുടെ അസ്തിത്വത്തിന്റെ സ്വാതന്ത്ര്യ പ്രഖ്യാപനം എന്ന തരത്തിലുള്ള കലാവിഷ്കാരം പത്മിനി നടത്തിയത് എന്നത് ശ്രദ്ധേയമാണ്.

ഇന്നും പത്മിനിയെ അനുസ്മരിക്കുമ്പോൾ ഉയരുന്ന ഒരു ചോദ്യമുണ്ട്. എന്തുകൊണ്ട് അവർ 'ഒറ്റപ്പെട്ട പ്രതിഭയായി' മാത്രം ഓർമ്മിക്കപ്പെടുന്നു എന്നും എന്തുകൊണ്ട് അവരുടെ കലാപ്രവർത്തനം സമഗ്രമായ കലാചരിത്രത്തിന്റെ ഭാഗമാവാൻ വൈകിയെന്നും ചിന്തിച്ചുകൊണ്ട് നമ്മുടെ സാംസ്കാരിക ബോധ്യങ്ങളെ നാം പുനഃപരിശോധിക്കേണ്ടതുണ്ട്. കലാചരിത്രം രേഖപ്പെടുത്തുന്ന രീതിയിലെ മുൻഗണനകളും വേർതിരിവുകളും സ്ത്രീകളുടെ സർഗാത്മക പ്രവർത്തനങ്ങൾക്ക് വിലങ്ങുതടിയാവുന്നു എന്ന് തിരിച്ചറിയാൻ ഏറ്റവും മികച്ച ഉദാഹരണമാണ് പത്മിനിയുടേത്. പത്മിനിയുടെ പാത പിന്തുടർന്ന നിരവധി സ്ത്രീ ചിത്രകലാകാരരുടെ ദൃശ്യത ഇന്നും പരിമിതമാണ്. വ്യക്തിപരമായ പ്രശ്നത്തിനപ്പുറം ഇതൊരു വ്യവസ്ഥാപരമായ പ്രശ്നമാണെന്ന് തിരിച്ചറിയേണ്ടതുണ്ട്.

പത്മിനിയുടെ ജീവിതം ഹ്രസ്വമെങ്കിലും കാലാതീതമായ അവരുടെ കലാസൃഷ്ടികൾ ഇന്നത്തെ കലാലോകത്തിന്റെ ഭാഗമായ ജനാധിപത്യ രീതികളുടേയും ലിംഗനീതിയുടേയും ദൃശ്യ സമവാക്യങ്ങളെ നവീകരിക്കാൻ സഹായകമാകുന്ന പഠന സഹായിയായി വികസിപ്പിക്കേണ്ടതുണ്ട്. ■





മോഹിനിയാട്ടത്തിന് ഇന്നുള്ള പ്രാധാന്യത്തിന് പിന്നിൽ കലാമണ്ഡലം കല്യാണിക്കുട്ടിയമ്മയുടെ അതുല്യമായ പരിശ്രമമാണെന്ന് നിസ്സംശയം പറയാൻ കഴിയും



# മോഹനം ഈ ജീവിതം

ശാസ്ത്രീയ നൃത്തമേഖലയിൽ കേരളത്തിന്റെ സ്വന്തമെന്നറിയപ്പെടുന്ന നൃത്തരൂപമാണ് മോഹിനിയാട്ടം. നൃത്താഭ്യസനത്തിലും അവതരണത്തിലുമൊക്കെ മോഹിനിയാട്ടത്തിന് ഇന്ന് എത്രത്തോളം പ്രാധാന്യമുണ്ടെന്നത് പ്രത്യേകം എടുത്തു പറയേണ്ടതില്ല. മോഹിനിയാട്ടത്തിന് ഇന്നുള്ള പ്രാധാന്യത്തിന് പിന്നിൽ കലാമണ്ഡലം കല്യാണിക്കുട്ടിയമ്മയുടെ അതുല്യമായ പരിശ്രമമാണെന്ന് നിസംശയം പറയാൻ കഴിയും.

മോഹിനിയാട്ടത്തിന്റെ പുനരുജ്ജീവനത്തിൽ അവർ നിർണ്ണായക പങ്ക് വഹിച്ചു. പെൺകുട്ടികൾക്ക് നിയന്ത്രണങ്ങൾ ഏറെയുണ്ടായിരുന്ന കാലഘട്ടത്തിൽ, സധൈര്യം നൃത്ത





**കലാമണ്ഡലം കല്യാണിക്കുട്ടിയമ്മ**

ലോകത്തിലേക്ക് അവർ പ്രവേശിച്ചു. മഹാകവി വള്ളത്തോൾ അവരുടെ കഴിവ് തിരിച്ചറിഞ്ഞ് കലാമണ്ഡലത്തിന്റെ അഭിമാനമായി കണ്ട് അതിനനുസരിച്ചുള്ള സ്ഥാനം അവിടെ നൽകി. അങ്ങനെ അവർ "കലാമണ്ഡലം കല്യാണിക്കുട്ടിയമ്മ"യായി അറിയപ്പെട്ടു.

കലാമണ്ഡലം കല്യാണിക്കുട്ടിയമ്മയുടെ 'മോഹിനിയാട്ടം ചരിത്രവും ആട്ടപ്രകാരവും' എന്ന പുസ്തകത്തെ ആശ്രയിച്ച് അവരുടെ ജീവിതയാത്ര പിന്തുടരുമ്പോൾ, 1950-കളിൽ ഉണ്ടായ ഒരു നിർണ്ണായക സംഭവത്തെക്കുറിച്ച് അവർ പറയുന്നുണ്ട്. ആ കാലഘട്ടത്തിൽ മഹാകവി വള്ളത്തോൾ കല്യാണിക്കുട്ടിയമ്മയെ കാണണമെന്ന് ആവശ്യപ്പെട്ടു. അതനുസരിച്ച് അവർ അദ്ദേഹത്തിന്റെ വസതിയിലെത്തുകയും ചെയ്തു. അന്ന് മഹാകവി കിടപ്പിലായിരുന്നുവെങ്കിലും, ഒരു മഹത്തായ ദൗത്യം അവർക്കായി അദ്ദേഹം ഏൽപ്പിച്ചു.

അദ്ദേഹം പറഞ്ഞു: കഥകളിയെ ഞാൻ ആഗ്രഹിച്ച ഉയരത്തിലേക്ക് എത്തിച്ചു. എന്നാൽ മോഹിനിയാട്ടത്തിനായി അത്ര ചെയ്യാൻ കഴിഞ്ഞില്ല. അതിൽ നിന്ന് പല ഭാഗങ്ങളും നഷ്ടപ്പെട്ടിട്ടുണ്ട്. അവ കണ്ടെത്തി പുനരുജ്ജീവിപ്പിക്കുകയും, മിഴിവും പ്രചാരവും നൽകി അതിനെ ഒരു ഉയർന്ന സ്ഥാനത്തെത്തിക്കുകയും ചെയ്യേണ്ടത് ഇനി നിന്റെ ഉത്തരവാദിത്വമാണ്.

ഈ വാക്കുകൾ കേട്ടപ്പോൾ കല്യാണിക്കുട്ടിയമ്മ ഒരു നിമിഷം പരിഭ്രമിച്ചു. "എനിക്കത് എങ്ങനെ സാധിക്കും" എന്ന ശങ്ക അവരെ അലട്ടിയെങ്കിലും മഹാകവി അവരെ ആത്മവിശ്വാസത്തോടെ പ്രേരിപ്പിച്ചു: "നിനക്കത് കഴിയും. പരിഭ്രമിക്കാതെ പരിശ്രമിക്കൂ. മനുഷ്യപ്രയത്നം കൊണ്ട് സാധിക്കാത്തതൊന്നുമില്ല. മോഹിനിയാട്ടത്തെ ഞാൻ നിന്റെ കയ്യിൽ ഏൽപ്പിക്കുന്നു."

ഈ വാക്കുകളാണ് കല്യാണിക്കുട്ടിയമ്മയ്ക്ക് അതുല്യമായ പ്രചോദനമായത്. ആ ആത്മവിശ്വാസവും ദൗത്യബോധവും കൊണ്ടാണ് അവർ തന്റെ തുടർച്ചയായ പരിശ്രമങ്ങളിലൂടെ മോഹിനിയാട്ടത്തെ പുനരുജ്ജീവിപ്പിച്ച് ഇന്ന് കാണുന്ന മഹത്വത്തിലേക്ക് ഉയർത്തിയത്.

## ജീവിതവഴിയിലൂടെ

കല്യാണിക്കുട്ടിയമ്മ 1915 സെപ്റ്റംബറിൽ തെക്കേ മലബാറിൽ ജനിച്ചു. എട്ടാം ക്ലാസ് വരെ സ്കൂൾ വിദ്യാഭ്യാസം നേടിയ ശേഷം വീട്ടിലിരുന്ന് സംഗീതവും സംസ്കൃതവും അഭ്യസിച്ചു. 1937-ൽ അവർ കലാമണ്ഡലത്തിൽ വിദ്യാർഥിനിയായി ചേർന്നു. 1938-ൽ മഹാകവി വള്ളത്തോൾ അവരെ "കവയിത്രി" എന്ന ബഹുമതിപദവി നൽകി ആദരിച്ചു.

1940-ൽ കലാമണ്ഡലം കൃഷ്ണൻ നായരുമായി വിവാഹിതയായി. തുടർന്ന് ഗുരു ഗോപിനാഥിന്റെ ചിത്രോദയ കലാലയത്തിൽ അധ്യാപികയായി സേവനം ആരംഭിച്ചു. 1952-53 കാലഘട്ടത്തിൽ ആലുവയിൽ "കേരള

**ആത്മവിശ്വാസവും ദൗത്യബോധവും കൊണ്ടാണ് അവർ തന്റെ തുടർച്ചയായ പരിശ്രമങ്ങളിലൂടെ മോഹിനിയാട്ടത്തെ പുനരുജ്ജീവിപ്പിച്ച് ഇന്ന് കാണുന്ന മഹത്വത്തിലേക്ക് ഉയർത്തിയത്**



കലാലയം" സ്ഥാപിച്ചു. കേന്ദ്ര വിദ്യാഭ്യാസ വകുപ്പിന്റെ ഫെലോഷിപ്പോടെ മോഹിനിയാട്ടത്തെ ആസ്പദമാക്കി ഗവേഷണം നടത്തി.

## പുരസ്കാരങ്ങൾ

നിരവധി പുരസ്കാരങ്ങളും ബഹുമതികളും അവർക്ക് ലഭിച്ചു. കേന്ദ്ര സംഗീത നാടക അക്കാദമി ഫെലോഷിപ്പ് (1972), കേന്ദ്ര - കേരള സംഗീത നാടക അക്കാദമി ഫെലോഷിപ് (1974), കേന്ദ്ര സംഗീത നാടകഅക്കാദമിയിൽ നിന്നും ഗുരുസ്ഥാനം( 1974), കേരള കലാമണ്ഡലം കീർത്തി ശംഖ് (1980), നാട്യപ്രവീണ (1982), 1986ൽ കലാമണ്ഡലം ഫെലോഷിപ്, നാടകങ്ങളിലും സിനിമകളിലും അഭിനയിച്ചതിന് അക്കാദമിയുടെ അനുമോദന സർട്ടിഫിക്കറ്റ്, 1998-ൽ കാളിദാസ പുരസ്കാരം എന്നിവ അവരെ തേടിയെത്തിയ പുരസ്കാരങ്ങളിൽ ചിലതാണ്.

## നൃത്തപഠനവും അധ്യാപനവും

കുട്ടിക്കാലം മുതൽ തന്നെ നടനത്തിനായി ഉഴിഞ്ഞുവെച്ച ജീവിതമായിരുന്നു കല്യാണിക്കുട്ടിയമ്മയുടേത്. കടുത്ത പരിശീലനങ്ങൾ ആദ്യകാലത്ത് ബുദ്ധിമുട്ടായിരുന്നുവെങ്കിലും, അവയെല്ലാം അവർ പുഞ്ചിരിയോടെ നേരിട്ടു. കഥകളിയിലും അവർ പ്രാവീണ്യം നേടിയിരുന്നു. അഭിനയം, നൃത്തം, സംഗീതം, കഥകളി, ഇംഗ്ലീഷ് - ഹിന്ദി ഭാഷകൾ എന്നിവയിൽ പ്രാവീണ്യം നേടിയിരുന്നു ഇവർ.

1937-ൽ കലാമണ്ഡലത്തിൽ ചേർന്ന അവർ, 1940-ൽ വിരമിച്ചു. തുടർന്ന് ചിത്രോദയ കലാലയത്തിൽ നൃത്താധ്യാപികയായി ജോലി ചെയ്തു. സാമ്പത്തിക ബുദ്ധിമുട്ടുകൾ ഉണ്ടായിരുന്നുവെങ്കിലും വിവിധ സ്ഥലങ്ങളിൽ നൃത്തക്ലാസുകൾ നടത്തി മുന്നേറി.

ക്ലാസുകൾ വർധിച്ചതോടെ വീട്ടിലും പുറത്തും ക്ലാസുകൾ ക്രമീകരിച്ച് പരിശീലനം തുടർന്നു. ഈ സമയത്താണ് മഹാകവി വള്ളത്തോൾ അവരെ നേരിൽ കാണണമെന്ന ആവശ്യം ഉന്നയിച്ചതനുസരിച്ച് അവർ അദ്ദേഹത്തിന്റെ വസതിയിലെത്തിയത്.

## മോഹിനിയാട്ടത്തിന്റെ പുനരുത്ഥാനം

മഹാകവിയുടെ വാക്കുകൾ ഏറ്റെടുത്ത കലാമണ്ഡലം കല്യാണിക്കുട്ടിയമ്മയുടെ കലാലയത്തിൽ 1958 മുതൽ പ്രധാന പാഠ്യവിഷയമായി മോഹിനിയാട്ടം ഉൾപ്പെടുത്തി. അവരുടെ മക്കളായ ശ്രീദേവിയും കലാവിജയനും കുട്ടിക്കാലം മുതൽ തന്നെ മോഹിനിയാട്ടം അഭ്യസിച്ചിരുന്നുവെന്നതിനാൽ,



**കലാമണ്ഡലം കൃഷ്ണൻ നായരും കല്യാണിക്കുട്ടിയമ്മയും**

മോഹിനിയാട്ട ക്ലാസുകൾ വളരെ ചിട്ടയോടെയും ക്രമബദ്ധമായും മുന്നോട്ട് കൊണ്ടുപോയി.

കലാമണ്ഡലം കല്യാണിക്കുട്ടിയമ്മയും മക്കളും ചേർന്ന് ബാച്ചുകൾ തിരിച്ച് വിദ്യാർഥികളെ പരിശീലിപ്പിക്കാൻ തുടങ്ങി. ഇങ്ങനെ മോഹിനിയാട്ടത്തിന്റെ ഉയർച്ചയ്ക്കായുള്ള പരിശ്രമം ശക്തമായി ആരംഭിച്ചു.

അടവുകൾക്ക് പ്രത്യേക ചിട്ടകൾ ഒരുക്കുകയും നിരവധി പുതിയ അടവുകൾ ഉൾപ്പെടുത്തുകയും ചെയ്തു. വിദ്യാർഥികൾക്ക് എളുപ്പത്തിൽ ഗ്രഹിക്കാനും അഭ്യസിക്കാനും കഴിയുന്ന വിധത്തിൽ അടവുകൾ നാല് ഗണങ്ങളായി തരംതിരിച്ചു. കൂടാതെ, പുതിയ കൃതികൾ ചിട്ടപ്പെടുത്തി. കരണങ്ങൾ, മുദ്രകൾ, ചാരികൾ എന്നിവ ക്രമീകരിച്ച് അവയ്ക്ക് അനുയോജ്യമായ നാമങ്ങൾ നൽകി. നാല് വർഷക്കാലം കൊണ്ട് ക്രമാനുസൃതമായി പഠിക്കാവുന്ന ഒരു സമഗ്ര പഠനക്രമവും അവർ രൂപപ്പെടുത്തി.

ആശാന്മാരിൽ നിന്ന് ലഭിച്ച അറിവിനെ അടിസ്ഥാനമാക്കി നൂറ്റാണ്ടുകൾക്ക് മുൻപ് വിസ്മരിക്കപ്പെട്ട ശ്ലോകങ്ങൾ, സപ്തങ്ങൾ, അഷ്ടപദികൾ എന്നിവയും കണ്ടെത്തി പുനരുജ്ജീവിപ്പിക്കാൻ അവർക്ക് സാധിച്ചു.

ഇതിന്റെ അടിസ്ഥാനത്തിൽ മോഹിനിയാട്ടത്തിന്റെ നിയമങ്ങളും ചിട്ടകളും പരിശീലനരീതികളും ഉൾക്കൊള്ളുന്ന ഒരു ഗ്രന്ഥവും അവർ രചിച്ചു. മുൻകാലങ്ങളിൽ മണിക്കൂറുകളോളം നീണ്ടുനിന്നിരുന്ന മോഹിനിയാട്ട കച്ചേരികളെ, കലാമൂല്യം കുറയാതെ ഏകദേശം രണ്ടര മണിക്കൂറായി ചുരുക്കി "മോഹിനിയാട്ടം കച്ചേരി" എന്ന രൂപത്തിൽ വിവിധ വേദികളിൽ അവതരിപ്പിക്കാൻ തുടങ്ങി.

ഇതോടൊപ്പം, വ്യത്യസ്ത സ്വഭാവമുള്ള മൂന്ന് മോഹിനിയാട്ട കച്ചേരി ഇനങ്ങളും അവർ രൂപപ്പെടുത്തിയെടുത്തു. നൃത്തകലാലോകത്തിന് പകരം വെക്കാനില്ലാത്ത സംഭാവനകൾ നൽകി ഒരു ജന്മം സാർഥകമാക്കി 1999 മെയ് 12-ന് അവർ അന്തരിച്ചു. അവരുടെ മക്കളായ ശ്രീദേവി രാജനും കലാവിജയനും ഇന്നും അമ്മ ഏറ്റെടുത്ത ദൗത്യത്തിന്റെ നേരവകാശികളായി ഈ കലാരൂപത്തിന് വിലപ്പെട്ട സംഭാവനകൾ നൽകി വരുന്നു.■

**കലാമണ്ഡലം അമൃത എം എ** ഗവേഷക വിദ്യാർഥിനി



കൂടിയാട്ടത്തെ ക്ഷേത്രപരിധികളിൽ നിന്ന് ലോകവേദിയിലേക്ക് എത്തിച്ച യാത്രയിൽ മാർഗി സതി വെട്ടിത്തെളിച്ച പാത ഇന്നും അനേകം കലാകാരികൾ പിന്തുടരുന്നു

# നങ്ങ്യാർക്കൂത്തിന്റെ മാർഗ്ഗദീപം



ഫോട്ടോ: മാർഗി

നങ്ങ്യാർക്കൂത്ത്, കൂടിയാട്ടം എന്നീ കലാരൂപങ്ങളുടെ പേര് കേൾക്കുമ്പോൾ തന്നെ ഏതൊരാളുടെയും മനസ്സിലേയ്ക്ക് ആദ്യമെത്തുന്ന മുഖമാണ് മാർഗി സതിയുടേത്. അത്രമേൽ ഈ രണ്ട് കലാരൂപങ്ങളോടും സ്വന്തം ജീവിതം കൊണ്ട് ഇഴുകിച്ചേർന്ന മറ്റൊരാൾ ഉണ്ടായിട്ടില്ല എന്നതുതന്നെയാണ് അതിനു കാരണം. ഈ കലകളെ പുനരുദ്ധരിക്കാനും അന്താരാഷ്ട്ര തലത്തിൽ തന്നെ ശ്രദ്ധിക്കപ്പെടുന്നവയാക്കി അവയെ ഉയർത്താനും ജീവിതം തന്നെ ഉഴിഞ്ഞു വെച്ചയാൾ.

രണ്ടു കലകളിലും കലാകാരിയെന്ന നിലയിലും അധ്യാപികയെന്ന നിലയിലും ഒരുപോലെ തിളങ്ങിനിന്നയാൾ. അങ്ങനെ രണ്ടു തലത്തിലും ഒരുപോലെ ശോഭിക്കാൻ കഴിഞ്ഞ വ്യക്തിത്വങ്ങൾ അപൂർവമാണ്. എന്നെപ്പോലെ അനേകം ശിഷ്യർക്ക് ജീവിതത്തിൽ എന്നും വെളിച്ചമായി നിൽക്കുന്ന ഞങ്ങളുടെ സ്വന്തം ടീച്ചർ. നിലവിൽ കൂടിയാട്ടത്തിലെ പ്രാകൃതഭാഷാ പ്രയോഗമെന്ന വിഷയത്തിൽ കേരള കലാമണ്ഡലത്തിൽ ഗവേഷണം നടത്തുമ്പോൾ എനിക്ക് കരുത്തേകുന്നത് ഹൈസ്കൂൾ മുതൽ ബിരുദം വരെ ഇവിടെ ടീച്ചറുടെ കീഴിൽ ലഭിച്ച ശിക്ഷണമാണെന്ന് എനിയ്ക്ക് നിസംശയം പറയാനാവും.

## സതിയിൽനിന്ന് മാർഗി സതിയിലേക്ക്

1965 ൽ സംസ്കൃത പണ്ഡിതനായ സുബ്രഹ്മണ്യൻ എമ്പ്രാന്തിരിയുടെയും പാർവതി അന്തർജനത്തിന്റെയും മകളായി ചെറുതുരുത്തിയിലാണ് പി.എസ്.സതീദേവിയുടെ ജനനം. 1977ൽ പതിനൊന്നാം വയസ്സിൽ കേരള കലാമണ്ഡലത്തിൽ പൈങ്കുളം രാമചാക്യാരുടെ ശിഷ്യയായി കൂടിയാട്ട പഠനം ആരംഭിച്ചു. നീണ്ട എട്ടു വർഷക്കാലം പൈങ്കുളം രാമചാക്യാർ, മാണി മാധവ ചാക്യാർ, അമ്മന്നൂർ മാധവ ചാക്യാർ എന്നിവരുടെ ശിക്ഷണത്തിൽ കൂടിയാട്ടത്തിൽ ഡിപ്ലോമ, പോസ്റ്റ് ഡിപ്ലോമ എന്നിവ കരസ്ഥമാക്കി. കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ സ്കോളർഷിപ് നേടി.

പഠനശേഷം 1988ൽ തിരുവനന്തപുരം മാർഗി കൂടിയാട്ട പഠന കേന്ദ്രത്തിൽ അധ്യാപികയായി ചേർന്നു. അക്കാലത്ത് മാർഗി സ്ഥാപകൻ ഡി.അപ്പുകുട്ടൻ നായർ, ഡോ.കെ.അയ്യപ്പപ്പണിക്കർ എന്നിവരുടെ നേതൃത്വത്തിൽ കേന്ദ്ര സംഗീത നാടക അക്കാദമിയുടെ സഹായ സഹകരണത്തോടെ കൂത്തിന്റെയും കൂടിയാട്ടത്തിന്റെയും പ്രചുരപ്രചാരത്തിനായി നടന്ന പ്രവർത്തനങ്ങളിൽ സജീവ സാന്നിധ്യമായി. ഈ ഘട്ടത്തിലാണ് മാർഗി സതി എന്ന പേരിൽ അറിയപ്പെടാൻ തീരുമാനിക്കുന്നതും. 2001ൽ യുനെസ്കോ കൂടിയാട്ടത്തെ ലോക പൈതൃക കലയായി പ്രഖ്യാപിക്കുന്ന വേളയിൽ തിരഞ്ഞെടുക്കപ്പെട്ട സദസ്സിന് മുന്നിൽ കൂടിയാട്ടം അവതരിപ്പിക്കാനായി ഈ അനുഗൃഹീത കലാകാരിക്ക് സാധിച്ചു. ആയിരത്തിലേറെ അരങ്ങുകളിൽ അവതരിപ്പിക്കപ്പെട്ട വിവിധ കഥാപാത്രങ്ങൾ ഈ കലാകാരിയുടെ പ്രതിഭയും അവതരണ മികവും കൊണ്ട് പ്രേക്ഷക ഹൃദയങ്ങളിൽ സ്ഥാനം നേടി.



മാർഗി സതി

> ആദ്യകാലങ്ങളിൽ ശ്രീകൃഷ്ണചരിതം മാത്രം അവതരിപ്പിച്ചു പോന്നിരുന്ന നങ്ങ്യാർക്കൂത്ത് അരങ്ങിലേക്ക് സീതയുടെ കാഴ്ചപ്പാടിലൂടെ രാമകഥ പറയുന്ന ശ്രീരാമചരിതം ആട്ടപ്രകാരം സമ്പൂർണമായി രചിച്ച് പുതിയ ഒരു അവതരണ സാധ്യത അവർ ആവിഷ്കരിച്ചു.

## പുതുവഴികൾ വെട്ടിത്തെളിച്ച കലാകാരി

മുദ്രകൾ കൊണ്ടും അംഗചലനങ്ങൾ കൊണ്ടും മുഖാഭിനയം കൊണ്ടും കഥാഭിനയം നിർവഹിക്കുന്ന സ്ത്രീ നാട്യകലയായ നങ്ങ്യാർക്കൂത്തിന് മാർഗി സതി നൽകിയ സംഭാവനകൾ വില മതിക്കാനാവാത്തതാണ്. ആദ്യകാലങ്ങളിൽ ശ്രീകൃഷ്ണചരിതം മാത്രം അവതരിപ്പിച്ചു പോന്നിരുന്ന നങ്ങ്യാർക്കൂത്ത് അരങ്ങിലേക്ക് സീതയുടെ കാഴ്ചപ്പാടിലൂടെ രാമകഥ പറയുന്ന ശ്രീരാമചരിതം ആട്ടപ്രകാരം സമ്പൂർണമായി രചിച്ച് പുതിയ ഒരു അവതരണ സാധ്യത അവർ ആവിഷ്കരിച്ചു. ഇതിനു അവർക്ക് വഴികാട്ടിയായത് പി.കെ. നാരായണൻ നമ്പ്യാർ സമ്പാദനം ചെയ്ത് ആട്ടപ്രകാര രചന നിർവഹിച്ച ശ്രീകൃഷ്ണ ചരിതം സമ്പൂർണ ആട്ടപ്രകാരത്തിന്റെ മാതൃകയാണ്. അതിനുശേഷം 2002ൽ കണ്ണകീ ചരിതം ആട്ടപ്രകാര രചനയും നിർവഹിച്ചു. ശ്രീരാമ ചരിതം സമ്പൂർണം, കണ്ണകീ ചരിതം, ഗണപതിയുടെ കഥയായ ഏകദന്ത ചരിതം, ജാപ്പനീസ് കഥയുടെ ആവിഷ്കാരമായ ശാപോപകാരം എന്നീ നങ്ങ്യാർക്കൂത്തുകൾ ചിട്ടപ്പെടുത്തി.

2006ൽ പുറത്തിറങ്ങിയ നോട്ടം എന്ന സിനിമയിൽ കൂടിയാട്ട കലാകാരിയുടെ വേഷം അവതരിപ്പിച്ച് ചലച്ചിത്ര രംഗത്തേക്ക് പ്രവേശിച്ചു. ദൃഷ്ടാന്തം (2007), മേക്കിങ് ഓഫ് എ മാസ്ട്രോ (2010), രാമായണം

(2010), ഇവൻ മേഘരൂപൻ (2012), സ്വപാനം (2014) എന്നീ ചിത്രങ്ങളിലും അഭിനയിച്ചു. 1997ൽ കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയത്തിന്റെ ജൂനിയർ സ്കോളർഷിപ്പ്, 2002ൽ കേരള സംഗീത നാടക അക്കാദമി അവാർഡ്, 2008ൽ കലാദർപ്പണം അവാർഡ്, തിരുവനന്തപുരം തുഞ്ചൻ സ്മാരക സമിതിയുടെ നാട്യരത്ന പുരസ്കാരം എന്നിവ ലഭിച്ചു. ഇടയ്ക്ക കലാകാരനായ എൻ.സുബ്രഹ്മണ്യൻ പോറ്റിയായിരുന്നു ഭർത്താവ്. അധ്യാപികയും പ്രശസ്ത കൂടിയാട്ടം നങ്ങ്യാർകൂത്ത് കലാകാരിയുമായ രേവതി, കേരള കലാമണ്ഡലത്തിലെ ജീവനക്കാരനും ഇടയ്ക്ക കലാകാരനുമായ ദേവനാരായണൻ എന്നിവർ മക്കളാണ്.

## അർപ്പണബോധമുള്ള ഗുരു

ഭർത്താവിന്റെ മരണത്തെത്തുടർന്ന് 2005 മുതൽ സതി ടീച്ചർ കേരള കലാമണ്ഡലത്തിൽ കൂടിയാട്ട വിഭാഗത്തിൽ അധ്യാപികയായി സേവനം ആരംഭിച്ചു. അതിന്റെ തൊട്ടടുത്ത വർഷമാണ് ഞാൻ കലാമണ്ഡലത്തിൽ പഠിക്കാനായി എത്തിയത്. 2006 മുതൽ ടീച്ചർ തന്നെയായിരുന്നു പഠിപ്പിക്കാനായി ഉണ്ടായിരുന്നത്. ഹൈസ്കൂൾ, ഹയർസെക്കൻഡറി, ഡിഗ്രി എന്നിങ്ങനെ ആറേഴ് വർഷക്കാലം ടീച്ചർ തന്നെയായിരുന്നു പഠിപ്പിച്ചിരുന്നത്. കലാമണ്ഡലത്തിലെ അഭ്യസന രീതി എന്നു പറയുന്നത് ഓരോ ബാച്ച് കുട്ടികൾ ഓരോ ടീച്ചർമാരുടെ കീഴിലായിരിക്കും. അത് ഓരോ വർഷം കഴിയുമ്പോഴും മാറി മാറി വരാറുണ്ട്. പക്ഷെ ഞാൻ 2006 ൽ ജോയിൻ ചെയ്ത് ഡിഗ്രിക്കാലം കഴിയുന്നതുവരെയും സതി ടീച്ചർ തന്നെയായിരുന്നു. ഒരു വർഷം പോലും ഒരു മാറ്റം വന്നിട്ടില്ല. അതുകൊണ്ടു തന്നെ ടീച്ചറുടെ കളരിയുമായി വലിയ ബന്ധമാണുള്ളത്. അതിനെപ്പറ്റി ആഴത്തിൽ മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്.

കളരിയിലാണെങ്കിലും പരിപാടിക്ക വേണ്ടിയുള്ള അരങ്ങൊരുക്കത്തിന്റെ കാര്യത്തിലാണെങ്കിലും വ്യക്തിപരമായ കാര്യങ്ങളിലാണെങ്കിലും വളരെ ശാന്തമായും വളരെ വിശദമായും ഓരോ കാര്യങ്ങളും വിശദീകരിച്ച് തരുന്ന ഒരാളായിരുന്നു. ഞങ്ങൾ മാത്രമല്ല, ഏതൊരു കളരിയിലെ കുട്ടിയും അഭിനയ സംബന്ധമായോ അരങ്ങിലെ അവതരണത്തെക്കുറിച്ചോ എന്തെങ്കിലും സംശയങ്ങൾ ചോദിക്കുകയാണെങ്കിൽ ഒട്ടും മടിക്കാതെ എല്ലാവരോടും ഒരമ്മയെപ്പോലെ സ്നേഹപൂർവം പറഞ്ഞു മനസ്സിലാക്കിത്തരുന്ന രീതിയായിരുന്നു ടീച്ചറുടേത്. അതുകൊണ്ടു തന്നെ കലാമണ്ഡലത്തിൽ കൂടിയാട്ടം വിഭാഗത്തിൽ മാത്രമല്ല, നൃത്തവിദ്യാർഥിനികളും സംഗീത വിദ്യാർഥിനികളും അടക്കം എല്ലാവർക്കും ടീച്ചറെ നല്ല ഇഷ്ടമായിരുന്നു.



കലാമണ്ഡലത്തിൽ ചേർന്നു കഴിഞ്ഞാൽ ഹൈസ്കൂളിലെ മൂന്നു വർഷം പൂർത്തിയാക്കിയ ശേഷമാണ് ഒരു അരങ്ങിലേക്ക് പോവുക. ആദ്യമായി അരങ്ങിലേക്കു പോവുമ്പോൾ ഏതു കുട്ടിയായാലും ഒരു പരിഭ്രമമൊക്കെ ഉണ്ടാവും. ടീച്ചറുടെ കളരിയിൽ പഠിച്ചു വന്ന ഒരു കുട്ടിക്ക് ആ പേടിയുണ്ടാവില്ല എന്നതാണ് പ്രത്യേകത. അരങ്ങിലെങ്ങനെ പെരുമാറണം, അവിടെ നമ്മൾ നമ്മുടെ ചലനങ്ങളെങ്ങനെ നിയന്ത്രിക്കണം തുടങ്ങി ഒരുപാടു കാര്യങ്ങൾ ടീച്ചർ കളരിയിൽ നിന്നു തന്നെ പറഞ്ഞു മനസ്സിലാക്കി തന്നിരുന്നു. അത് ടീച്ചറുടെ കളരിയുടെ പ്രത്യേകതയാണ്. ഓരോ സന്ദർഭങ്ങൾ അഭിനയിക്കുന്ന സമയത്ത് എങ്ങനെ ഒരു ചിത്രം നമ്മൾ സങ്കൽപ്പിച്ചെടുക്കണം, ഒരുദാഹരണം പറഞ്ഞാൽ ഒരുദ്യാനമാണെങ്കിൽ അതിനെ എങ്ങനെ സങ്കല്പിക്കണം എങ്ങനെ ആവിഷ്കരിക്കണം ഏതൊക്കെ തരത്തിൽ നമുക്ക് ചിന്തിക്കാം എന്നീക്കാര്യങ്ങളിലൊക്കെ ടീച്ചർ ഒരു തുടക്കം കുറിച്ചു തരും. പിന്നെ നമുക്ക് അതിൽ നിന്ന് വികസിപ്പിച്ചെടുക്കാൻ കഴിയും. ഒന്നും നിർബന്ധിച്ച് പഠിപ്പിക്കുകയോ കാര്യം ഇല്ലാതെ ശിക്ഷിക്കുകയോ ചെയ്തിരുന്നില്ല. കഷ്ടപ്പെട്ടു പഠിക്കരുത് ഇഷ്ടപ്പെട്ട് പഠിക്കണം എന്ന് ടീച്ചർ എപ്പോഴും പറയുമായിരുന്നു. കുട്ടികളെല്ലാവരും അത് ഓർത്തിരിക്കുന്നുമുണ്ട്.

## അരങ്ങനുഭവങ്ങൾ പകർന്നയാൾ

അരങ്ങേറ്റം കഴിഞ്ഞ കാലം മുതൽ തന്നെ ടീച്ചറുടെ സ്വന്തം നിലയ്ക്കുള്ള പരിപാടികളിൽ നമ്മളെയും കൂടെ കൊണ്ടു പോവും. അങ്ങനെ നമുക്ക് കൂടുതൽ അരങ്ങനുഭവങ്ങൾ നേടിത്തന്ന് കൂടുതൽ മെച്ചപ്പെടാനുള്ള അവസരങ്ങൾ ഉണ്ടാക്കിത്തന്നിരുന്നു. ടീച്ചറുടെ കൂടെ പോവുന്ന ഓരോ അരങ്ങുകളും നമുക്ക് ഓരോ പാഠങ്ങളാണ് തരിക. താളത്തിന് പോവുന്ന ആളാണെങ്കിലും അതിന് തൊട്ടു മുമ്പ് കഥപറയുന്നതെങ്ങനെയാണ്, കൂടിയാട്ടം എന്താണെന്ന് എങ്ങനെ പറഞ്ഞു മനസ്സിലാക്കിക്കൊടുക്കണം എന്നതൊക്കെ വിശദമാക്കിത്തരും. ടീച്ചർ നയിക്കുന്ന ശില്പശാലകളിലക്കും ഞങ്ങളെ കൊണ്ടു പോവും. സ്വന്തം വിദ്യാർഥിനികളുടെ പങ്കാളിത്തം അതിലൊക്കെ ഉണ്ടാക്കുക എന്നതായിരുന്നു രീതി. അങ്ങനെ ഭാവിയിൽ ശില്പശാലകൾ നയിക്കാനുള്ള പരിശീലനം പോലും അതുവഴി ഞങ്ങൾക്ക് നൽകി.

കഥാപാത്രത്തെ പൂർണമായി ഉൾക്കൊണ്ട് അവതരിപ്പിക്കുന്നയാളായിരുന്നു സതി ടീച്ചർ. നങ്ങ്യാർക്കൂത്തിൽ പലപല കഥാപാത്രങ്ങളായി പകർന്നാടി അഭിനയിക്കേണ്ടി വരും. ഓരോ കഥാപാത്രത്തിന്റെയും വ്യക്തിത്വം പൂർണമായി ഉൾക്കൊണ്ട് ടീച്ചർ അത് അവതരിപ്പിക്കുമ്പോൾ പ്രേക്ഷകർക്ക് വിരസത എന്ന ഒന്ന് ഉണ്ടാവുകയേയില്ല.

കലാമണ്ഡലത്തിൽ അരങ്ങേറ്റം കഴിഞ്ഞ വിദ്യാർഥികൾക്ക് അരങ്ങു പരിചയത്തിനായി മാസപ്പരിപാടി എന്ന പേരിൽ ക്ലാസ്സ് സമയം കഴിഞ്ഞു വൈകുന്നേരങ്ങളിൽ അവതരണങ്ങൾ ഉണ്ടാവാറുണ്ട്. വിദ്യാർഥികളുടെ രംഗാവതരണങ്ങൾ ഉണ്ടാകുന്ന സമയത്ത്  ടീച്ചർ മുഴുവൻ സമയം അത് ആസ്വദിക്കുകയും ശേഷം അണിയറയിൽ ചെന്ന് വളരെ സൂക്ഷ്മമായി വിലയിരുത്തുകയും അവർക്ക് വേണ്ട നിർദ്ദേശങ്ങൾ വാത്സല്യപൂർവം നൽകുകയും ചെയ്യാറുണ്ട്.

കൂടിയാട്ടം മാത്രമല്ല മറ്റുകലകളും വളരെ നന്നായി ആഴത്തിൽ കണ്ട് ആസ്വദിക്കുന്ന ടീച്ചർ അതിനുശേഷം കളരിയിൽ വരുമ്പോൾ ഞങ്ങളുമായി ആ അരങ്ങു അനുഭവങ്ങൾ പങ്കുവെക്കുകയും ചെയ്യാറുണ്ട്. പലപ്പോഴും അത്തരം ചർച്ചകൾ പിന്നീട് എനിക്ക് അരങ്ങുകളിലും അധ്യാപനത്തിലും സഹായകമായിട്ടുണ്ട്. വ്യക്തിപരമായി എന്റെ കാഴ്ചശീലത്തെ അത് ഒരുപാട് വിസ്തൃതമാക്കി.

ടീച്ചറുടെ പ്രധാന പ്രത്യേകത, കലാമണ്ഡലത്തിൽ നടക്കുന്ന എല്ലാ പരിപാടികളുടെയും - അത് കൂടിയാട്ടം എന്നല്ല മറ്റെല്ലാ കലാവിഷയങ്ങളുടെയും - അവതരണങ്ങൾ കാണാൻ അരങ്ങിന് മുന്നിൽ ഒരു സ്ഥിരം പ്രേക്ഷകയായി ഉണ്ടാവാറുണ്ട് എന്നതാണ്.

ഞങ്ങളുടെ ഡിഗ്രി പഠനത്തിന്റെ അവസാന വർഷമായപ്പോഴേക്കും സതി ടീച്ചർ അസുഖബാധിതയായി അവശയായി. പിന്നീട് കലാമണ്ഡലം ഗിരിജാദേവി ടീച്ചറുടെ കീഴിലായിരുന്നു ഞങ്ങളുടെ അഭ്യസനം. 2015 ഡിസംബർ ഒന്നിന് നിരവധി ശിഷ്യരെയും കലാസ്വാദകരെയും ദുഃഖത്തിലാഴ്ത്തി മാർഗി സതിയെന്ന അനുഗ്രഹീത കലാകാരി വിടപറഞ്ഞു. ■

അഞ്ജന വിനോദ്
കഥകളി കലാകാരി



കഥകളി രംഗത്ത് സ്ത്രീകളുടേതായ ഇടം പിടിച്ചെടുക്കുന്നതിൽ
നേതൃത്വപരമായ പങ്കു വഹിച്ച അതുല്യ കലാകാരിയായിരുന്നു ചവറ പാറുക്കുട്ടി.

# കളിയരങ്ങിലെ പെൺതിരനോട്ടം



ഫോട്ടോ: ആർ ശ്രീറാം ഫോട്ടോഗ്രഫി

ഒരുകാലത്ത് സ്ത്രീകൾക്ക് അന്യമായിരു
ന്ന കേരളത്തിന്റെ സ്വന്തം അവത
രണ കലയായ കഥകളി. ശാരീരിക
അധ്വാനം ആവശ്യമായ ഈ കലാ
രംഗത്ത്, സ്ത്രീകൾക്ക് പരിമിതികളുണ്ടെന്ന
തായിരുന്നു പൊതുധാരണ. പിൽക്കാലത്ത്
ആ ധാരണ തിരുത്തിക്കുറിച്ച് സ്ത്രീകൾ
അവരുടേതായ ഇടം കണ്ടെത്തിയിട്ടുണ്ട്.
കഥകളി എന്ന കലാരൂപത്തിൽ സ്ത്രീകൾ
ഇന്ന് സജീവ സാന്നിധ്യമായി മാറിക്ക
ഴിഞ്ഞു. കത്തി, കരി, താടി വേഷങ്ങൾ
സ്ത്രീകൾ മികവോടെ അവതരിപ്പിക്കുന്നു.

അങ്ങനെ സമൂഹത്തിനുണ്ടായിരുന്ന
ധാരണയെ തിരുത്തിക്കുറിച്ച് കഥകളി
രംഗത്ത് സ്ത്രീകളുടേതായ ഇടം പിടിച്ചെടു
ക്കുന്നതിൽ നേതൃത്വപരമായ പങ്കു വഹിച്ച
അതുല്യ കലാകാരിയായിരുന്നു ചവറ
പാറുക്കുട്ടി. സ്ത്രീകൾ കഥകളി രംഗത്തേ
ഇല്ലാതിരുന്ന ഒരു കാലത്ത് അരങ്ങുക
ളിൽ സജീവമായിരുന്നു അവർ. സ്ത്രീവേ
ഷങ്ങളിലും പുരുഷവേഷങ്ങളിലും അവർ
ഒരുപോലെ പ്രാഗത്ഭ്യം തെളിയിച്ചു.



ഫോട്ടോ: ആർ ശ്രീറാം ഫോട്ടോഗ്രഫി

കൊല്ലം ജില്ലയിലെ ചവറയിൽ എൻ. ശങ്കരൻ ആചാരിയുടെയും നാണിയമ്മയുടെയും മകളായി 1943 ഫെബ്രുവരി 21-നാണ് പാറുക്കുട്ടി ജനിച്ചത്. കലാപരമായ താൽപര്യങ്ങൾക്ക് എപ്പോഴും പിന്തുണ നൽകിയിരുന്ന കുടുംബത്തിൽ ജനിച്ച പാറുക്കുട്ടി നൃത്ത പഠനത്തിലൂടെയാണ് കലാലോകത്തേക്ക് വരുന്നത്. ചെറുപ്പത്തിലെ ആട്ടം പഠിക്കണമെന്ന ആഗ്രഹവുമായി അച്ഛന്റെ അടുക്കൽ ചെന്ന പാറുക്കുട്ടിക്ക് അതിനുള്ള അവസരം ചെറുപ്രായത്തിൽ തന്നെ ലഭിച്ചു.

## കഥകളി അഭ്യസനം

കഥകളി അരങ്ങിലേക്കുള്ള വഴി തെളിഞ്ഞത് പ്രീ യൂണിവേഴ്സിറ്റി പഠിക്കുന്ന കാലത്താണ്. ഇന്നത്തെ സാഹചര്യവുമായി ഒരു തരത്തിലും തുലനം ചെയ്യാൻ പറ്റാവുന്ന സാഹചര്യമല്ല അന്നത്തേത് എന്നോർക്കണം. അപ്പോഴാണ് പുരുഷന്മാരുടേത് മാത്രമെന്ന് പൊതുവെ വിധിയെഴുതപ്പെട്ടിട്ടുള്ള ഒരു കലയുടെ മേഖലയിലേക്ക് ചവറ പാറുക്കുട്ടി കടന്നു ചെല്ലുന്നത്. അച്ഛന്റെയും മറ്റ് കുടുംബാംഗങ്ങളുടെയും പിന്തുണ തന്നെയായിരുന്നു ഇതിനുള്ള വഴിയൊരുക്കിയത്.

ഇന്നാണെങ്കിൽ മറ്റേതൊരു കലാരൂപവും പോലെ കഥകളി പഠിക്കുന്നവർക്കും സമൂഹത്തിനു മുന്നിൽ സ്വയം പ്രകാശനത്തിന് നിരവധി മാർഗങ്ങളുണ്ട്. ഇന്റർനെറ്റും സോഷ്യൽ മീഡിയയും അതിന് അനന്ത സാധ്യതകളും ഒരുക്കുന്നുണ്ട്. അതിനു പുറമെ കലോത്സവങ്ങളും മറ്റ് ഉത്സവങ്ങളും സാംസ്കാരിക പരിപാടികളുമൊക്കെയായി നിരവധി വേദികളുമുണ്ട്.

ഉദാഹരണത്തിന് എന്റെ കാര്യം എടുത്താൽ കഥകളി അഭ്യസനം തുടങ്ങിയത് കലോത്സവം ലക്ഷ്യം വെച്ചാണെന്നു തന്നെ പറയാം. ചെറുപ്പം മുതലേ നൃത്തം അഭ്യസിച്ചിരുന്നു. പ്ലസ് വണ്ണിന് പ്രവേശനം നേടിയ സമയത്ത് സ്കൂളിലെ അധ്യാപകരായ മാലി ടീച്ചറുടേയും ശ്രീവത്സൻ മാഷിന്റെയും പ്രചോദനം ഉൾക്കൊണ്ടുകൊണ്ട് കലാമണ്ഡലം വെങ്കിട്ടരാമൻ ആശാന്റെ കീഴിൽ കഥകളി അഭ്യസിച്ചു തുടങ്ങി. കലോത്സവത്തിന് വേണ്ടി മാത്രം തുടങ്ങിയ കഥകളി പഠനം ഇന്നേക്ക്  ജീവിതത്തിന്റെ ഭാഗമായി കഴിഞ്ഞു. കലോത്സവത്തിന് ശേഷം ആറോളം വേഷങ്ങൾ കെട്ടാനും ഭാഗ്യം ഉണ്ടായി.

അതിനൊക്കെ അതിന്റേതായ ഗുണങ്ങളും ദോഷങ്ങളുമുണ്ട്. കഴിവുണ്ടായിട്ടും മറ്റു പല കാരണങ്ങൾ കൊണ്ട് വേദികളും അവസരങ്ങളും ലഭിയ്ക്കാത്തവർക്ക് ഈ ആധുനിക സങ്കേതങ്ങൾ വലിയ അനുഗ്രഹമാണ്. പക്ഷേ അതേ സമയം തന്നെ അർഹതയില്ലാത്തവരുടെ മുന്നേറ്റത്തിനും ശരിയായ രീതിയിലല്ലാത്ത ആസ്വാദന സംസ്കാരത്തിന്റെ രൂപീകരണത്തിനുമൊക്കെ ഇത് ഇടയാക്കുന്നില്ലേ എന്ന വലിയ സംശയവും നിലനിൽക്കുന്നുണ്ട്.

എന്നാൽ ചവറ പാറുക്കുട്ടി കഥകളി പഠിക്കാനൊരുങ്ങിയ കാലം അങ്ങനെയുള്ളതായിരുന്നില്ല. ഇത്തരം സാങ്കേതിക വിദ്യാവളർച്ചകളെക്കുറിച്ചൊന്നും ആരും സ്വപ്നം പോലും കണ്ടിട്ടില്ലാത്ത ഒരു കാലമായിരുന്നു അത്. നിരവധി വർഷങ്ങളിലെ അധ്യയനത്തിനു ശേഷം മികച്ച പ്രകടനം കാഴ്ച വെക്കുന്നവർക്കുപോലും ആവശ്യമായ വേദികൾ കിട്ടാൻ പ്രയാസമായിരുന്നു.

വേദികളിൽ കളിച്ച് തെളിഞ്ഞ് പേരെടുക്കാൻ ഒരുപാടു കാലത്തെ പ്രയത്നവും സമർപ്പണവും വേണം.

മുതുപിലാക്കാട് ഗോപാലപ്പണിക്കരാശാന്റെ കീഴിൽ തുടങ്ങിവെച്ച കഥകളി പഠനത്തിനിടെ കൊറ്റംകുളങ്ങര ദേവീക്ഷേത്രത്തിൽ പൂതനാമോക്ഷത്തിലെ ലളിത-പൂതനയായി അരങ്ങേറ്റം. വേഷം ചെറുതോ വലുതോ ഏതായാലും വളരെ സന്തോഷത്തോടെ, ആഗ്രഹത്തോടെ ഓരോ വേഷത്തെയും സമീപിച്ചു. അടങ്ങാത്ത ആഗ്രഹവും, അതിനൊത്ത് കഷ്ടപ്പെടാനുള്ള മനസ്സും പാറുക്കുട്ടിയെ ഇന്നും ഓർമ്മിക്കപ്പെടുന്ന കലാകാരിയാക്കി മാറ്റി.

കഥകളി അഭ്യസനം ആരംഭിക്കാൻ പിന്തുണ നൽകിയ കുടുംബത്തിന്റെ തുടർന്നുമുള്ള അകമഴിഞ്ഞ പ്രചോദനം പാറുക്കുട്ടിക്ക് കൂടുതൽ വേഷങ്ങൾ കെട്ടാൻ ധൈര്യമേകി. പോരുവഴി ശ്രീകൃഷ്ണ വിലാസം കഥകളി യോഗത്തിൽ ചേർന്ന് വിവിധ സ്ത്രീവേഷങ്ങൾ ചെയ്തുതുടങ്ങി. ഒപ്പം പോരുവഴി ഗോപാലപ്പിള്ളയാശാനിൽ നിന്ന് കൂടുതൽ വേഷങ്ങൾ പരിശീലിച്ചെടുക്കുകയും ചെയ്തു.



ചവറ പാറുക്കുട്ടി
ഫോട്ടോ കണ്ണൻ ഷൺമുഖം/ വിക്കിപീഡിയ കോമൺസ്

## അരങ്ങിലെ ഇഷ്ടവേഷം

ഒരു കഥകളി കലാകാരിയെന്ന നിലയിൽ ദേവയാനിയായിരുന്നു പാറുക്കുട്ടിക്ക് ഏറ്റവും പ്രിയപ്പെട്ട വേഷം. ദമയന്തി, ഉർവശി, കുന്തി, ലളിത തുടങ്ങിയ വേഷങ്ങളും അവർ ഏറെ താല്പര്യത്തോടെ ചെയ്തിരുന്നു. എന്നാൽ സ്ത്രീവേഷങ്ങളിൽ മാത്രമായി ഒതുങ്ങി നിന്നതുമില്ല. ചുവന്ന താടി ഒഴികെയുള്ള പുരുഷവേഷങ്ങളിലും അവർ തന്റേതായ പ്രാഗൽഭ്യം കാഴ്ചവെച്ചു.

കഴിഞ്ഞ 50 വർഷത്തെ കഥകളി ചരിത്രത്തിലെ നിറഞ്ഞ സ്ത്രീ സാന്നിധ്യം തന്നെയാണ് ചവറ പാറുക്കുട്ടി. കേരള കലാമണ്ഡലം അവാർഡ്, കേരള സംഗീത നാടക അക്കാദമി അവാർഡ് തുടങ്ങി ഒരുപാട് പുരസ്കാരങ്ങൾ പാറുക്കുട്ടിയെ തേടിയെത്തിയിട്ടുണ്ട്. അർഹതയുള്ള അംഗീകാരങ്ങൾ തന്നെയായിരുന്നു അതെല്ലാം.

പിൽക്കാലത്ത് മാങ്കുളം വിഷ്ണു നമ്പൂതിരിയുടെ ശിഷ്യത്വം പാറുക്കുട്ടിയെ കൂടുതൽ സ്ത്രീവേഷങ്ങൾ പഠിക്കാൻ പ്രാപ്തയാക്കി. ഡൽഹിയിലെ കഥകളി വേദികളിലും സജീവ സാന്നിധ്യമായിരുന്നു പാറുക്കുട്ടി. കഥകളി രംഗത്ത് 50 വർഷം പൂർത്തിയാക്കിയ ആദ്യത്തെ വനിതാ കലാകാരി എന്ന നിലക്കും പാറുക്കുട്ടി അറിയപ്പെട്ടു.

നന്മ ഒട്ടും ചോർന്നു പോവാത്ത പ്രസ്ഥാനമായാണ് കലാരംഗത്തെ അവർ കണ്ടിരുന്നത്. ഒരുപാട് പ്രതിസന്ധികളും, അവഗണനകളും നേരിട്ടെങ്കിലും അതിനൊന്നും അവരെ തന്റെ ലക്ഷ്യങ്ങളിൽ നിന്ന് അകറ്റാനായില്ല. 'ആട്ടക്കാരി' എന്ന വിളിപ്പേര് പരിഹാസരൂപേണ ഒരിക്കൽ കേൾക്കേണ്ടി വന്നപ്പോൾ, ആ പേരിനെ വിരോധത്തോടെ കാണുന്നതിന് പകരം, തന്റെ കലയോടുള്ള ആദരവായി കണ്ട് അതിനെ ഹൃദയത്തോട് ചേർത്തുപിടിക്കുകയാണ് അവർ ചെയ്തത്.

> കഴിഞ്ഞ 50 വർഷത്തെ കഥകളി ചരിത്രത്തിലെ നിറഞ്ഞ സ്ത്രീ സാന്നിധ്യം തന്നെയാണ് ചവറ പാറുക്കുട്ടി

പിന്നീട് നിരവധി വനിതകൾ കഥകളി രംഗത്തേയ്ക്ക് എത്തിയിട്ടുണ്ട്. 1975ൽ തൃപ്പൂണിത്തുറയിൽ വനിതാ കഥകളി സംഘം രൂപീകരിയ്ക്കപ്പെട്ടു. കേരളത്തിലെ ആദ്യ വനിതാ കഥകളി സംഘം രൂപീകരിച്ച് കഴിഞ്ഞ വർഷം അമ്പതാണ്ട് തികഞ്ഞു.

കഥകളിയുടെ പരിപോഷണത്തിനായി മഹാകവി വള്ളത്തോൾ സ്ഥാപിച്ച കേരള കലാമണ്ഡലത്തിൽ നാലു വർഷം മുമ്പ് പെൺകുട്ടികൾക്ക് പ്രവേശനം അനുവദിച്ചു. ഇതിനെത്തുടർന്ന് നിരവധി പെൺകുട്ടികൾ ഏറെ താല്പര്യത്തോടെ കലാമണ്ഡലത്തിൽ ചൊല്ലിയാട്ടം അഭ്യസിയ്ക്കാൻ എത്തിത്തുടങ്ങി. പല കുട്ടികൾക്കും ജീവിതാഭിലാഷത്തിന്റെ പൂർത്തീകരണത്തിനു തന്നെ അതിലൂടെ വഴിയൊരുങ്ങി.

സാമൂഹിക മാധ്യമങ്ങൾ എല്ലാ രംഗത്തുമെന്ന പോലെ കലാരംഗത്തും ഏറെ സ്വാധീനം ചെലുത്തുന്ന കാലമാണിത്. മറ്റെല്ലാ കലകളെയും പോലെ സാമൂഹിക മാധ്യമങ്ങളിലൂടെ കഥകളിയ്ക്കും ഇന്ന് വലിയ പ്രചാരം ലഭിക്കുന്നുണ്ട്. ഈ രംഗത്തെ വനിതകൾ അടക്കമുള്ളവർക്കെല്ലാം അതിന്റെ ഭാഗമായുള്ള പ്രസിദ്ധിയും പിന്തുണയും അഭിനന്ദനങ്ങളുമെല്ലാം ലഭിക്കുന്നുമുണ്ട്. അവർ കഥകളി രംഗത്ത് നൽകുന്ന സംഭാവന ലോകമറിയുന്നുണ്ട്.

ഇതൊന്നുമില്ലാതിരുന്ന ഒരു കാലത്ത് അന്നത്തെ സാമൂഹിക സാഹചര്യങ്ങളിൽ തളരാതെ ജീവിതാവസാനം വരെ അരങ്ങിൽ നിറഞ്ഞാടിയ ചവറ പാറുക്കുട്ടി ഇന്നത്തെ പെൺ കഥകളി കലാകാരികൾക്ക് വലിയ പ്രചോദനമാണ്. കഥകളിയിലെ പുരുഷാധിപത്യത്തെ വെല്ലുവിളിച്ചുകൊണ്ടല്ല, മറിച്ച് തന്റെ കഴിവും സമർപ്പണവും കൊണ്ട് ആദരവ് പിടിച്ചുപറ്റിയാണ് ചവറ പാറുക്കുട്ടി ചരിത്രത്തിൽ ഇടം നേടിയത്. ■

ഫാരിഷ ഹുസൈൻ
മാപ്പിളപ്പാട്ട് ഗായിക



മാപ്പിളപ്പാട്ടിനോട് ഏറ്റവും ചേർന്നുനിൽക്കുന്ന പേരാണ് വിളയിൽ ഫസീലയുടേത്

# അനശ്വരതയുടെ ഇശൽ റാണി

മലപ്പുറം ജില്ലയിലെ വിളയിൽ പറപ്പൂരിലെ ഒരു സാധാരണ കുടുംബത്തിൽ ജനിച്ച് എൽ.പി സ്കൂളിലും യു.പി സ്കൂളിലുമായി പഠിച്ചുവളർന്ന വിളയിൽ വത്സല, വിളയിൽ ഫസീലയെന്ന അതുല്യ ഗായികയായി മാറിയതിന് കാലം സാക്ഷിയാണ്. കളിയും ചിരിയുമായി നടന്ന ആ കൊച്ചുപെൺകുട്ടിയിൽ ഫസീല എന്ന പ്രതിഭയെ കണ്ടെത്തിയത് മാപ്പിളപ്പാട്ട് രംഗത്തെ ഇതിഹാസമെന്ന് വിശേഷിപ്പിക്കാവുന്ന വി.എം.കുട്ടി മാഷാണ്. സ്കൂളിൽ നിന്ന് ആകാശവാണിയിലേക്ക് ബാലലോകം പരിപാടി അവതരിപ്പിക്കാൻ പോയ അവസരത്തിലാണ് ഫസീലയെ വി.എം.കുട്ടി മാഷ് കണ്ടെത്തുന്നത്. ഫസീലയുടെ ആദ്യ ഗുരു എന്നു പറയാവുന്നതും വി.എം.കുട്ടി മാഷ് തന്നെ. പാട്ട് പഠിപ്പിച്ചതും പാടിച്ചതും അദ്ദേഹമാണ്.

## ഇശൽ റാണി

പാട്ടുകൾ എങ്ങനെ പാടണമെന്നും അതിന്റെ നിലപാടുകളും കാര്യങ്ങളും എങ്ങനെയാകണമെന്നും കൃത്യമായി അറിയുന്ന ആളായിരുന്നു ഫസീല. മാപ്പിളപ്പാട്ടിന് ഇണങ്ങിയ രീതിയിലുള്ള ശബ്ദമായിരുന്നു അവരുടേത്. പാട്ടിന്റെ ഒതുക്കം അവരുടെ ഒരു പ്രത്യേകതയായിരുന്നു. ഫസീല ശരിക്കും ഇശൽ റാണി തന്നെയായിരുന്നു. അന്നത്തെ കാലത്ത് ജനങ്ങൾ അവരെ താരപരിവേഷത്തോടെയാണ് കണ്ടിരുന്നത്.

ഇന്നത്തെ പിന്നണിഗായകർക്കും സിനിമാതാരങ്ങൾക്കും കിട്ടുന്ന സെലിബ്രിറ്റി പരിവേഷം അന്ന് ഫസീലയ്ക്ക് ലഭിച്ചിരുന്നു. അവരുടെ ശബ്ദത്തെയോ പാട്ടിനെയോ മറികടക്കാൻ അന്ന് ആരും ഉണ്ടായിരുന്നില്ല. അത്രയും മനോഹരമായിരുന്നു അവരുടെ പാട്ടുകൾ. അവരുടെ ശബ്ദത്തിന് ഒരു പ്രത്യേക മാധുര്യം തന്നെയുണ്ടായിരുന്നു.

വിളയിൽ ഫസീല ആദ്യമായി റെക്കോർഡ് ചെയ്ത പാട്ട് 'കിരികിരി ചെരുപ്പമ്മൽ' ആണ്. മദ്രാസിലെ കൊളംബിയ റെക്കോർഡിങ്ങിലാണ് ആ പാട്ട് പാടിയിട്ടുള്ളത്. 'ഹല്ലാക്കായുള്ളോനെ', 'ഹജ്ജിന്റ രാവില് ഞാൻ കഅബം കിനാവ് കണ്ടു', 'കിരികിരി ചെരുപ്പമ്മൽ', 'ആമിനാബി ക്കോമന മോനേ', അങ്ങനെ നിരവധി ഹിറ്റ് പാട്ടുകൾ അവർ പാടി. ഇബ്രാഹിം നബിയുടെയും ഇസ്മായിൽ നബിയുടെയും ചരിത്രം പറയുന്ന 'ഉടനെ കഴുത്തെന്റെയറുക്ക ബാപ്പ' എന്ന പാട്ടിന് വലിയ സ്വീകാര്യതയാണ് ലഭിച്ചത്. അവരുടെ 'കിരികിരി ചെരുപ്പമ്മൽ', 'മണവാട്ടി കരംകൊണ്ട് മുഖം മറച്ചു' പോലുള്ള പാട്ടുകൾ ഞാനടക്കമുള്ള പുതിയ തലമുറയിലെ പാട്ടുകാർ ഇന്നും പാടുന്നുണ്ട്. കല്യാണവീടുകളിൽ ഇന്നും ഏറ്റവുമധികം പാടുന്നത് ഫസീലയുടെ പാട്ടുകളാണ്. സ്റ്റേജ് പരിപാടികളിലും മറ്റും ജനങ്ങൾ ആവശ്യപ്പെടുന്നതും അതുതന്നെ.

## സിനിമയിലേക്ക്

1970 ലാണ് അവർക്ക് വിദേശത്ത് പോയി പാട്ടുപാടാനുള്ള അവസരം ലഭിച്ചത്. നാട്ടിലും വിദേശത്തുമുള്ള സാംസ്കാരിക വേദികളിലും പ്രോഗ്രാമുകളിലുമൊന്നും അവരുടെ പാട്ടുകളില്ലാതെ മാപ്പിളപ്പാട്ട് പരിപാടി നടക്കാറില്ല.

എം.എസ്.ബാബുരാ



വിളയിൽ ഫസീല



**വി.എം. കുട്ടി**

ജിന്റെ സംഗീതത്തിൽ അദ്ദേഹവുമായി ഒരുമിച്ച് പാടാനുള്ള വലിയ ഭാഗ്യവും അവർക്ക് ലഭിച്ചു. മറ്റാർക്കും ലഭിക്കാത്ത ഭാഗ്യമാണത്. 'വിശ്വപ്രപഞ്ചത്തിനാകേ റസൂലേ' എന്നു തുടങ്ങുന്ന ഗാനം. ഇത് വലിയ പ്രശസ്തിയിലേക്ക് നയിച്ചു. 1921 ൽ സിനിമയിൽ പാടാനുള്ള അവസരം ലഭിച്ചു. 'മുഹമ്മദ് മുസ്തഫ' എന്ന ചിത്രത്തിൽ പി.ടി. അബ്ദുറഹ്മാന്റെ രചനയായ 'അഹദവനായ പെരിയോനേ' എന്ന ഗാനം എം.എസ്.വിശ്വനാഥന്റെ സംഗീതത്തിൽ പാടി. സംഗീത സംവിധായകൻ സാനു മാഷ്, കോഴിക്കോട് അബൂബക്കർ തുടങ്ങി ഒട്ടേറെ പ്രശസ്തരുടെ ഗാനങ്ങളും അവർ പാടിയിട്ടുണ്ട്. മാപ്പിളപ്പാട്ടിൽ നിന്നും സിനിമാ പിന്നണിഗാന ശാഖയിലേക്ക് വരിക എന്നത് അപൂർവമായിരുന്നു, പ്രത്യേകിച്ച് അന്നത്തെ കാലത്ത്.

'ഫിർദൗസിൽ അടുക്കുമ്പോൾ', 'കൊക്കരക്കോക്കര കോയിക്കുഞ്ഞേ', 'മണവാട്ടി കരംകൊണ്ട് മുഖംമറച്ച്', 'ഹസ്ബി റബ്ബി സ്വല്ലള്ളാ' തുടങ്ങി ധാരാളം സിനിമാഗാനങ്ങൾ പാടിയിട്ടുണ്ട്. ഗാനഗന്ധർവ്വൻ യേശുദാസിനോടൊപ്പം പാടാനുള്ള അവസരവും ലഭിച്ചു. പിന്നണിഗായകരായ കെ.ജി.മാർക്കോസ്, വേണുഗോപാൽ, ഉണ്ണിമേനോൻ തുടങ്ങിയവർക്കൊപ്പവും, കണ്ണൂർ ഷെരീഫ്, രഹന പോലുള്ള മാപ്പിളപ്പാട്ട് ഗായകർക്കൊപ്പവും പാടാൻ ഫസീലയ്ക്ക് സാധിച്ചു.

## പ്രണയവും വിവാഹവും

ഫസീലയുടേത് ഒരു പ്രണയ വിവാഹമായിരുന്നു. ഇന്നിപ്പോൾ ജാതിയോ മതമോ നോക്കാതെ ധാരാളം പേർ വിവാഹം കഴിക്കുന്നുണ്ട്. പക്ഷേ അന്നത്തെ കാലത്ത് അങ്ങനെയായിരുന്നില്ല. വിളയിൽ വത്സല എന്ന പാട്ടുകാരി വിളയിൽ ഫസീല ആയത് പ്രണയത്തിനുവേണ്ടിയോ വിവാഹശേഷമോ ആയിരുന്നില്ല. അവരുടെ ജീവിത സാഹചര്യങ്ങൾ, വളർന്ന ചുറ്റുപാടുകൾ, അവർ കണ്ടതും അനുഭവിച്ചതുമായ കാര്യങ്ങളിൽ നിന്നുണ്ടായ ബോധ്യങ്ങൾ, അവരുടെ നിലപാടുകൾ എല്ലാം ചേർന്നാണ് മതം മാറ്റം എന്ന തീരുമാനത്തിൽ ഫസീലയെ എത്തിക്കുന്നത്. അതിനുശേഷമാണ് അവർ നാടകനടനും തബലിസ്റ്റുമായ വലിയപറമ്പിൽ ടി.കെ.മുഹമ്മദലിയെ വിവാഹം കഴിക്കുന്നത്.



**എം.എസ്.ബാബുരാജ്, പി.ടി. അബ്ദുറഹ്മാൻ, എം.എസ്.വിശ്വനാഥൻ**

ഇരുകുടുംബങ്ങളും അവരെ ഇരുകൈ നീട്ടി സ്വീകരിച്ചു. ആരും അവരെ ഒരിക്കലും കുറ്റപ്പെടുത്തുകയോ വേദനിപ്പിക്കുകയോ ചെയ്തിട്ടില്ല എന്ന് ഫസീല പലപ്പോഴും പറഞ്ഞിട്ടുണ്ട്. വിവാഹം കഴിഞ്ഞിട്ടും ജാതിയുടേയോ മതത്തിന്റേയോ പേരിൽ ആരും അവരെ ക്രൂശിച്ചിട്ടില്ല. മതം മാറിയ ഫസീലയ്ക്ക് നിസ്കരിക്കാൻ പ്രത്യേകം ഒരു പായ വിളയിലെ വീട്ടിൽ സഹോദരൻ നാരായണൻ വാങ്ങി സൂക്ഷിച്ചിരുന്നു. 2023ൽ മരണപ്പെട്ടതിന് ശേഷവും

> **മാപ്പിളപ്പാട്ടിൽ നിന്നും സിനിമാ പിന്നണിഗാന ശാഖയിലേക്ക് വരിക എന്നത് അപൂർവമായിരുന്നു, പ്രത്യേകിച്ച് അന്നത്തെ കാലത്ത്**

ആ പായ സൂക്ഷിച്ചിരുന്ന സഹോദരൻ അടുത്തിടെ അത് കൊണ്ടോട്ടിയിലെ മഹാകവി മോയിൻകുട്ടി വൈദ്യർ സ്മാരകത്തിന് കൈമാറിയിരുന്നു. അത്യപൂർവമായ സാഹോദര്യത്തിന്റെയും മൈത്രിയുടെയും പര്യായം കൂടിയായി ഫസീലയുടെ ജീവിതം മാറി.

## പരിചയത്തിൽ നിന്ന് സൗഹൃദത്തിലേക്ക്

1996-97 കാലഘട്ടത്തിലാണ് ഞാൻ ഫസീലയെ കണ്ടുമുട്ടുന്നത്. അന്നെനിക്ക് പതിമൂന്നോ പതിനാലോ വയസ്സ് പ്രായം. ടി.ഉബൈദ് സാഹിബിന്റെ അനുസ്മരണാർഥം കാസർകോട് വെച്ച് നടത്തിയ ഒരു മത്സരത്തിൽ വി.എം.കുട്ടി, വിളയിൽ ഫസീല, മുക്കം സാജിത, പി.ടി.അബ്ദുറഹ്മാൻ തുടങ്ങിയവരെല്ലാം ഉണ്ടായിരുന്നു. അന്ന് ഇവരെയൊന്നും എനിക്കറിയുമായിരുന്നില്ല. എന്നാൽ അന്നത്തെ പരിചയം അവിടെ അവസാനിച്ചില്ല. അത് ശക്തമായ സൗഹൃദമായി വളർന്നു. പിന്നീട് നാട്ടിലും വിദേശത്തുമായി നിരവധി വേദികളിൽ ഞങ്ങൾ ഒരുമിച്ച് പാടി.

## ജീവിതം തന്നെ പാഠപുസ്തകം

കേരള മാപ്പിള കലാ അക്കാദമി ഏർപ്പെടുത്തിയ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ്, ഫോക് ലോർ അക്കാദമി ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ്, മാപ്പിള കലാ രത്നം അവാർഡ് തുടങ്ങി നിരവധി പുരസ്കാരങ്ങൾ ആ സ്വര മാധുരിയെ തേടിയെത്തി. അവർ പാടി വെച്ചതുപോലെ പാടാനും ആ ഭാവം പകർത്താനുമാണ് ഞാനുൾപ്പെടെയുള്ള പുതുതലമുറ ശ്രമിക്കുന്നത്. 50 വർഷത്തിൽ കൂടുതൽ ഫസീല ഈ സംഗീത മേഖലയിൽ സജീവമായിട്ടുണ്ടായിരുന്നു. പഴയകാല റെക്കോർഡിങ്ങിലും പുതിയകാല റെക്കോർഡിങ്ങിലും അവർക്ക് പാടാൻ സാധിച്ചു. പാട്ടിലും ജീവിതത്തിലും പഠിക്കാൻ ഒട്ടേറെ കാര്യങ്ങൾ പുതുതലമുറയ്ക്കായി ബാക്കി വെച്ചാണ് വിളയിൽ ഫസീല എന്ന അതുല്യ കലാകാരി 2023 ഓഗസ്റ്റ് 12ന് വിടവാങ്ങിയത്. ■

ജിഷ അഭിനയ
നാടകപ്രവർത്തക



കെപിഎസി സുലോചന പകർന്ന അരങ്ങിലെ വെളിച്ചം മങ്ങാതെ കാക്കാൻ

# അരങ്ങുണർത്തിയ സുമാവലി

ചിലർ ഒരു കടലാകുന്നു, എത്ര കണ്ടാലും കേട്ടാലും മതി വരാതെ വിസ്മയങ്ങൾ സമ്മാനിച്ചുകൊണ്ട്. കെ.പി.എ.സി.സുലോചനയെന്ന ബഹുമുഖ പ്രതിഭ ഒരേ സമയം അഭിനേത്രിയും ഗായികയുമായി തിളങ്ങി. കലയോട് അത്രമേൽ അർപ്പണമനോഭാവമുള്ള അവരെ കാലം എന്നും ഓർമ്മിച്ചുകൊണ്ടേയിരിക്കും. 'വെള്ളാരം കുന്നിലെ', 'അമ്പിളിയമ്മാവാ', 'ചെപ്പുകിലുക്കണ ചങ്ങാതി', 'വള്ളിക്കുടിലിൻ' തുടങ്ങിയ ഗാനങ്ങളിലൂടെ ജനഹൃദയങ്ങളിൽ ഇന്നും അവർ നിലനിൽക്കുന്നു. മലയാള നാടക ചരിത്രത്തിൽ അരങ്ങിലെ സ്ത്രീ എന്നും അത്ഭുതങ്ങൾ കാത്തുവെക്കുന്നവരാണ്. അനുഭവതലങ്ങളിൽ, ആത്മാവിഷ്ക്കാരങ്ങളിൽ, ഇന്നും ഇന്നലെകളും സമ്മാനിക്കുന്ന ആശങ്കകളിൽ, കാഴ്ചക്കാരന് എന്നും വിസ്മയം തന്നെയാണ് ആ ജീവിതപഥങ്ങളിലൂടെയുള്ള സഞ്ചാരം.

## സുമാവലി ഒരു പേരല്ല

സുമാവലി, അഥവാ സുമം എന്നത് ഒരു പേരല്ല ഒരു കാലത്തിന്റെ മുഴുവൻ വക്താവാണ്. 'നിങ്ങളെന്നെ കമ്യൂണിസ്റ്റാക്കി' എന്ന നാടകത്തിൽ മാലയെ പോലെ പ്രാധാന്യം അർഹിക്കുന്ന കഥാപാത്രം. കെ.പി.എ.സി.സുലോചനയാണ് സുമാവലിയായി അരങ്ങിലെത്തിയത്. തിരുവനന്തപുരം ആകാശവാണിയിൽ ബാലലോകം പരിപാടിയിലൂടെയാണ് സുലോചന പ്രൊഫഷണൽ രംഗത്തേയ്ക്ക് പ്രവേശിച്ചത്. 1951-ൽ 'എന്റെ മകനാണ് ശരി' എന്ന നാടകത്തിലൂടെയാണ് കെ.പി.എ.സി.യിലെത്തിയത്. 'നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി' മുതൽ 'മന്വന്തരം' വരെയുള്ള 10 നാടകങ്ങളിൽ അവർ അഭിനയിക്കുകയും പാടുകയും ചെയ്തു. 'കാലം മാറുന്നു' എന്ന സിനിമയിൽ കെ.എസ്.ജോർജ്ജിന്റെ കൂടെ, 'ഈ മലർ പൊയ്കയിൽ' എന്ന യുഗ്മഗാനം പാടിക്കൊണ്ടാണ് സുലോചന സിനിമാഗാന രംഗത്തെത്തുന്നത്. ഇതേ ചിത്രത്തിൽ സത്യന്റെ നായികയായി വേഷമിട്ടതും സുലോചനയായിരുന്നു. 'രണ്ടിടങ്ങഴി' എന്ന പ്രശസ്ത നോവൽ സിനിമയാക്കിയപ്പോൾ അതിലും രണ്ടു ഗാനങ്ങൾ ആലപിച്ചു.

## സംസ്കാരയിൽനിന്ന് അഭിനയയിലേക്കുള്ള ദൂരം

1983ൽ 'സംസ്കാര' എന്ന നാടകസംഘം കെ.പി.എ.സി.



കെ.പി.എ.സി.സുലോചന ആദ്യകാല ചിത്രം




**കെപിഎസി യുടെ നാടകാവതരണം**

സുലോചന രൂപീകരിച്ചു. 1964-ലെ കമ്യൂണിസ്റ്റ് പാർട്ടിയുടെ പിളർപ്പിനെത്തുടർന്നാണ് അവർ കെ.പി.എ.സി. വിട്ടത്. തുടർന്ന് വിവിധ സമിതികളുടെ നാടകങ്ങളിൽ പാടുകയും അവയിലെ പ്രധാനവേഷങ്ങളിൽ അഭിനയിക്കുകയും ചെയ്തു.

'അഭിനയ തൃശ്ശൂർ' എന്ന നാടക സംഘം ഞാൻ രൂപീകരിക്കുന്നത് 2000-ലാണ്. നിരവധി വെല്ലുവിളികൾ നേരിട്ടാണ് സ്ത്രീകൾ നാടകസംഘം നടത്തുന്നത്. അത് ഒരു അടയാളപ്പെടുത്തലാണ്. അഭിനേത്രിയാവുക എന്ന പോലെ അത്ര എളുപ്പമല്ല സംഘാടകയാവുകയെന്നത്. അഭിനയ തൃശ്ശൂർ എന്ന നാടകസംഘം കേരളത്തിനകത്തും പുറത്തും നിരവധി നാടകങ്ങൾ അരങ്ങിലെത്തിച്ചിട്ടുണ്ട്. ദീപവിതാനം, വെളിച്ചം തുടങ്ങി എല്ലാ മേഖലയിലും ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് പ്രവർത്തിക്കേണ്ടി വരികയെന്നത് സംഘാടകയുടെ വലിയ ചുമതലയാണ്. ആ അർഥത്തിൽ വർഷങ്ങൾക്ക് മുമ്പ് സുലോചന സംഘത്തിന് നേതൃത്വം നൽകിയെന്നത് തീർച്ചയായും വലിയ കാര്യമാണ്. സരസ്വതിയാമം, സൂര്യകാന്തം, അഗ്നിപുരാണം, നെറ്റിയിൽ പൂവുള്ള പക്ഷി, എന്റെ സൗപർണ്ണിക തുടങ്ങി പത്തിലേറെ നാടകങ്ങൾ സംസ്കാരയിലൂടെ അരങ്ങിലെത്തി.

നാടകസമിതിയുടെ സംഘാടക എന്ന നിലയിൽ അവരോടുള്ള ബഹുമാനം ഏറെയാണ്. അരങ്ങിന്റെ നൂതനമായ മാറ്റങ്ങൾക്കും പരീക്ഷണങ്ങൾക്കും വിപ്ലവകരമായ മാറ്റം കൊണ്ടുവരാൻ സംസ്കാരയ്ക്കായിട്ടുണ്ട്. ഇന്ന്



**തോപ്പിൽ ഭാസി, ജി. ദേവരാജൻ, കെ.എസ്. ജോർജ്, ഒ എൻ വി കുറുപ്പ്**

**മൈക്കില്ലാതെ ഉച്ചത്തിൽ സ്റ്റേജിൽ നിന്നു പാടി അഭിനയിക്കുകയെന്നത് ദുഷ്കരമായ കാര്യമായിരുന്നു. നടിയും ഗായികയുമായി അവർ അവിടെ വലിയ പാഠമായി മാറുകയാണ്**



നമ്മൾ അരങ്ങിൽ പരീക്ഷണ സാധ്യതകൾ കൊണ്ടുവരാൻ ശ്രമിക്കുമ്പോൾ ആദ്യകാല നാടകങ്ങളിൽ കാലക്രമേണ വന്ന മാറ്റവും പഠന വിഷയമാക്കേണ്ടതുണ്ട്. മൈക്കില്ലാതെ ഉച്ചത്തിൽ സ്റ്റേജിൽ നിന്നു പാടി അഭിനയിക്കുകയെന്നത് ദുഷ്കരമായ കാര്യമായിരുന്നു. നടിയും ഗായികയുമായി അവർ അവിടെ വലിയ പാഠമായി മാറുകയാണ്. ഒരു കാലഘട്ടത്തിന്റെ മുഴുവൻ ശബ്ദമാണ് കെ.പി.എ.സി.സുലോചനയും കെ.എസ്. ജോർജും. നാടകവും സംഗീതവും ഒരുപോലെ അരങ്ങിലെത്തിക്കുന്ന കെ.പി.എ.സി. ഒരു നാടിന്റെ മുഴുവൻ വികാരമായി മാറിയിരുന്നു. 'നിങ്ങളെന്നെ കമ്യൂണിസ്റ്റാക്കി'യിൽ സ്വന്തം പിതാവിന്റെ ക്രൂരതകൾ ചോദ്യം ചെയ്യുന്ന വിപ്ലവകാരിയുടെ വേഷമായിരുന്നു സുലോചനയ്ക്ക്. അവർ അഭിനേത്രി മാത്രമായിരുന്നില്ല, മികച്ച വിപ്ലവകാരിയുമായിരുന്നു. അത്തരത്തിൽ നിരവധി അനുഭവങ്ങൾ സുലോചനയുടെ ആത്മകഥയായ 'അരങ്ങിലെ അനുഭവങ്ങളി'ൽ പറയുന്നു. കലയിലൂടെ എപ്രകാരം മികച്ച രാഷ്ട്രീയ നേതാവ് കൂടിയാവാമെന്ന് അവർ സ്വജീവിതം കൊണ്ട് കാണിച്ചുതന്നു. പിൽക്കാലത്തെ നടീനടന്മാർക്ക് മുന്നിൽ അവർ ഒരു പാഠപുസ്തകമായി മാറുന്നതും അതുകൊണ്ട് തന്നെയാണ്. പതിനെട്ടാമത്തെ വയസിൽ ചെല്ലമ്മയെന്ന വേഷം 'മുടിയനായ പുത്രൻ' എന്ന നാടകത്തിൽ അവതരിപ്പിച്ചു. അതിലൂടെയാണ് മികച്ച ഗായികയും അഭിനേത്രിയുമായി സുലോചന




അറിയപ്പെട്ടു തുടങ്ങിയത്. 'എന്റെ മകനാണ് ശരി'യെന്ന നാടകത്തിൽ ശാരിയെന്ന കഥാപാത്രത്തിലൂടെയാണ് കെ.പി.എ.സി.യിൽ തുടക്കം.

### കല സമരം തന്നെ

ചരിത്രത്തിലെ നിർണായക ഘട്ടങ്ങളിൽ നാമുയർത്തുന്ന നിലപാടുകളാണ് കലയിൽ സമരമായി മാറുന്നത്. നമുക്ക് കൃത്യമായ പക്ഷമുണ്ട്. അത് കേവലം സ്ത്രീപക്ഷമെന്നും പുരുഷവിരുദ്ധമെന്നും വിധി കൽപ്പിക്കുന്നതിനോട് യോജിക്കാനാവില്ല. അത് അരികുവൽക്കരിക്കപ്പെട്ടവരുടെ പക്ഷമാണ്. കൃതികളിലെ 'പക്ഷപാതിത്വം' തന്നെയാണ് ഓരോ രചനകളെയും കാലാനുസാരിയാക്കുന്നത്. നിഷ്പക്ഷതയുടെ മുഖംമൂടിയണിഞ്ഞ വർത്തമാനത്തോട് ഞാൻ ഒരു പക്ഷപാതിയാണെന്ന് വിളിച്ചുപറയാൻ സ്വന്തം സൃഷ്ടികളിലൂടെ കഴിയുന്നു എന്നത് ഏറെ സന്തോഷമുള്ള കാര്യമാണ്. വർത്തമാനകാല സാഹചര്യം ഓരോ കലാകാരനിൽനിന്നും എഴുത്തുകാരിൽനിന്നും ആവശ്യപ്പെടുന്നത് തീർച്ചയായും അതുതന്നെയാണ്. സുലോചനയുടെ ജീവിതം അരങ്ങിലൂടെ അത്രമേൽ

**അവർ അഭിനേത്രി മാത്രമായിരുന്നില്ല, മികച്ച വിപ്ലവകാരിയുമായിരുന്നു. അത്തരത്തിൽ നിരവധി അനുഭവങ്ങൾ സുലോചനയുടെ ആത്മകഥയായ 'അരങ്ങിലെ അനുഭവങ്ങളി'ൽ പറയുന്നു.**

രാഷ്ട്രീയവൽക്കരിക്കപ്പെട്ടതായി മാറുന്നതും കാണാം. 2005 ഏപ്രിൽ 17ന് ആ ജീവിതം അസ്തമിച്ചു.

### ജീവിതം കലയാണ്, കല രാഷ്ട്രീയവും

കലയിലൂടെ ഒരു സാംസ്കാരിക ചലനമുണ്ടാക്കാൻ കെ.പി.എ.സി.സുലോചനയ്ക്കായി. പിൽക്കാലത്ത് അരങ്ങിലെത്തിയ ഞങ്ങളെ പോലുള്ളവരെ സ്വാധീനിക്കാൻ അവർക്കായിട്ടുണ്ട്. കെ.പി.എ.സി.സുലോചനയെ പോലുള്ളവർ മുന്നേ നടന്ന വഴികളിൽ തെളിച്ച വെളിച്ചം കെടാതെ കാത്തു സൂക്ഷിക്കേണ്ടത് പിന്നാലെ വരുന്നവരുടെ വലിയ ഉത്തരവാദിത്വമാണ്. ■



പ്രമുഖ കാഥിക സീന പള്ളിക്കരയുമായി നടത്തിയ അഭിമുഖം

# പാട്ടിൽ നിന്ന് കഥപറച്ചിലിലേക്ക്

**? കേരളത്തിന്റെ സാംസ്കാരിക മുന്നേറ്റത്തിൽ വലിയ സംഭാവനകൾ നൽകിയ കലയാണ് കഥാപ്രസംഗം. നവോത്ഥാന ആശയങ്ങളെ മുന്നോട്ടുവെച്ച കലയിൽ കാഥികമാരുടെ ചരിത്രത്തെക്കുറിച്ച് വലിയ രേഖപ്പെടുത്തലുകളൊന്നുമില്ല എന്ന് തോന്നിയിട്ടുണ്ടോ?**

നമ്മുടെ സിസ്റ്റത്തിന്റെ ഒരു സ്വഭാവം തീർച്ചയായും കഥാപ്രസംഗകലയിലും ഉണ്ടാകുമല്ലോ. അനിഷേധ്യമായ പങ്കാണ് കഥാപ്രസംഗ കലാചരിത്രത്തിൽ കാഥികമാർക്കുള്ളത്. ആലപ്പുഴ ജില്ലയിൽതന്നെ എനിക്കുമുന്നേ ശ്രദ്ധേയരായ കാഥികമാരുണ്ട്. ആലപ്പി ഐഷ ബീഗം, റംല ബീഗം ഇവരൊക്കെ കഥാപ്രസംഗ രംഗത്ത് സജീവമായി ഇടപെട്ടവരാണ്. രണ്ടാളുടേയും കഥകൾക്ക് പാട്ടുപാടാൻ എനിക്ക് അവസരം കിട്ടിയിട്ടുണ്ട്. കാഥികന്മാരെക്കുറിച്ച് നമ്മൾ ധാരാളം കേട്ടിട്ടുണ്ട്. സത്യമാണ്. പക്ഷേ കലാജീവിതവും കുടുംബജീവിതവും ഒരുപോലെ കൊണ്ടുപോകാൻ സ്ത്രീകൾ അനുഭവിക്കുന്ന വലിയ സംഘർഷങ്ങളുണ്ട്. പ്രത്യേകിച്ച് മറ്റ് കലകളേക്കാൾ ശ്രദ്ധയും ഒരുക്കവും കഥാപ്രസംഗ കലയ്ക്ക് വേണം; പക്കമേളം ഉണ്ടെങ്കിലും കഥ ചലിക്കുന്നത് പറയുന്ന ആളിലാണല്ലോ. ശരിക്കും ഒറ്റയാൾ പോരാട്ടം. അത്തരമൊരു കല കൈകാര്യം ചെയ്യുന്നവർ എന്ന നിലയിൽ കഥാപ്രസംഗ കലാചരിത്രത്തിൽ കാഥികമാർ വേണ്ടവിധം പരിഗണിക്കപ്പെട്ടിട്ടില്ല.



സീന പള്ളിക്കര





യേശുദാസിനൊപ്പം

**? ഇരട്ട ജീവിതമാണ് ജോലി ചെയ്യുന്ന സ്ത്രീകൾക്കുള്ളത്. അതായത് ജോലിയും വീട്ടിലെ കാര്യങ്ങളുമുൾപ്പെടെ. സർക്കാർ സർവീസിൽ ഉണ്ടായിരുന്ന ആളാണ് അങ്ങ്. ഒപ്പം വീട്ടമ്മയും കലാകാരിയും. മുന്നേ സൂചിപ്പിച്ച ഈ സംഘർഷം സീന പള്ളിക്കര എന്ന കാഥികയുടെ ജീവിതത്തിൽ എങ്ങനെയായിരുന്നു?**

ജീവിതത്തോടുള്ള സമരവും പോരാട്ടവുമൊക്കെ വളരെ ചെറുപ്പത്തിൽ തുടങ്ങിയതാണ്. കുടുംബത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുത്ത് ചെയ്യേണ്ട സാഹചര്യങ്ങൾ ഉണ്ടായിരുന്നു. ഏതാണ്ട് പത്ത് വയസ്സിനു മുൻപേതന്നെ വീട്ടിലെ കടയിൽ പിതാവിനെ കച്ചവടത്തിൽ സഹായിച്ചിരുന്നു. പിന്നീട് സൈക്കിളിൽ സാധനങ്ങൾ കൊണ്ടുപോയി കച്ചവടം ചെയ്യാനും ആരംഭിച്ചു. വെല്ലുവിളികളെ അതിജീവിക്കാനുള്ള കരുത്ത് ചെറുപ്പത്തിൽ തന്നെ നേടിയിരുന്നു. ഒപ്പം അനുഗ്രഹമായി കിട്ടിയ പാട്ടും. ആ പാട്ടിൽ നിന്നാണ് സീന പള്ളിക്കര രൂപപ്പെട്ടതും. പാട്ടുകൊണ്ട് ഞാനെന്റെ ജീവിതത്തെ നെയ്തു എന്ന് പറയുന്നതാവും ശരി. വ്യക്തിജീവിതത്തിൽ അനവധി പ്രതിസന്ധികളെ നേരിട്ടിട്ടുണ്ട്. എല്ലാ പ്രതിസന്ധികളിൽനിന്നും കരകയറി ജീവിക്കണമെന്ന വലിയ ഇച്ഛാശക്തിയുണ്ടായിരുന്നു. അതുകൊണ്ട് ആത്മവിശ്വാസത്തോടെ മുന്നോട്ടുപോയി.

**? പാട്ടാണ് രൂപപ്പെടുത്തിയതെന്ന് പറഞ്ഞല്ലോ. അപ്പോൾ കഥാപ്രസംഗത്തിലേയ്ക്കുള്ള വഴി പാട്ടായിരുന്നോ?**

തീർച്ചയായും. മുന്നേ സൂചിപ്പിച്ചില്ലേ കഥാപ്രസംഗത്തിന് പിന്നണി പാടാൻ പോയിരുന്നു എന്ന്. അതുപോലെ ഗാനമേള വേദികളിലും ബാലേയ്ക്കും നാടകത്തിനുമൊക്കെ പാടാൻ പോയിരുന്നു. അതിലൊന്നും തുടരാൻ കഴിഞ്ഞില്ല. എന്നാൽ നാടകവുമായി കുറച്ച് കാലം മുന്നോട്ടുപോയി. കഥാപ്രസംഗത്തിലേക്ക് നയിച്ചത് എന്റെ ജീവിതപങ്കാളിയാണ്. ബാഷ ജാനെന്നാണ് അദ്ദേഹത്തിന്റ പേര്. ആളുടെ പിതാവ് ബുൾബുൾ മാസ്റ്ററായിരുന്നു. കാഥികൻ സാംബശിവൻ സാറിന്റെ കൂടെ പിതാവ് ജോലി ചെയ്തിരുന്നു. അന്ന് ഭർത്താവിന്റെ ഒപ്പം പോയത് കഥാപ്രസംഗത്തോട് ആഭിമുഖ്യമുണ്ടാക്കി. അദ്ദേഹത്തിന്റെ താൽപര്യമാണ് എന്നെ കാഥികയാക്കിയത്. കലയാണ് ഞങ്ങളെ ചേർത്തുവെച്ചതും. പാട്ട് വേദികളിലൂടെയുള്ള യാത്രയാണ് ജീവിതയാത്രയിലും ഒന്നിപ്പിച്ചത്. വിവാഹത്തോടെ ഒരു സാമുദായികമാറ്റം ഒക്കെ ഉണ്ടാകുന്നുണ്ട്. അതൊക്കെ വ്യക്തിജീവിതത്തിലെ പ്രധാന വഴിത്തിരിവാണ്. പറഞ്ഞുവന്നത്, പാട്ടിന്റെ വഴിയിലൂടെ ആണെങ്കിലും സീന പള്ളിക്കരയെ കഥാപ്രസംഗത്തിൽ അടയാളപ്പെടുത്താൻ കാരണമായത് ജീവിതപങ്കാളിയാണ്.

**? അപ്പോൾ ഗുരുസ്ഥാനീയനായി ജീവിതപങ്കാളി ആയിരിക്കുമല്ലോ, കഥ തയ്യാറാക്കുന്നതിനും മറ്റ് സാങ്കേതിക തയ്യാറെടുപ്പുകൾക്കുമൊക്കെ അദ്ദേഹത്തിന്റെ ഇടപെടൽ സഹായിച്ചിരുന്നോ**

തീർച്ചയായും. കഥ പറയാൻ അദ്ദേഹമായിരുന്നു നട്ടെല്ല്. പരിപാടികൾക്ക് പോകുമ്പോൾ പിൻബലമായി കൂടെയുണ്ടാകുമായിരുന്നു. മാത്രമല്ല, ഏത് കലയിലാണെങ്കിലും പരിശീലകർക്ക് നമ്മളെ രൂപപ്പെടുത്തുന്നതിൽ വലിയ പങ്കുണ്ട്. എനിക്ക് ജീവിതപങ്കാളി കൂടാതെ ഗുരുക്കന്മാരായി സംഗീതത്തിൽ ആലപ്പുഴ സുതൻ

> **നിരന്തരമായ ഒരുക്കവും തയ്യാറെടുപ്പും കഥ പറയുവാൻ വേണമല്ലോ, ശബ്ദനിയന്ത്രണം, ഓർമ്മശക്തി, ആത്മവിശ്വാസം ഇതൊക്കെ ചേർത്ത് വേദിയിലേക്ക് വരുമ്പോൾ അവിടുത്തെ സാഹചര്യങ്ങളനുസരിച്ച് കാണിയുടെ മനസ്സറിഞ്ഞ് കഥ പറയണം**




മാഷും ഭാവങ്ങൾ പഠിപ്പിക്കാൻ കഥകളി ആചാര്യനായിരുന്ന തകഴി സുകുമാരൻ നായരും കഥകളുടെ സ്ക്രിപ്റ്റ് തയ്യാറാക്കി തരാൻ പാലച്ചിറ ബാബുവുമുണ്ടായിരുന്നു. അങ്ങനെ എനിക്ക് ശക്തിയായും പിന്തുണയായും നിന്ന കുറച്ചു മനുഷ്യരുണ്ട്. പിന്നെ എല്ലാത്തിലുമുപരി കലയോടുള്ള നമ്മുടെ വലിയ സ്നേഹമുണ്ടല്ലോ, അത് മുന്നോട്ടുപോകുവാനുള്ള വലിയ ഇന്ധനമായിരുന്നു.

**? സ്ത്രീകൾ അത്രയൊന്നും മുഖ്യധാരാ സമൂഹത്തിന്റെ ഭാഗമാകാതിരുന്ന കാലത്തായിരുന്നല്ലോ സീന പള്ളിക്കര കഥ പറഞ്ഞുതുടങ്ങുന്നത്. അതും ഒറ്റയാൾപ്പോരാട്ടമെന്ന് മുന്നേ പറഞ്ഞ കഥാപ്രസംഗത്തിലേക്ക്. ഇസ്ലാമിക ചുറ്റുപാടിൽ നിന്നൊരു സ്ത്രീ കഥ പറയുമ്പോൾ സമൂഹത്തിൽനിന്നും കുടുംബത്തിൽ നിന്നുമുള്ള പ്രതികരണങ്ങൾ എങ്ങനെയായിരുന്നു**

1984 ലാണ് ആദ്യമായി കഥ പറഞ്ഞത്. എസ്.എച്ച്.ഖാൻ ആയിരുന്നു രചന. 1988 മുതൽ പ്രൊഫഷണലായി കഥ പറഞ്ഞുതുടങ്ങി. മുഗൾ ചരിത്രകഥ 'കഥയറിയും മുൻപെ' ആയിരുന്നു ആദ്യമായി പറഞ്ഞ കഥ. കല്ലായിപ്പുഴയുടെ തീരത്ത്, മാണിക്കത്തൊട്ടിൽ തുടങ്ങി ആദ്യകാലത്ത് ഇസ്ലാമിക ചരിത്രത്തെ മുൻനിർത്തിയ കഥകളായിരുന്നു. പ്രമേയം മതസംസ്കാരവുമായി ബന്ധപ്പെട്ടതായിരുന്നു. അതുകൊണ്ട് പ്രശ്നങ്ങളുണ്ടായില്ല. എന്നാൽ കുറച്ചുകൂടി വിപുലമായ വേദികളിലേക്ക് സാമൂഹികകഥകളും ചരിത്രകഥകളുമൊക്കെയായി പോകുന്ന വേളയിൽ എതിർപ്പുകൾ ഉണ്ടായി. ക്ഷേത്രങ്ങളിലൊക്കെ ഇതിഹാസകഥകളും പുരാണകഥകളും പറയാനെത്തിയപ്പോൾ പ്രശ്നങ്ങൾക്ക് ആക്കം കൂടിവന്നു. പക്ഷേ, കഥപറച്ചിൽ തുടരാൻ കരുത്തായി സീന പള്ളിക്കരയെ സ്നേഹിക്കുന്ന കുറച്ചധികം മനുഷ്യരുണ്ടായിരുന്നു. അത് വലിയ ഊർജ്ജമായി. ഏറ്റവും കൂടുതൽ വേദിയിൽ പറഞ്ഞതും വ്യക്തിപരമായി എനിക്ക് ഏറെ സംതൃപ്തി തന്നതുമായ കഥ 'ശ്രീനാരായണഗുരുദേവ'നാണ്. ശിവഗിരി മഠത്തിൽനിന്നും അംഗീകാരവും ആദരവുമൊക്കെ നേടാൻ കഴിഞ്ഞത് വലിയ സന്തോഷവും അഭിമാനവുമാണ്. അങ്ങനെ ഓരോ വേദികളിൽനിന്നും കാണികളുടെ സ്നേഹവും പിന്തുണയും ലഭിച്ചത് കലാജീവിതത്തിൽ ആവേശമായി. ഇപ്പോൾ വേദികളിൽ എനിക്ക് വലിയ പ്രോത്സാഹനം നൽകുന്നത് എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയാണ്. സ്കൂളുകളിലും സാംസ്കാരിക കേന്ദ്രങ്ങളിലും കോളേജുകളിലും സർവകലാശാലകളിലും ബോധവത്കരണ ക്ലാസുകൾ കഥാപ്രസംഗത്തിലൂടെയാണ് സംഘടിപ്പിക്കുന്നത്. കുട്ടികളിൽ അതിനു വലിയ സ്വീകാര്യതയുണ്ട്. ആരോഗ്യം അനുവദിക്കുന്ന കാലമത്രയും കഥ പറയാനുള്ള മനസ്സ് ഇവരൊക്കെയാണ്.

**? ഈ ജീവിതാനുഭവങ്ങളിൽനിന്നും കലാജീവിതത്തിൽനിന്നും ഉൾക്കൊണ്ട ഒട്ടേറെ കാര്യങ്ങളുണ്ടല്ലോ അതിന്റെ വെളിച്ചത്തിൽ പുതിയ കാലത്തോട് എന്താണ് പറയാനുള്ളത്?**

നമ്മുടെ പ്രവർത്തനമേഖലകളിൽ ആത്മാർഥമായി നിൽക്കുക എന്നതാണ് പ്രധാനം. അഗ്രികൾച്ചറൽ വർക്ക് സൂപ്രണ്ടിൽ നിന്നുമാണ് എന്റെ ഔദ്യോഗിക ജീവിതം ആരംഭിച്ചത്. പൊതുമരാമത്ത് വകുപ്പിൽ ആലപ്പുഴ കളക്ടറേറ്റിലേക്ക് വരുമ്പോൾ സെക്കൻഡ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ തസ്തികയിലുമായിരുന്നു. വളരെ ആത്മാർഥമായി സേവനമനുഷ്ഠിക്കാൻ സാധിച്ചിട്ടുണ്ട്. വി.ആർ.എസ് എടുക്കുന്നത് വരെയും ഔദ്യോഗിക ജീവിതത്തിനൊപ്പം കഥാപ്രസംഗ വേദികളിലും നിറഞ്ഞുനിൽക്കാൻ സാധിച്ചു. നിരന്തരമായ ഒരുക്കവും തയ്യാറെടുപ്പും കഥ പറയുവാൻ വേണമല്ലോ, ശബ്ദനിയന്ത്രണം, ഓർമ്മശക്തി, ആത്മവിശ്വാസം ഇതൊക്കെ ചേർത്ത് വേദിയിലേക്ക് വരുമ്പോൾ അവിടുത്തെ സാഹചര്യങ്ങളനുസരിച്ച് കാണിയുടെ മനസ്സറിഞ്ഞ് കഥ പറയണം. നമ്മൾ ഏത് മാനസികാവസ്ഥയിലാണെങ്കിലും അതിനെ പരുവപ്പെടുത്തി ആസ്വാദകരിലേക്ക് ഇറങ്ങിച്ചെല്ലാൻ സാധിക്കണം.

ജീവിതം വെല്ലുവിളികളുമായി വരും. അത് നിശ്ചയമാണ്. പതറാതെ പൊരുതാൻ തുനിഞ്ഞിറങ്ങിയാൽ നമ്മൾ ജയിച്ചിരിക്കും. പ്രതിസന്ധികളോട് പൊരുതിയതുകൊണ്ടാണ് നിങ്ങളറിയുന്ന സീന പള്ളിക്കര ഉണ്ടായത്. പൊരുതാനുള്ള മനസ്സാണ് പ്രധാനം. പഠിക്കുക, ജോലി നേടുക, ഉള്ളിലൊരു കലയുണ്ടെങ്കിൽ അതിലൂടെ അടയാളപ്പെടാൻ ശ്രമിക്കുക. അതാണ് ഹ്രസ്വമായ ജീവിതത്തെ ഓർക്കാൻ പാകത്തിൽ മനോഹരമാക്കുന്നത്. പാട്ടും പാട്ടിലൂടെ കഥാപ്രസംഗത്തിലേക്കുള്ള വഴിയും എന്റെ ജീവിതസമരങ്ങളെ കൂടുതൽ അർഥപൂർണ്ണമാക്കി. ഇനിയും വേദിയുടെ ഊർജ്ജത്തിൽ മുന്നോട്ടുതന്നെ. നിരന്തരം പരിശ്രമിക്കുക, കഠിനാധ്വാനം ചെയ്യുക, ആത്മാർഥമാകുക, സ്ത്രീകളാണെങ്കിൽ നിർബന്ധമായും ആരേയും ആശ്രയിക്കാത്ത വിധത്തിൽ സാമ്പത്തിക സുരക്ഷിതത്വം നേടുക. വിജയം വഴിയേ വരും. ■

രാജി വി ബി
നാടൻപാട്ട് കലാകാരി



**അതിജീവനത്തിന്റെ പാതയിൽ ശക്തമായി കോറിയിട്ട ഒന്നാണ് മറിയാമ്മ ചേടത്തി എന്ന മറിയാമ്മ ജോണിന്റെ ജീവിത ചിത്രം.**

# നാട്ടുപാട്ടുകളുടെ മാണിക്യംപെണ്ണ്



ഇത് ആദി മൊതലേ പടവെട്ടി
നടന്നൊരു
പിതാക്കമ്മാരുടെ കതയാണ്
ഇതെഴുതിയിട്ടില്ല
കേട്ടു പടുത്തം
മാതാക്കമ്മാര് കണ്ടത്തിക്കെടന്ന്
കുത്തിമറിഞ്ഞു പാടി
ചക്രത്തിന്റെ മോളിലിരുന്നു പാടി
വള്ളത്തേ കുത്തിക്കറക്കുമ്പം പാടി
ഇങ്ങനൊക്കെ കിട്ടിയ പാട്ടാ ഞങ്ങക്ക്"

**-മറിയാമ്മച്ചേടത്തി
ചൊല്ലിയാട്ടക്കളരിയിൽ**

നാട്ടുവഴക്കങ്ങളുടെയും നാട്ടുപാട്ടിന്റെയും പാതയിൽ സഞ്ചരിച്ച്, എട്ടുപതിറ്റാണ്ടോളം മനസിന്റെ അറകളിൽ പാട്ടുകളെ സൂക്ഷിച്ച്, വാമൊഴി വഴക്കങ്ങളുടെ പാരമ്പര്യങ്ങളെ നെഞ്ചോട് ചേർത്ത് പിടിച്ച് തന്റെ അറിവുകളെ മറ്റുള്ളവരിലേക്ക് ആനന്ദത്തോടെ പകർന്നുകൊടുത്ത അതുല്യപ്രതിഭയാണ് മറിയാമ്മച്ചേടത്തി എന്ന മറിയാമ്മ ജോൺ. മലയാള ഗ്രാമീണ ജീവിതത്തിന്റെ സാമൂഹിക സാംസ്കാരിക ഘടനയിൽ തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ചു കടന്നുപോയ ശക്തയായ സ്ത്രീ.

കുഞ്ഞപ്പന്റെയും ചിന്നമ്മയുടെയും മകളായ മറിയാമ്മ ചേടത്തി വെള്ളീയൻ, തേയീയൻ, ചെറുനാടൻ, കവരൻ എന്നിങ്ങനെ നാല് ഇല്ലങ്ങൾ ഉൾപ്പെട്ട സാംബവ സമുദായത്തിലെ ചെറുനാടൻ ഇല്ലത്തിൽ ഉൾപ്പെട്ടതാണ്. അമ്മ വഴിക്കാണ് ഇല്ലത്തിന്റെ വളർച്ച. അവരെ ജന്മികൾ കൈമാറ്റം ചെയ്യുമ്പോൾ ഇല്ലപ്പേര് മറക്കരുത് എന്ന് പറയാറുണ്ട്. അതു മാത്രമല്ല ഒരേ ഇല്ലക്കാർ തമ്മിൽ വിവാഹവും കഴിക്കില്ല. സാംബവരുടെ ആചാരവിശ്വാസങ്ങൾ, മന്ത്രവാദക്രിയകൾ, ചികിത്സകൾ, സംഭാഷണങ്ങൾ ഇതെല്ലാം 90-ാം വയസ്സിലും ഓർമയുടെ താളിൽ ഒളിമങ്ങാതെയുണ്ടായിരുന്നു.

അവരുടെ കല മുടിയാട്ടമായിരുന്നു. കാവുകളിൽ കളം വരച്ച് മുടിയാട്ടക്കളത്തിൽ പാടിപ്പതിഞ്ഞ പാട്ടുകൾ, എടവി പിറന്നൊരു എടനാടന്റെ പാട്ടുകൾ, ചെങ്ങന്നൂരിന്റെ വീരനായകനായകനായ ചെങ്ങന്നൂരാതിയുടെ പാട്ടുകൾ, പടപ്പാട്ടുകൾ, ചാവുപാട്ടുകൾ, ചാറ്റുപാട്ടുകൾ എന്നിവയുടെ കലവറയായിരുന്നു മറിയാമ്മച്ചേടത്തി. സാഹിത്യകാരൻ ഡി.വിനയചന്ദ്രന്റെ ഭാഷ്യത്തിൽ 'നാടോടി സംസ്കൃതിയുടെ ഒരു സർവ്വവിജ്ഞാനകോശം'.

> **അക്ഷരങ്ങൾ പഠിച്ചു തുടങ്ങുന്നതിനു മുമ്പേ പാടവരമ്പിൽ തന്റെ അച്ഛനമ്മമാർ പാടിയ മനോഹരമായ പാട്ടുകളാണ് മറിയാമ്മച്ചേടത്തി പഠിച്ചത്**

ജനന വർഷമേതെന്ന് ചോദിച്ചാൽ തൊണ്ണൂറ്റിയൊൻപതിലെ വെള്ളപ്പൊക്കത്തിൽ തനിക്ക് നാലര വയസായിരുന്നുവെന്നാണ് ചേടത്തിയുടെ മറുപടി. അതനുസരിച്ച് 1920-നോടടുത്തായിരിക്കും ജനനമെന്ന് കരുതുന്നു. മറിയാമ്മച്ചേടത്തിയുടെ പൂർവികരെ അഴകടത്തു മഠത്തിൽ നിന്ന് ഒരു കൈമൾ വിലയ്ക്കു വാങ്ങിയതാണ്. പതിനഞ്ചു വയസ്സുവരെ കോത എന്ന പേരായിരുന്നു ചേടത്തിക്ക്. ജോണിനെ വിവാഹം കഴിച്ചതോടെ ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യുകയും മറിയാമ്മ ജോൺ എന്ന പേര് സ്വീകരിക്കുകയും ചെയ്തു.

അക്ഷരങ്ങൾ പഠിച്ചു തുടങ്ങുന്നതിനു മുമ്പേ പാടവരമ്പിൽ തന്റെ അച്ഛനമ്മമാർ പാടിയ മനോഹരമായ പാട്ടുകളാണ് മറിയാമ്മച്ചേടത്തി പഠിച്ചത്. മറിയാമ്മച്ചേടത്തിയുടെ പാട്ടുശേഖരത്തെ 'മാണിക്യംപെണ്ണ്' എന്ന പുസ്തക രൂപത്തിൽ 1998-ൽ മാനുഷം പബ്ലിക്കേഷൻസ് പുറത്തിറക്കി. പ്രകൃതിയുടെ അത്ഭുതങ്ങളായ അറിവുകളടങ്ങിയ പാട്ടുകളും, ജാതി വ്യവസ്ഥയെക്കുറിക്കുന്ന പാട്ടുകളും, ആചാരാനുഷ്ഠാനങ്ങളെ കുറിക്കുന്ന പാട്ടുകളും ഉൾപ്പെടുത്തിയ ഒരു പുസ്തകമായിരുന്നു മാണിക്യംപെണ്ണ്.

ജാതി ചിന്തയ്ക്കെതിരെ ശക്തമായി ആഞ്ഞടിക്കുന്ന വരികളാണ് 'എന്തു ശ്രുതി ഏത് ശ്രുതി' എന്ന പാട്ടിൽ.

"അത്തിനിന്തോ തിന്തിനിന്തോ
തിന്തിനിന്തോ തിനന്താരേ

അത്തിനിന്തോ തിന്തിനിന്തോ
തിന്തിനിന്തോ
തിനന്താരേ
മീനിറച്ചി കൂട്ടുകില്ല
മീൻ കിടക്കും പൊയ്കയിൽ
കുളിക്കയും ജപിക്കയും
എന്തു ശ്രുതി ബ്രാമണാ ഏത് ശ്രുതി
ബ്രാമണാ"

## ചെങ്ങന്നൂരാതി പാട്ട്

ജാതീയ ഉച്ചനീചത്വങ്ങൾ നിലനിന്ന കാലത്ത് ബ്രാഹ്മണ വിഭാഗത്തിന്റെ 64 അടി മാറിയാണ് സാംബവർ നിൽക്കേണ്ടിയിരുന്നത്. ഭാരതീയ വർണ്ണാവർണ്ണാവ്യവസ്ഥയ്ക്കെതിരെ ശക്തമായ പ്രതിഷേധമാണീ വരികൾ. പുസ്തകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന ചെങ്ങന്നൂരാതി പാട്ടിലെ വരികൾ

'എവിടെച്ചെന്നെവിടെച്ചെന്നു നീ ആട്ടം
പടിച്ചേ?
നേരുകെഴക്കോട്ടൊരു കൊയ്ത്തിനു
പോയേ
ആമ്മയിലും പെമ്മയിലും നിന്നാടുന്ന
കണ്ടേ
ആയാട്ടോം മെയ്യാട്ടോം കണ്ടാട്ടം പടിച്ചേ
ആമ്പാമ്പും പെമ്പാമ്പും നിന്നാടുന്ന കണ്ടേ
ആയാട്ടോം മെയ്യാട്ടോം കണ്ടാട്ടം പടിച്ചേ '

മറിയാമ്മച്ചേടത്തിയുടെ മാണിക്യംപെണ്ണ് എന്ന പുസ്തകത്തിൽ പ്രകൃതിയുടെ വൈവിധ്യങ്ങളെ മനുഷ്യന്റെ ജീവിതത്തോട് ചേർത്തു വെയ്ക്കുകയാണ്. മുടിയാടുന്ന സ്ത്രീയോട് നീയെവിടുന്നാണ് ആട്ടം പഠിച്ചതെന്ന് ചോദിക്കുമ്പോൾ കിഴക്ക് കൊയ്ത്തിനു പോയപ്പോൾ ആൺമയിലിന്റെയും പെൺമയിലിന്റെയും ആൺപാമ്പിന്റെയും പെൺപാമ്പിന്റെയുമൊക്കെ ആട്ടങ്ങൾ കണ്ടാണ് പഠിച്ചതെന്നുള്ള മറുപടിയിൽ, പ്രകൃതിയിൽ നിന്നാണ് മനുഷ്യൻ തന്റെ ജീവിതത്തിന്റെ ആദ്യ പാഠങ്ങൾ പഠിച്ചു തുടങ്ങിയതെന്ന് വ്യക്തമാകുന്നു.

പറയ സമുദായത്തിന്റെ ഒരു രീതിയായിരുന്നു ചങ്ങാത്തം കെട്ടലിനെ കുറിച്ച് ഒരു പാട്ടിൽ പ്രതിപാദിക്കുന്നുണ്ട്. രണ്ട് യുവാക്കൾ പരിചയപ്പെട്ടാൽ അവരുടെ കുടുംബങ്ങൾ കൂട്ടുത്തരവാദിത്തമുള്ളതായി. രണ്ടു പേരുടെയും പെങ്ങമ്മാരെ കെട്ടിച്ചയക്കുന്ന ചുമതല ഒരു പോലെ ഏറ്റെടുക്കുമായിരുന്നു. വംശീയമായ ഒട്ടനവധി ആചാരങ്ങളുടെ ലോകമാണ് സാംബവ സമുദായത്തിന്റേത്. മറിയാമ്മച്ചേടത്തി പാടിത്തന്ന പാട്ടുകളിൽ അതിന്റെ ആഴത്തിലുള്ള വിശകലനങ്ങൾ ഉണ്ട്. വ്യത്യസ്തമായ വാമൊഴി പദങ്ങളും വ്യവഹാരങ്ങളും ഉണ്ട്. കുഞ്ഞഴകനും കുഞ്ഞാളിയും എന്ന പാട്ടിലെ 'മുട്ടാറു മുന്നൂറുമേ' എന്ന പ്രയോഗം കുട്ടനാട്ടിലെ ചില പാടശേഖരങ്ങളെ സൂചിപ്പിക്കുന്നു. ഇത്തരത്തിൽ ദളിത് ജീവിതത്തിന്റെ യാഥാർഥ്യത്തെ വരച്ചുകാട്ടുന്ന വ്യത്യസ്തതകൾ നിറഞ്ഞ പാട്ടു ലോകമാണ് മാണിക്യം പെണ്ണ് എന്ന പുസ്തകം.1999-ൽ ജയരാജ് സംവിധാനം ചെയ്ത കരുണം എന്ന സിനിമയിൽ പാടി സിനിമാ പിന്നണി രംഗത്തും മറിയാമ്മച്ചേടത്തി സാന്നിധ്യം അറിയിച്ചു.

മറിയാമ്മച്ചേടത്തിയുടെ ഭർത്താവ് ജോൺ ചങ്ങനാശ്ശേരി അരമനയിൽ പുറംപണിയായിരുന്നു ചെയ്തിരുന്നത്. മറിയാമ്മച്ചേടത്തി കൃഷിപ്പണിയും. തന്റെ സമുദായത്തിന്റെ ആചാരാനുഷ്ഠാനങ്ങളും പാരമ്പര്യങ്ങളും സ്വാംശീകരിച്ച് ജീവിച്ച അവർ വിവാഹ ശേഷം ക്രിസ്തുമതം സ്വീകരിച്ചപ്പോൾ താനിനി എങ്ങനെ പറയ സമുദായത്തിന്റെ പാട്ടുകൾ പാടുമെന്ന വിചാരം അവരെ പിന്തുടർന്നിരുന്നു. ചങ്ങനാശ്ശേരിയിൽ ആദ്യ കാലങ്ങളിൽ മുഖമുദ്ര എന്ന സാംസ്കാരിക സംഘടനയിലെ ഒരു സജീവ അംഗമായിരുന്നു മറിയാമ്മച്ചേടത്തി. 1993-ൽ നാടൻ കലകളുടെ പഠനം, അവതരണം എന്നിവയിലേക്ക് തിരിഞ്ഞ ഈ സംഘടനയുടെ നേതൃത്വത്തിൽ 1996 നവംബർ 3,4 തിയതികളിൽ നടത്തിയ ചൊല്ലിയാട്ടക്കളരി മധ്യതിരുവിതാംകൂറിലെ കാർഷിക സംസ്കാരത്തിന്റെയും കോലം തുള്ളലിന്റെയും മുടിയാട്ടത്തിന്റെയും അടയാളപ്പെടുത്തലിന് ഉറപ്പു കൂട്ടുന്നതായിരുന്നു.

അങ്ങനെയിരിക്കെ ചങ്ങനാശ്ശേരി എസ്.ബി.കോളേജിൽ തൂപ്പുകാരിയായി സ്ഥിരം ജോലി കിട്ടുന്നു. 1990 കളുടെ പകുതിയോടു കൂടി ഫോക് ലോർ പഠന വിഷയം എം.ജി. യൂണിവേഴ്സിറ്റി എം.എ പഠനത്തിന്റെ ഭാഗമാകുകയുണ്ടായി. നാട്ടറിവിൽ മറിയാമ്മച്ചേടത്തിയുടെ അറിവ് മനസിലാക്കിയ അധ്യാപകർ മറിയാമ്മ ചേടത്തിയെ ഫോക് ലോർ വിഷയം പഠിപ്പിക്കുവാൻ നിയോഗിക്കുന്നു. നാട്ടറിവ് അതിന്റെ ഉറവിടത്തിൽ നിന്നും തന്നെ കുട്ടികളിലേക്ക് പകർന്നു കൊടുക്കുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടെ അവർ ആ ദൗത്യം മറിയാമ്മച്ചേടത്തിയെ വിശ്വസ്തതയോടെ ഏൽപ്പിച്ചു. തൂപ്പു ജോലി തുടർന്നുകൊണ്ടു തന്നെ അധ്യാപക വൃത്തിയും വളരെ ഭംഗിയായി അവർ കൈകാര്യം ചെയ്തു.

പിന്നിട്ട വഴികളിൽ തന്റെ സമുദായത്തിന്റെ സ്വത്വത്തെ രേഖപ്പെടുത്തുക മാത്രമല്ല മറിയാമ്മച്ചേടത്തി ചെയ്തിരുന്നത്. ഒരു സ്ത്രീ എന്ന നിലയിൽ തന്റെ വ്യക്തിത്വത്തെ അടയാളപ്പെടുത്തുകയും ചെയ്തു. അതിജീവനത്തിന്റെ പാതയിൽ ശക്തമായി കോറിയിട്ട ഒന്നാണ് മറിയാമ്മച്ചേടത്തി എന്ന മറിയാമ്മ ജോണിന്റെ ജീവിത ചിത്രം. ■

ജയന്തി കൃഷ്ണ, സംഗീതജ്ഞ



**സ്വാതിതിരുനാൾ സംഗീതകോളേജിലെ ആദ്യ വിദ്യാർഥിനിയായ പാറശ്ശാല പൊന്നമ്മാൾ അവിടത്തെ ആദ്യ അധ്യാപികയും ആദ്യ വനിതാപ്രിൻസിപ്പാളുമായിരുന്നു**

# പാട്ടിന്റെ പൊന്നരങ്ങിലെ വിശുദ്ധസാന്നിധ്യം

**1939** ൽ തിരുവിതാംകൂർ മഹാരാജാവ് ചിത്തിര തിരുനാളിന്റെ ജന്മദിനത്തോടനുബന്ധിച്ച് പെൺകുട്ടികൾക്കായി നടത്തിയ സംഗീത മത്സരത്തിൽ നെയ്യാറ്റിൻകരയിൽ നിന്നുള്ള ഒരു പതിമൂന്നു വയസ്സുകാരിക്ക് ഒന്നാം സ്ഥാനം ലഭിക്കുന്നു. നിസാരൻമാരായിരുന്നില്ല വിധികർത്താക്കൾ; ശെമ്മാങ്കുടി ശ്രീനിവാസ അയ്യരും ഹരികേശനല്ലൂർ മുത്തയ്യാ ഭാഗവതരും. അന്ന് വൈകീട്ട് ഈ പെൺകുട്ടിയുടെ കച്ചേരിയുമുണ്ടായിരുന്നു. കച്ചേരി കേട്ടിട്ട് മുത്തയ്യാ ഭാഗവതർ പെൺകുട്ടിയോടും മാതാപിതാക്കളോടും പറഞ്ഞു; സ്വാതിതിരുനാൾ സംഗീത കോളജിൽ ചേർന്നു പഠിക്കാൻ. അന്ന് തിരുവനന്തപുരത്തിന്റെ തെക്കേ അതിർത്തിയായിരുന്ന നെയ്യാറ്റിൻകരയിൽ നിന്ന് ഇവിടെ വന്ന് പഠിക്കാൻ ബുദ്ധിമുട്ടായിട്ടും മകളുടെ സംഗീതത്തിലെ ഉന്നതിക്കായി അച്ഛനമ്മമാർ അതിന് തയ്യാറാവുകയായിരുന്നു. എന്നും വന്ന് പോകാൻ അന്ന് ട്രെയിൻ മാത്രമായിരുന്നു ആശ്രയം.

അങ്ങനെ സ്വാതിതിരുനാൾ സംഗീത കോളജിലെ ആദ്യ വിദ്യാർഥിനിയാവുകയായിരുന്നു പാറശ്ശാല പൊന്നമ്മാൾ എന്ന പെൺകുട്ടി. 1940 ലായിരുന്നു അത്. ആദ്യത്തെ വിദ്യാർഥിനി അവിടെ നിന്ന് പാസായത് സ്വർണ്ണ മെഡലോടെ. ഇരുപതു വയസിന് മുമ്പുതന്നെ തുടർന്ന് സംഗീത അധ്യാപികയായി. കുറച്ചു കാലം സ്കൂളിൽ ജോലി ചെയ്ത ശേഷം പഠിച്ച സ്വാതിതിരുനാൾ അക്കാദമിയിൽതന്നെ അധ്യാപികയായി. അതും ചരിത്രത്തിന്റെ ഭാഗമായി. കാരണം അവിടത്തെ ആദ്യ വനിതാ അധ്യാപികയും തുടർന്ന് ആദ്യ



പാറശ്ശാല പൊന്നമ്മാൾ

> പാറശ്ശാല പൊന്നമ്മാളെ പോലെ അവതരണമികവും അധ്യാപനത്തിലെ പ്രാഗത്ഭ്യവും ഒന്നിച്ചുചേർന്ന ഗായകർ ചുരുക്കമാണ്

വനിതാ പ്രിൻസിപ്പലും ആയി പാറശ്ശാല പൊന്നമ്മാൾ. സംഗീത കോളജിൽ ശെമ്മാങ്കുടി ശ്രീനിവാസ അയ്യർ, ഹരികേശനല്ലൂർ മുത്തയ്യാ ഭാഗവതർ തുങ്ങിയ പ്രഗത്ഭരായ അധ്യാപകരുടെ ശിക്ഷണമാണ് പൊന്നമ്മാളിന്റെ സംഗീതം ദക്ഷിണേന്ത്യയിലെ ഉന്നതരായ സംഗീതജ്ഞരുടെ ശ്രേണിയിലേക്ക് പൊന്നമ്മാളിനെയും എത്തിച്ചത്.

സാമ്പ്രദായിക സംഗീതമാണ് പാറശ്ശാല പൊന്നമ്മാൾ പിന്തുടർന്നുപോന്നത്. കർണാടക സംഗീതത്തിൽ പിതാമഹന്റെ സ്ഥാനമുള്ള ശെമ്മാങ്കുടി ശ്രീനിവാസ അയ്യരുടെ ശിഷ്യ എന്ന നിലയിൽ അവരുടെ സംഗീതം എന്തുകൊണ്ടും സാമ്പ്രദായികം തന്നെയായിരിക്കും. ശെമ്മാങ്കുടിയെ കൂടാതെ പാപനാശം ശിവൻ, ഹരികേശനല്ലൂർ മുത്തയ്യാ ഭാഗവതർ, കെ.എസ്. നാരായണസ്വാമി തുടങ്ങിയവരിൽ നിന്നും സംഗീതം അഭ്യസിക്കാനും അവരുടെയൊക്കെ അരുമ ശിഷ്യയാകാനും കഴിഞ്ഞു എന്നതാണ് പാറശ്ശാല പൊന്നമ്മാളിനെ വ്യത്യസ്തയാക്കുന്നത്.

ഒരേ സമ്പ്രദായം തുടരുന്നവർ തന്നെയാണ് ഒട്ടുമിക്ക പാട്ടുകാരും. എന്നാൽ ചിലരെ വ്യത്യസ്തരാക്കുന്നത് ദൈവീകമെന്ന് വിലിരുത്തപ്പെടുന്ന ചില ഘടകങ്ങളാണ്. അത്തരത്തിലുള്ള ദൈവാംശമുള്ള സംഗീത ഘടകങ്ങൾ ചേർന്ന അപൂർവം ഗായകമാരിലൊരാളായാണ് പാറശ്ശാല പെന്നമ്മാളിനെ വിശേഷിപ്പിക്കുന്നത്. അതായത് കച്ചേരിയുടെ തുടക്കത്തിൽ വർണ്ണം പാടുമ്പോൾ തന്നെ രാഗഭാവത്തിലലിഞ്ഞ ആ ദൈവാംശം വേദിയിൽ ഒരു സുഗന്ധമായി പടർത്താൻ അവരുടെ നൈസർഗികമായ സർഗശേഷിക്ക് കഴിയുന്നു. ഇങ്ങനെ സംഗീതത്തിന്റെ അന്തരീക്ഷത്തിൽ ഒരുഭാവമാറ്റം വന്നുചേരുകയും അതുവഴി ആസ്വാദകരെ തന്നിലേക്ക് അടുപ്പിക്കാനും അവർക്ക് കഴിയുന്നു. ഇത്തരത്തിലുള്ള ഗായകർ അത്യപൂർവമാണ്. അത്തരത്തിലൊരാളാണ് പാറശ്ശാല പൊന്നമ്മാൾ.

ആസ്വാദകരെ ഒരു കച്ചേരിയിൽ മുഴുവനായി അടുപ്പിക്കണമെങ്കിൽ ഗായകർക്ക് വിശുദ്ധി, ധ്യാനം, പാരമ്പര്യം, സ്വഭാവശുദ്ധി, കാരുണ്യം, അച്ചടക്കം തുടങ്ങിയ ഘടകങ്ങൾ ഉണ്ടായിരിക്കണം. ഇത്തരത്തിലുള്ള എല്ലാ സ്വഭാവ സവിശേഷതകളും ഒത്തിണങ്ങിയ ഗായികയുമാണ് ഇവർ.

ജ്ഞാനവും അഗാധമായ ജീവിതാനുഭവങ്ങളും അളവറ്റ ശിഷ്യ സമ്പത്തും അനുഗ്രഹിക്കപ്പെട്ട ഒരു ജന്മം കൂടിയാണ്. ദക്ഷിണേന്ത്യയിൽ പാറശ്ശാല പൊന്നമ്മാളിന് സമശീർഷയായി അപൂർവം ഗായികമാരേ ഉള്ളൂ എന്നതും കേരളത്തിന്റെ ഒരു പുണ്യമായി വേണം കരുതാൻ. വളരെ വൈകിയാണ് പത്മശ്രീ 92-ാം വയസ്സിൽ ലഭിക്കുന്നത്.



രാഷ്ട്രപതി പ്രതിഭാപാട്ടീലിൽ നിന്നും പത്മശ്രീ പുരസ്കാരം സ്വീകരിക്കുന്നു

അവതരണമികവും അധ്യാപനത്തിലെ പ്രാഗത്ഭ്യവും ഒന്നിച്ചുചേർന്ന ഗായകർ ചുരുക്കമാണ്. അത്തരത്തിൽ പൊന്നമ്മാൾ വേദികളിൽ സാധാരണക്കാരായ ആസ്വാദകരെപ്പോലും പിടിച്ചിരുത്തുന്ന ഗായികയായിരിക്കെയാണ് അറിവിന്റെ നിറകുംഭമായി അനേകം ശിഷ്യർക്ക് സംഗീതശാസ്ത്രം ഇണക്കിക്കൊടുത്തത്. നെയ്യാറ്റിൻകര വാസുദേവൻ, പാലാ സി.കെ രാമചന്ദ്രൻ, കുമാരകേരളവർമ്മ, എം.ജി രാധാകൃഷ്ണൻ തുടങ്ങിയ പ്രമുഖ ശിഷ്യൻമാർ ഉൾപ്പെടെ ആയിരത്തിലേറെ ശിഷ്യരാണ് പാട്ടിന്റെ ഈ അമ്മയിൽ നിന്ന് സ്വരപുഷ്പങ്ങൾ കൈനീട്ടി വാങ്ങിയത്.

മറ്റൊരു വിപ്ലവവും അവരുടെ ജീവിതത്തിൽ സംഗീതത്തിനു ചെയ്യാൻ കഴിഞ്ഞു എന്നത് സംഗീതലോകത്തിന്റെയും ഭാഗ്യമായി വേണം കരുതാൻ. സംഗീതജ്ഞർ വളരെ വിശിഷ്ടമായി കരുതുന്ന കുതിരമാളികയിലെ നവരാത്രി മണ്ഡപത്തിൽ നൂറ്റാണ്ടുകാലത്തോളം പുരുഷൻമാർ മാത്രമായിരുന്നു പാടിയിരുന്നത്. അവിടേക്ക് സ്ത്രീകളെ അടുപ്പിക്കാൻ മാമൂലുകൾ അനുവദിച്ചിരുന്നില്ല. എന്നാൽ പിന്നീട് 2006 ൽ അതിനുമാറ്റമുണ്ടായി. നൂറ്റാണ്ടുകൾ പഴകിയ ആ മാമൂൽ തിരുത്താനും അങ്ങനെ ചരിത്രത്തിന്റെ ഭാഗമാകാനും തിരഞ്ഞെടുത്തത് പാറശ്ശാല പൊന്നമ്മാൾ എന്ന സംഗീതത്തിലെ തറവാട്ടമ്മയെത്തന്നെയായിരുന്നു. 'ദേവീ ജഗജനനീ' എന്ന ശങ്കരാഭരണ രാഗത്തിലുള്ള കീർത്തനമാണ് അന്നത്തെ കച്ചേരിയിൽ പ്രധാനമായി പാടിയത്. 2021 ജൂൺ 21ന് ഈ ലോകത്തോട് വിടപറഞ്ഞെങ്കിലും പൊന്നമ്മാൾ സംഗീതം അനേകം ശിഷ്യരിലൂടെ, ആയിരങ്ങളുടെ പാട്ടോർമ്മയിലൂടെ ഇന്നും അനശ്വരമാകുന്നു. ■






KERALA KALAMANDALAM
DEEMED TO BE UNIVERSITY







**ചരിത്രം തിരുത്തി കേരളകലാമണ്ഡലത്തിൽ പെൺകുട്ടികൾക്കും കഥകളി പഠനത്തിന് അവസരമൊരുങ്ങിയപ്പോൾ അരങ്ങിലും അണിയറയിലും നിന്നുമുള്ള ദൃശ്യങ്ങളിലൂടെ ഒരു സഞ്ചാരം**

ചിത്രങ്ങൾ: കേരള കലാമണ്ഡലം



അച്ചടിയിലൂടെയുള്ള ധൈഷണിക ഉണർവിന്റെ ചരിത്രവഴികൾ

# അച്ചടിയും പത്രങ്ങളും കേരളത്തിൽ



കേരളത്തിന്റെ നവോത്ഥാനചരിത്രത്തിലെ ഒരു നിർണായക നാഴികക്കല്ലാണ് അച്ചടിയുടെയും പത്രപ്രവർത്തനത്തിന്റെയും ആവിർഭാവം. സാധാരണക്കാരിൽ അറിവും അവബോധവും ഊട്ടിയുറപ്പിച്ച രണ്ട് മുഖ്യ ഉപാധികൾ. സംസ്ഥാനത്തിന്റെ ധൈഷണിക പുരോഗതിയിൽ അവ ഒരു കുതിച്ചുചാട്ടത്തിന് വഴിയൊരുക്കി. ബൗദ്ധിക, സാംസ്കാരിക, രാഷ്ട്രീയ മുന്നേറ്റങ്ങൾക്ക് പുതിയ മാനങ്ങൾ തീർത്തു. ചിന്താശൈലിയെയും ജീവിതരീതികളെയും മാറ്റിമറിച്ചു. വാമൊഴിയായും താളിയോലഗ്രന്ഥങ്ങളായും മറ്റും പൗരാണികകാലംമുതൽ നമ്മുടെ നാട്ടിൽ കഥാ-കാവ്യങ്ങളിലൂടെ ചിന്തകളും അറിവുകളും പങ്കിട്ടിരുന്നു. വരേണ്യവർഗത്തിന്റെ കുത്തകാധിപത്യത്തിൽ ഞെരിഞ്ഞമർന്നിരുന്ന അവ സാധാരണക്കാരിലേക്കിലെത്തിക്കുന്നതിൽ അച്ചടിവിദ്യ വലിയൊരു പങ്കുവഹിച്ചു. വർത്തമാനപത്രങ്ങളുടെ വ്യാപനത്തിനും അത് ആക്കം പകർന്നു.

ലഭ്യമായ ചരിത്ര രേഖകൾ പ്രകാരം കേരളത്തിൽ 1578 ലാണ് ആദ്യമായി അച്ചടി യന്ത്രം സ്ഥാപിച്ചത്- കൊച്ചിയിലെ സെന്റ് പോൾസ് കോളേജിൽ. ക്രൈസ്തവ സുവിശേഷം പ്രചരിപ്പിക്കുകയായിരുന്നു പ്രഥമ ലക്ഷ്യം. അത് ക്രമേണ മലയാള ഭാഷയുടെ വളർച്ചയ്ക്കും വിദ്യാഭ്യാസവികാസത്തിനും പുതിയ വായനാസംസ്കാരത്തിനും വഴിതുറന്നു.

അച്ചടിയുടെ സ്വാഭാവികവികാസമായിരുന്നു കേരളത്തിലെ പത്രപ്രവർത്തന വിപ്ലവം. 1847-ൽ ഹെർമൻ ഗുണ്ടർട്ട് മതപ്രചാരം ലക്ഷ്യമാക്കി പ്രസിദ്ധീകരണമാരംഭിച്ച 'രാജ്യസമാചാര'ത്തിലൂടെ ആ പ്രസ്ഥാനം ക്രമേണ സാമൂഹിക നവോത്ഥാനത്തിനും രാഷ്ട്രീയവിദ്യാഭ്യാസത്തിനും ജനാധിപത്യചിന്തകൾക്കും വേദിയായി മാറി.

പത്തൊൻപത്, ഇരുപത് നൂറ്റാണ്ടുകളിൽ വർത്തമാനപത്രങ്ങൾ സ്വാതന്ത്ര്യത്തിനും സത്യത്തിനും നീതിക്കും വേണ്ടിയുള്ള പോരാട്ടങ്ങളുടെ നാവും പടവാളുമായി വികാസം പ്രാപിച്ചു. ജാതിവിവേചനം, അന്ധവിശ്വാസം, അനാചാരങ്ങൾ, അടിമത്തം, സ്ത്രീദാസ്യം തുടങ്ങിയ സാമൂഹിക വിപത്തുകൾക്കെതിരെ പത്രങ്ങൾ ചിന്താവിപ്ലവത്തിനു തിരികൊളുത്തി. ജനകീയ പ്രസ്ഥാനങ്ങൾ ശക്തിയാർജിച്ചു.

പത്രങ്ങൾ അന്നും വാർത്താവിനിമയമാധ്യമം മാത്രമായിരുന്നില്ല. അവ മനോവിദ്യാഭ്യാസത്തിന്റെയും സാമൂഹികചൈതന്യത്തിന്റെയും പണിപ്പുരകൾ കൂടിയായിരുന്നു. സ്വാതന്ത്ര്യസമരകാലത്ത് അവ ദേശസ്നേഹത്തിന്റെയും ആത്മാഭിമാനത്തിന്റെയും അഗ്നിശിഖയായി പ്രവർത്തിച്ചു. പുതിയ ആശയങ്ങൾ, ശാസ്ത്രാന്വേഷണങ്ങൾ, സാമൂഹിക ചർച്ചകൾ എന്നിവയ്ക്ക് പത്രങ്ങളും പുസ്തകങ്ങളും വേദിയായി. മനുഷ്യന്റെ ജീവിതം, സമൂഹം, രാഷ്ട്രം, വരുംതലമുറകളുടെ ഭാവി എന്നിവയെപ്പറ്റിയൊക്കെ ചിന്തിക്കാൻ പഠിച്ചൊരു തലമുറ രൂപപ്പെട്ടു.

മലയാള സാഹിത്യപ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കും അത് വൻതോതിൽ വഴിയൊരുക്കി. പത്രങ്ങളിലും ആനുകാലികങ്ങളിലും പ്രസിദ്ധീകരിച്ച കഥകളും കവിതകളും ലേഖനങ്ങളും വഴി രൂപപ്പെട്ട അറിവിന്റെയും ചിന്തയുടെയും വിമർശനബോധത്തിന്റെയും വളർച്ച ധൈഷണിക ഉണർവിന് ഊർജം പകർന്നു. വായനയെ ഒരു സമ്പന്ന സംസ്കാരമായി മാറ്റിയതും മലയാള സമൂഹത്തെ 'വായനക്കാരുടെ സംസ്ഥാനം' എന്ന നിലയിലേക്ക് ഉയർത്തിയതും ഈയൊരു പ്രക്രിയ തന്നെയായിരുന്നു.

വിസ്മയകരമായ ഈ വികാസ പരിണാമത്തിന്റെ ചരിത്രവഴികൾ കണ്ടെത്തി നിരൂപണ ശൈലിയിൽ വിശകലനം ചെയ്യുന്ന പുസ്തകമാണ് ഡോ എം.വി തോമസ് എഴുതി കേരള മീഡിയ അക്കാദമി പ്രസിദ്ധീകരിച്ച അച്ചടിയും പത്രപ്രവർത്തനവും കേരളത്തിൽ എന്ന പഠനം. കേരളത്തിലെ അച്ചടി,പുസ്തക പ്രസാധനം, പത്രപ്രവർത്തനം എന്നിവയെപ്പറ്റി വിഷയാധിഷ്ഠിതമായി ചില പുസ്തകങ്ങൾ മലയാളത്തിൽ മുൻപുണ്ടായിട്ടുണ്ടെങ്കിലും അവയുടെ പ്രാരംഭം മുതൽ ഇന്നുവരെയുള്ള ചരിത്രം സമഗ്രമായി പ്രതിപാദിക്കുന്ന പ്രഥമ മലയാള ഗ്രന്ഥം എന്ന സവിശേഷത ഈ പുസ്തകത്തിനുണ്ട്. തനി മലയാളത്തിനു പുറമേ,കേരളത്തിൽ പ്രചാരമുണ്ടായിരുന്ന സുറിയാനി - മലയാളം,അറബി - മലയാളം എന്നീ മിശ്രിത ഭാഷകളിലെയും ഇംഗ്ലീഷ്, ഹിന്ദി, സംസ്കൃതം, തമിഴ്, കന്നഡ തുടങ്ങിയ മറ്റ് ഭാഷകളിലെയും അച്ചടി,പുസ്തകപ്രസാധനം എന്നിവയുടെ കൂടി ചരിത്രം ഉൾപ്പെടുത്തിയ ആദ്യ പുസ്തകം എന്നതാണ് ഈ പുസ്തകത്തിന്റെ മറ്റൊരു പ്രത്യേകത.

ഓരോ കാലഘട്ടത്തിലെയും ചെറുതും വലുതുമായ പ്രസിദ്ധീകരണങ്ങൾ, പ്രസാധകർ, പത്രാധിപർമാർ, പുസ്തകപ്രസിദ്ധീകരണശാലകൾ, പ്രമുഖരുടെ സംഭാവനകൾ എന്നിവയൊക്കെ തരംതിരിച്ച് രേഖപ്പെടുത്തിയിട്ടുള്ളത് മാധ്യമ വിദ്യാർഥികൾക്കും ഗവേഷകർക്കും ഏറെ പ്രയോജനപ്പെടും. ■




**അച്ചടിയും പത്രപ്രവർത്തനവും കേരളത്തിൽ**
ഡോ എം.വി.തോമസ്
പുറം: 214. വില: 250 രൂപ.
കേരള മീഡിയ അക്കാദമി പ്രസിദ്ധീകരണം

# കാടകങ്ങളിൽ വിഷു പൂക്കുന്നു



തിരുനെല്ലിയിലെ കാട്ടുനായ്ക്കരുടെ കോടാങ്കിയാട്ട സംഘം

തിരുനെല്ലിയുടെ ഓർമ്മകളിൽ വിഷുവിന് മുന്നോടിയായി കാട്ടുനായ്ക്കരുടെ കോൽക്കളി സംഘം വീടുകളിലെത്താറുണ്ട്. ഇന്നും മുടക്കമില്ലാതെ ഇത് തുടരുന്നു. കാടിറമ്പങ്ങളിൽ നിന്നും ഉയിർകൊണ്ട ഈ അനുഷ്ഠാനങ്ങൾ നിലനിൽക്കുന്നതിൽ നാടിനും സന്തോഷമുണ്ട്. പുതിയ തലമുറകൾ ഇതിനെയെല്ലാം കൊണ്ട് നടക്കുമ്പോൾ നാട്ടുനന്മകളുടെ പഴയകാലമാണ് വീണ്ടും മനസ്സിൽ നിറയുന്നത്.

കണിക്കൊന്നക്കാട് പൂക്കുമ്പോഴാണ് കാടിനുള്ളിൽ വിഷുവരവറിയുന്നത്. ചുട്ടുപൊള്ളുന്ന വെയിലിൽ വൻമരങ്ങൾ പോലും ഇലപൊഴിച്ചിടുമ്പോൾ കൊന്ന മാത്രം പൊന്നിൻ നിറങ്ങളുമായി പൂത്തുലയും. തിരുനെല്ലിക്കാടുകളിൽ കാട്ടുനായ്ക്കർക്കും തേൻകുറുമർക്കുമെല്ലാം വിഷുക്കാലം വേറിട്ടൊരു ആഘോഷത്തിന്റേതാണ്. കേരളത്തിലെ വിഷു ആഘോഷങ്ങളിൽ നിന്നും വ്യത്യസ്തമായ രീതിയിൽ വിഷുക്കളിയുമായി ഇവർ നാട്ടുവഴിയിലൂടെ നീങ്ങും. കേരള-കർണ്ണാടക അതിർത്തിഗ്രാമമായ തോൽപ്പെട്ടി, ബാവലി തുടങ്ങിയ സ്ഥലങ്ങളിൽ നിന്നാണ് ഇവർ വരുന്നത്. കണിക്കൊന്ന ശരീരമാകെ വെച്ചുകെട്ടി,



പാലം കടന്നാൽ അക്കരെ കാടിറമ്പങ്ങളിൽ കാട്ടുനായ്ക്കരുടെ സങ്കേതമായി. വിഷു മുന്നിലെത്തിയതോടെ അവിടെ കോൽക്കളിയുടെ ഒരുക്കമായി. ഏഴുനാൾ വ്രതമെടുത്ത കോലധാരികളുടെ, പെരുമാളിനെ പ്രകീർത്തിച്ചുള്ള ഉച്ചത്തിലുള്ള പാട്ട് അകലെ കേൾക്കാം. നട്ടുച്ച വെയിലിലാണ് അയ്യപ്പൻമൂലയിൽ നിന്നും വേഷമണിഞ്ഞ ഇരുപതോളം പേരടങ്ങുന്ന കാട്ടുനായ്ക്ക സംഘം മൂപ്പന്റെ അനുഗ്രഹം വാങ്ങി വീടുകൾ കയറാനിറങ്ങുക. പെടലാടിയിലെ ക്ഷേത്രമുറ്റത്ത് നിന്നും കോൽക്കളിക്ക് തുടക്കമാകും. ഒരാണ്ടിന്റെ കാർഷിക സമൃദ്ധിക്കായാണ് കാടിനുള്ളിൽ നിന്നും ഓരോ വീട്ടുമുറ്റത്തേക്കും ഇവർ പുറപ്പെട്ടിറങ്ങുന്നത്. സന്ധ്യയാകുന്നതുവരെയും ഓരോ വീട്ടുമുറ്റത്തും പാട്ടുപാടി താളത്തിൽ ഇവർ കോലടിക്കും. മുഖത്തും ശരീരമാകെയും കറുപ്പും വെളുപ്പും ചായമെഴുതി, അരയിൽ കൊന്നപ്പൂക്കളും മണികളും കെട്ടി, കണിക്കൊന്ന കിരീടമണിഞ്ഞ കോമാളിവേഷക്കാരനും സ്ത്രീവേഷവുമാണ് കോൽക്കളി സംഘത്തിന് നേതൃത്വം നൽകുന്നത്. ഒന്നിലധികം പാട്ടുകൾ

> **പെടലാടിയിലെ ക്ഷേത്രമുറ്റത്ത് നിന്നും കോൽക്കളിക്ക് തുടക്കമാകും. ഒരാണ്ടിന്റെ കാർഷിക സമൃദ്ധിക്കായാണ് കാടിനുള്ളിൽ നിന്നും ഓരോ വീട്ടുമുറ്റത്തേക്കും ഇവർ പുറപ്പെട്ടിറങ്ങുന്നത്**

അതുകൊണ്ടുതന്നെ കിരീടമണിഞ്ഞ്, മുഖത്താകെ ചായമെഴുതിയാണ് ഇവർ താളത്തിനൊത്ത് ചുവടുമായി ഇറങ്ങുക. പത്തിരുപത് പേർ അണിനിരക്കുന്ന സംഘം. ഒരു മുഴം നീളത്തിലുള്ള കമ്പ് എല്ലാവരുടെയും കൈയിലുണ്ടാകും. കന്നടയും തെലുങ്കും ഇടകലർന്ന ലിപിയില്ലാത്ത ഗോത്രഭാഷയിൽ ഇവർ വിഷുപ്പാട്ട് പാടി കോൽക്കളി (കോടാങ്കിയാട്ടം) തുടങ്ങും. ചടുലമായി വലംചുറ്റി ദൈർഘ്യമേറിയ വിഷുക്കളി അങ്ങിനെ ഈ നാടിന്റെ വീട്ടുമുറ്റത്ത് അരങ്ങേറുന്നു.

## ചിലങ്കയണിഞ്ഞ് കോടാങ്കിയാട്ടം

തിരുനെല്ലിയിലെ പോത്തുമൂലയിൽ നിന്നും കാളിന്ദിക്ക് കുറുകെ ഉണ്ടറ

പാടും. ഏറ്റവും ഒടുവിൽ ധൂരി... ധൂരി... പാടി വീട്ടുകാരിൽ നിന്നും ദക്ഷിണ വാങ്ങിയാണ് ഇവർ പടിയിറങ്ങുക. ഗ്രാമാന്തരങ്ങൾ പിന്നിട്ട് വിഷുത്തലേന്ന് രാത്രിയിലാണ് ഇവർ തിരുനെല്ലി പെരുമാളിന്റെ സന്നിധിയിലെത്തുക. വിഷുവിന് ഒരാഴ്ച മുമ്പാണ് കാട്ടുനായ്ക്കർ കോടാങ്കിയാട്ടത്തിന് വ്രതാനുഷ്ഠാനങ്ങളോടെ ഒരുങ്ങുക. പെരുമാളിന്റെ അനുഗ്രഹം വാങ്ങി മൂപ്പൻ വെട്ടി നൽകുന്ന





വലിയ മുളങ്കമ്പുമായി ഇവർ കോൽക്കളി തുടങ്ങും. ശിവപാർവ്വതിമാരെ സങ്കൽപിച്ച് സ്ത്രീവേഷം കെട്ടിയ പുരുഷന്മാരും കൂടെയുണ്ടാകും. ദക്ഷിണയായി സ്വീകരിച്ച തുകയെല്ലാം പെരുമാളിന്റെ സന്നിധിയിലെത്തി വിഷു ദിവസം കണികണ്ട് ഇവർ വീതിച്ചെടുക്കും. അരിയും മറ്റു സാധനങ്ങളും എല്ലാവരുമായി പങ്കുവെക്കും.

## കാടിന്റെ ചെപ്പിലെ പാട്ടുകാർ

കാർഷിക ഉത്സവമായ വിഷുവിന്റെയും കാടിന്റെയും കാഴ്ചകളാണ് ഇവരുടെ പാട്ടുകളിൽ. ഒരുകാലത്ത് വന്യമൃഗങ്ങളെ വേട്ടയാടിയും വനവിഭവങ്ങൾ ശേഖരിച്ചും തേനെടുത്തും ജീവിതം പൂരിപ്പിച്ച കാട്ടുനായ്ക്കരുടെ ജീവിതം തന്നെയാണ് പാട്ടിലൂടെ പറയുന്നത്. എണ്ണമറ്റ ഈണത്തിലുള്ള പാട്ടുകൾ ഇവർക്ക് മനഃപാഠമാണ്. മുതിർന്ന തലമുറ പുതിയ തലമുറകളിലേക്ക് ഇവയെല്ലാം സസൂക്ഷ്മം കൈമാറുന്നു.

കർണ്ണാടകയിൽനിന്നും മറ്റും ആക്രമണങ്ങളെ ഭയന്ന് ഒരുകാലത്ത് പലായനം ചെയ്തവരാണ് വയനാടൻ അതിർത്തികളിലെ കാടിനുള്ളിൽ എത്തിച്ചേർന്നത്. കർഷകനാടിന്റെ അനുഷ്ഠാനങ്ങളെല്ലാം പിന്നീട് ഇവരും സ്വീകരിക്കുകയായിരുന്നു. ജന്മിമാരുടെ കൃഷിയിടത്തിൽ പണിയാളുകളായി ഇവർകാടിനുള്ളിൽ നിന്നും പുതിയ ജീവിതം കണ്ടെത്തി. കാലക്രമത്തിൽ ഇവർ ഭൂമി ഉടമകളായി. ഇപ്പോൾ നല്ല വീടുകളുമായി. കാലം മാറിയെങ്കിലും കാർഷിക സമൃദ്ധിയുടെ ഇന്നലെകളെ ഇവർ അനുഷ്ഠാനങ്ങളിലൂടെ തിരികെ പിടിക്കുന്നു. നെല്ലും അരിയുമെല്ലാം ദക്ഷിണയായി സ്വീകരിച്ച് ഇവർ ഇല്ലാത്തവർക്കായി വീതിച്ചു നൽകുന്നു.

## തിരുനെല്ലിയുടെ പുണ്യം

വയനാടൻ ഗോത്രഭൂമിയിലാണ് തെക്കൻ കാശി എന്നറിയപ്പെടുന്ന തിരുനെല്ലി. ഇവിടുത്തെ വിഷുക്കാഴ്ചകളും കാർഷിക വയനാടിന്റെ സമൃദ്ധിയാണ്. വനമധ്യത്തിലെ ക്ഷേത്രത്തിൽ അതിരാവിലെ കണികാണാനായി തലേദിവസംതന്നെ നിരവധിയാളുകൾ എത്തിച്ചേരാറുണ്ട്. പണ്ട് പരിമിതമായ സൗകര്യങ്ങൾ മാത്രമുണ്ടായിരുന്നതിനാൽ തിരുനെല്ലി നിവാസികൾ സ്വന്തം വീടുകളിൽ താമസത്തിന് സൗകര്യമൊരുക്കിയിരുന്നു.

## നാട്ടുനന്മയുടെ അടയാളം

കാലം അതിവേഗം പഴമയെ മായ്ച്ചുകളയുമ്പോൾ ഓർത്തുവെക്കാൻ ഇതുപോലെ ചിലത് മാത്രമാണ് തിരുനെല്ലിയിൽ അവശേഷിക്കുന്നത്. വനഗ്രാമങ്ങളിൽ അനുഷ്ഠാനങ്ങൾ ഒരുപാടുണ്ടായിരുന്നു. കാലത്തിന്റെ കുത്തൊഴുക്കിൽ പലതും അന്യമായി. എഴുതപ്പെടാതെയും കൈമാറാതെയും ഇവർക്കിടയിലെ പാട്ടുകൾ പലതും വിസ്മൃതിയിലാവുകയാണ്. പഴയ തലമുറ കൂടി മറയുമ്പോൾ ഈ കാഴ്ചകളൊക്കെ നാടിന്റെ ഓർമ്മകളാവും. കാട് കാഴ്ചകളുടെ മാത്രമല്ല, അനുഷ്ഠാനങ്ങളുടെയും കലവറയാണ്. ■



# കളിമേളങ്ങളുടെ അവധിക്കാലം

പരീക്ഷകളുടെ ചൂടടങ്ങി. സ്കൂൾ മണിയൊച്ചകളുടെ ചതുരവടിവിൽ നിന്ന് ദിവസങ്ങൾക്ക് മോചനമായി. ഇതാ മറ്റൊരു അവധിക്കാലം. എല്ലായ്പ്പോഴും കളികളുടേത് മാത്രമാവില്ല ഈ സമയം. സിലബസിനപ്പുറമുള്ള പല പഠനങ്ങൾക്കും പുതിയ കലകളും കായികവിനോദങ്ങളും പരിശീലിക്കാനും ഈ സമയമാണ് മാറ്റിവെക്കുന്നത്. അത് അവധിക്കാലത്തിന്റെ ഒരു പങ്ക് അപഹരിക്കുന്നുവെന്നത് സത്യം തന്നെ. എങ്കിലും കുട്ടിക്കാലം അന്യമാകുവോളം കളികളും ഒത്തുചേരലുകളും ചുറ്റുമുള്ള കൊച്ചുലോകത്തെ വലിയ കാര്യങ്ങൾ ഗ്രഹിക്കലുമൊന്നും ഇല്ലാതാകില്ലല്ലോ. കുഞ്ഞുങ്ങൾ ചുറ്റുവട്ടത്തെ പാടവും കുളവും മാവും തോട്ടുമെല്ലാം സ്വന്തമാക്കുന്ന കൂട്ടുചേരലിന്റെ, പൊട്ടിച്ചിരിയുടെ, ഉത്സാഹത്തിന്റെ, ഈ നല്ല ദിവസങ്ങൾ അവരുടെ നാളെയുടെ പരിശ്രമങ്ങൾക്ക് കരുത്താണ്





ഫോട്ടോ രഞ്ജിത് ബാലൻ



# ഹോ! എന്തൊരു ചൂട്

## ചൂടാം മുൻകരുതലിന്റെ കുട

കത്തുന്ന വെയിലിൽ നാടും നഗരവും തലയിൽ കൈ വയ്ക്കുമ്പോൾ ഇതിനിനി കുറവൊന്നുമുണ്ടാകില്ലെന്ന് കണക്കുകളും സാക്ഷ്യപ്പെടുത്തുന്നു. കഴിഞ്ഞ ഒന്ന് രണ്ടു പതിറ്റാണ്ടുകളായി അന്തരീക്ഷതാപം ക്രമാതീതമായി ഉയരുന്നതിനിടെ കേരളത്തിലെ കനത്ത ചൂടിന്റെ കാരണങ്ങളിലൊന്ന് അർബൻ ഹീറ്റ് ഐലൻഡ് (യുഎച്ച്ഐ) പ്രതിഭാസമാണെന്ന വാർത്തകളും പുറത്തുവന്നു. കൊടും വേനലിൽ മനസ്സും ശരീരവും വേവുമ്പോൾ അൽപ്പമൊന്ന് ശ്രദ്ധിച്ചാൽ ഒട്ടനവധി ആരോഗ്യ പ്രശ്നങ്ങൾ ഒഴിവാക്കാം.

- പകൽ 11 മുതൽ 3 വരെ നേരിട്ട് ശരീരത്തിൽ കൂടുതൽ സമയം തുടർച്ചയായി സൂര്യപ്രകാശം ഏൽക്കുന്നത് ഒഴിവാക്കണം.
- ദാഹമില്ലെങ്കിലും വെള്ളം കുടിക്കുക. നിർജലീകരണം തടയാൻ കുടിവെള്ളം കൈയിൽ കരുതുക.
- നിർജലീകരണമുണ്ടാക്കുന്ന മദ്യം, കാപ്പി, ചായ, കാർബണേറ്റഡ് സോഫ്റ്റ് ഡ്രിങ്കുകൾ തുടങ്ങിയ പാനീയങ്ങൾ ഒഴിവാക്കുക.
- അയഞ്ഞ, ഇളം നിറത്തിലുള്ള കോട്ടൺ വസ്ത്രങ്ങൾ ധരിക്കുക.
- പഴങ്ങളും പച്ചക്കറികളും ധാരാളമായി കഴിക്കുക.
- മാർക്കറ്റുകൾ, കെട്ടിടങ്ങൾ, മാലിന്യശേഖരണ-നിക്ഷേപ കേന്ദ്രങ്ങൾ (ഡംപിങ് യാർഡ്) തുടങ്ങിയ ഇടങ്ങളിൽ തീപിടുത്തങ്ങൾ വർധിക്കാനുള്ള സാധ്യത കൂടുതലായതിനാൽ ഇവയോട് ചേർന്ന് താമസിക്കുന്നവരും സ്ഥാപനങ്ങൾ നടത്തുന്നവരും ജാഗ്രത പാലിക്കണം.
- കിടപ്പ് രോഗികൾ, പ്രായമായവർ, ഗർഭിണികൾ, കുട്ടികൾ, ഭിന്നശേഷിക്കാർ, മറ്റ് രോഗങ്ങൾ മൂലമുള്ള അവശത അനുഭവിക്കുന്നവർ തുടങ്ങിയവർ പകൽ 11 മുതൽ 3 വരെ നേരിട്ട് സൂര്യപ്രകാശം ഏൽക്കാതെയിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.
- ഇരുചക്ര വാഹനങ്ങളിൽ ഓൺലൈൻ ഭക്ഷണ വിതരണം നടത്തുന്നവർ ഉച്ച സമയത്ത് സുരക്ഷിതരാണെന്ന് അതാത് സ്ഥാപനങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്.
- യാത്രയിലേർപ്പെടുന്നവർ ആവശ്യമായ വിശ്രമത്തോടെ യാത്ര തുടരുന്നതാകും നല്ലത്. വെള്ളം കൈയിൽ കരുതുക.
- നിർമാണത്തൊഴിലാളികൾ, കർഷകത്തൊഴിലാളികൾ, വഴിയോരക്കച്ചവടക്കാർ, മറ്റേതെങ്കിലും കാഠിന്യമുള്ള ജോലികളിൽ ഏർപ്പെടുന്നവർ എന്നിവർ ജോലി സമയം ക്രമീകരിക്കണം.
- ഉച്ചവെയിലിൽ കന്നുകാലികളെ മേയാൻ വിടുന്നതും മറ്റു വളർത്തുമൃഗങ്ങളെ വെയിലത്ത് കെട്ടിയിടുന്നതും ഒഴിവാക്കണം. മൃഗങ്ങൾക്കും പക്ഷികൾക്കും ജലലഭ്യത ഉറപ്പാക്കുക. ■

**അവലംബം : ആരോഗ്യവകുപ്പ് മാർഗ നിർദേശങ്ങൾ**



# സൂക്ഷിക്കുക അൾട്രാ വയലറ്റ്

സംസ്ഥാനത്ത് ചൂടിനൊപ്പം യു.വി (അൾട്രാ വയലറ്റ്) തരംഗങ്ങളുടെ സൂചികയും ഉയരുന്നുണ്ട്. ഇതിനാൽ പുറം ജോലികളിൽ ഏർപ്പെടുന്നവർ, മത്സ്യത്തൊഴിലാളികൾ, ജല ഗതാഗത മേഖലയിലുള്ളവർ, ബൈക്ക് യാത്രക്കാർ എന്നിവർ മുൻകരുതലെടുക്കണം. പകൽ പത്തു മുതൽ മൂന്നു വരെയാണ് അൾട്രാ വയലറ്റ് സൂചിക ഏറ്റവും ഉയർന്ന നിലയിൽ രേഖപ്പെടുത്തുന്നുന്നത്. ഈ സമയങ്ങളിൽ നേരിട്ട് വെയിൽ എൽക്കുന്നത് പരമാവധി ഒഴിവാക്കണം.

Date of Publication: **01.04.2026** KERMAL2014/58028 Price: **12.00** Reg. No. KL/TV(N)/660/2022-2024


# ആധികാരിക വാർത്തകൾ, അറിയിപ്പുകൾ റിസൾട്ടുകൾ ഇനി വിരൽത്തുമ്പിൽ




Available on the App Store

GET IT ON Google Play

# PRD LIVE App
# പി.ആർ.ഡി ലൈവ്

**OFFICIAL MOBILE APP FROM INFORMATION PUBLIC RELATIONS DEPARTMENT, KERALA**

/Keralainformation /iprdkerala Prdlive App

കേരള സർക്കാർ
ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്


Printed and Published by T V Subhash IAS, Director, Information Public Relations Department of behalf of Government of Kerala and Printed at Akshra Offset, Thiruvananthapuram, Kerala. Published from Information Public Relations Department, Govt. of Kerala Government Secretariat, Thiruvananthapuram 695001. Editor: TV Subhash IAS